# പ്രഥമ തദ്ദേശീയ സന്ന്യാസിനീസമൂഹം സ്ഥാപക

---

സി. ഡോ. സൂസി കിണറ്റിങ്കൽ സി.ടി.സി.

—— കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസോസിയേഷൻ ——

**Pradhama Taddesiya**
**Sanyasini Samooham Sthapaka**
(Malayalam)

Author : Sr. Dr. Sucy Kinattingal CTC

Published by : Kerala Latin Catholic History Association
House of Providence
Cochin - 682 018

Copy Right to the author

First Published : January 2012

Cover Design : Fr. John Capistan Lopez

Printed at : Vimala Press, Kakkanad

Price : ₹ 60/-

# ആശംസ

**ച**രിത്രം സത്യമാണ് അത് അന്യൂനമായി വരുംതലമുറയിലേക്ക് എത്തിക്കാൻ ചരിത്രം രേഖപ്പെടുത്തുന്നവർക്കു കഴിയണം. ഓരോ സന്ന്യാസസമൂഹത്തിന്റെയും സ്ഥാപകസിദ്ധിയും സ്ഥാപനചരിത്രവും പൈതൃകമായി സൂക്ഷിക്കാനുള്ളതാണ്. കേരളത്തിലെ ആദ്യസന്ന്യാസിനിയും ആദ്യസന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകയുമായ ദൈവദാസി മദർ ഏലീശ്വയുടെനാമം കേരളസമർപ്പിതർ എന്നും മനസ്സിൽ സൂക്ഷിക്കേണ്ടതാണ്. സി.റ്റി.സി, സി.എം.സി സഭകളുടെ ഉറവിടമായ റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ സ്ഥാപക ദൈവദാസി മദർ ഏലീശ്വയാണെന്ന ചരിത്രസത്യം ആധികാരികമായ തെളിവുകളോടെ സ്ഥാപിക്കുന്നതാണ് "*Servant of God Mother Eliswa, the Foundress of TOCD (CTC & CMC) for women. The Critical Study of the History of Foundation (1866-1913)*" എന്ന ഡോ.സി.സൂസിയുടെ പുസ്തകം. റോമിലെ പ്രശസ്തമായ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലെ തിരുസഭാചരിത്രവിഭാഗത്തിൽ, ഈ വിഭാഗത്തിന്റെ തലവനായ പ്രൊഫ. നോർമൻ റ്റാനറിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി പരസ്യമായി ഡിഫൻഡുചെയ്യപ്പെട്ട ഗവേഷണ പ്രബന്ധമാണ് ഇത്. ആത്മാർത്ഥമായ പരിശ്രമവും അതിനെക്കാൾ ഉപരി കൈയെഴുത്തുപ്രതികളുടെ പ്രബലമായ തെളിവുകളും ഈ ഗ്രന്ഥത്തിന് ഒരു മുതല്ക്കൂട്ടാണെന്നുപറയാതെ വയ്യ. ഈ പുസ്തകത്തിനെതിരേ, സി.എം.സി, സി.എം.ഐ സഭകളുടെ പ്രതിഷേധമെന്ന നിലയിൽ, ബഹു. ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ യുടെ ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും എന്ന ചെറിയ ഒരു മലയാള പുസ്തകം സൗജന്യമായി എല്ലാ സന്ന്യാസഭവനങ്ങളിലേക്കും വൈദികമേലദ്ധ്യ

ക്ഷന്മാർക്കും മറ്റും അയച്ചുകൊടുത്തുകൊണ്ടിരിക്കുകയാണ്. പന്തല്ലാക്കൽ അച്ചന്റെ പുസ്തകത്തിലെ ഒട്ടുമിക്ക പ്രസ്താവനകളും സത്യം വളച്ചൊടിച്ച രീതിയിലാണ് പരാമർശിച്ചിട്ടുള്ളത്. പല ഉദ്ധരണി കളും പരസ്പരവിരുദ്ധമായി കാണുന്നു. ഉദാഹരണത്തിന്, പേജ് നമ്പർ പതിന്നാലിലും അറുപത്തിനാലിലും പറഞ്ഞിരിക്കുന്നത് പരസ്പര വിരുദ്ധമായ കാര്യങ്ങളാണെന്നത് സ്ഫടികതുല്യം വ്യക്തമാണ്. സി.സൂസിയുടെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന ചരിത്രരേഖകളെ ക്കുറിച്ചും അവയിലൂടെ വെളിവാകുന്ന ചരിത്ര യാഥാർഥ്യങ്ങളെ ക്കുറിച്ചും മൗനം പാലിച്ചുകൊണ്ട് അടിസ്ഥാനരഹിതമായ ആരോപ ണങ്ങളും ഗ്രന്ഥകർത്രിയെ അപകീർത്തിപ്പെടുത്തുന്ന പ്രസ്താവനകളു മായി പ്രസിദ്ധം ചെയ്തിരിക്കുന്ന പന്തല്ലാക്കൽ അച്ചന്റെ പുസ്തകം ഒരു മറുപടിയുടെ ആദരം അർഹിക്കുന്നില്ലെങ്കിലും ചരിത്രം വികലമാക്ക പ്പെടരുതെന്ന് ആഗ്രഹിക്കുന്ന അനേകരുടെ അഭ്യർഥന പരിഗണിച്ചാണ് ഇപ്പോൾ ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. സത്യം എന്നേക്കു മായി മറഞ്ഞിരിക്കുന്നില്ല. സത്യം വിജയിക്കട്ടെ! ഇതാണ് എന്റെ പ്രാർ ത്ഥന. ഈ ഉദ്ദേശ്യത്തോടും മനോവികാരത്തോടും കൂടെത്തന്നെയാണ് സി.സൂസി തന്റെ പുസ്തകം തയ്യാറാക്കിയിരിക്കുന്നത് എന്ന ബോധ്യം എനിക്കുണ്ട്. ഈ കൊച്ചുപുസ്തകം അപഗ്രഥിച്ചതിൽ അതിലെ പല ആശയങ്ങളിലും ഒരു സത്യാന്വേഷിയുടെ ഹൃദയസ്പന്ദനം ഞാൻ കേൾക്കുന്നു. റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ ചരിത്രവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങളും അവ്യക്തതകളും നീക്കാൻ ഈ കൊച്ചുപുസ്തകം പര്യാപ്തമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു; ഒപ്പം സി. സൂസിക്ക് അഭിനന്ദനങ്ങൾ!

**സി. ഡാഫിനി സി.ടി.സി.**
സുപ്പീരിയർ ജനറൽ
സി.റ്റി.സി ജനറലേറ്റ്, ഇടപ്പള്ളി



## കൃതജ്ഞത

**എ**ന്റെ ഡോക്ടറൽ പ്രബന്ധത്തോടുള്ള സി.എം.ഐ. സഭയുടെ പ്രതികരണത്തിന്റെ ഭാഗമായി ''ചാവറയച്ചനും തദ്ദേശീയ സന്ന്യാസ സഭകളും'' എന്ന പുസ്തകം ഫാ. തോമസ് പന്തല്ലാക്കൽ സി.എം.ഐ. സൗജന്യമായി വിതരണം ചെയ്ത പശ്ചാത്തലത്തിലാണ് ഈ മലയാള പുസ്തകം രൂപപ്പെട്ടത്. ഇതിനു പിന്നിൽ ചരിത്രകുതുകികളായ അനേ കരുടെ പ്രോത്സാഹനവും പിന്തുണയുമുണ്ട്. ചരിത്രം വികലമാക്കപ്പെ ടാതെ വരുംതലമുറയ്ക്കു ലഭിക്കണമെന്ന എന്റെ നിയോഗത്തോട് തങ്ങ ളുടെ പിന്തുണയും ചേർത്ത് പ്രോത്സാഹിപ്പിച്ച എല്ലാവർക്കും നന്ദി.

റ്റി.ഒ.സി.ഡി (സി.എം.സി, സി.റ്റി.സി.) ചരിത്രം സത്യത്തിന്റെ പ്രകാ ശത്തിൽ ജനങ്ങളിലേക്കെത്തിക്കാനുള്ള വിനീതയജ്ഞത്തെ നിറഞ്ഞമനസ്സോടെ എന്നും പിന്തുണച്ചിട്ടുള്ള പ്രിയ ബഹുമാനപ്പെട്ട മദർ ജനറലിനും സി.റ്റി.സിസഭയിലെ എന്റെ പ്രിയസഹോദരിമാർക്കും നന്ദി. ഈ പുസ്തകത്തിന് വിശദീകരണദക്ഷവും ദീർഘവുമായ ഒരു ആമുഖം തയ്യാറാക്കിയ, സഭാചരിത്രത്തിലെ എന്റെ ആദ്യഗുരുവായ ഇഗ്നേഷ്യസ് ഗൊൺസാൽവസ് സാറിന് ഹൃദയം നിറഞ്ഞ നന്ദി. ഇതിന് ചരിത്ര പരമായ ഒരു അവലോകനം തയ്യാറാക്കിയ, തിരുസഭാചരിത്രത്തിൽ എന്റെ പ്രൊഫസർ കൂടിയായ റവ. ഡോ. ഫ്രാൻസിസ് പേരേപ്പറമ്പിൽ ഒ.സി.ഡി ക്കും നന്ദി പറയുന്നു. ഡിഫൻസിൽ പങ്കെടുത്ത വ്യക്തി എന്ന നിലയിൽ ഡിഫൻസിനോടനുബന്ധിച്ചുണ്ടായ അടിസ്ഥാനമില്ലാത്ത ആരോപണങ്ങളെക്കുറിച്ച് തന്റെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയയച്ച ആഗോള നിഷ്പാദുകകർമ്മലീത്താസഭയുടെ ഡെഫിനിറ്റർ ജനറൽ റവ.ഡോ.അഗസ്റ്റിൻ മുള്ളൂരച്ചന് സ്നേഹത്തോടെ നന്ദി. എന്റെ ഡോക്ട റേറ്റ് പഠനകാലത്ത് ചരിത്രപരമായ ചർച്ചകളിലൂടെയും നിർദ്ദേശങ്ങളി

ലൂടെയും വളരെയധികം സഹായിച്ച വ്യക്തിയാണ് ഇറ്റലിയിലുള്ള ലത്തീൻ കത്തോലിക്കരുടെ നാഷണൽ കോ-ഓർഡിനേറ്റർ ഡോ. ആന്റണി ജോർജ്ജ് പാട്ടപ്പറമ്പിൽ. എന്റെ ഡിഫൻസിൽ സംബന്ധിച്ച വ്യക്തിയെന്ന നിലയിൽ, അബദ്ധപ്രചാരണങ്ങൾക്കെതിരേയുള്ള പ്രതികരണം തന്റെ ധാർമ്മിക ഉത്തരവാദിത്വമായിക്കണ്ട അദ്ദേഹത്തിനും നന്ദി.

ചരിത്രം സത്യമാണ്. അതു വികലമാക്കപ്പെടരുത് എന്ന അഭിപ്രായത്തോടെ പ്രോത്സാഹിപ്പിച്ച എല്ലാവർക്കും നന്ദിയർപ്പിച്ചുകൊണ്ട്,

**സിസ്റ്റർ സൂസി കിണറ്റിങ്കൽ സി.റ്റി.സി.**
സെന്റ് ജോസഫ്സ് വിദ്യാഭവൻ



## അവതാരിക

### സത്യം ഏവരെയും സ്വതന്ത്രരാക്കട്ടെ

'അസത്യം' ആയിരം വട്ടം ആവർത്തിച്ചുറപ്പിക്കുന്നതോടെ അത് സത്യമാണെന്നു ജനം (തെറ്റി) ധരിച്ചുകൊള്ളുമെന്ന തിയറി അഡോൾഫ് ഹിറ്റ്ലറുടെ പ്രചാരണമന്ത്രി ജോസഫ് ഗീബൽസിന്റേതാണ്. ഈ വ്യാമോഹത്തിന് അടിപ്പെട്ടവരും അതിന്റെ ഉപാസകരും അവരവരുടെ അജൻഡകളുമായി എവിടെയും എക്കാലത്തും ഉണ്ട്.

കാര്യസിദ്ധിക്ക് അസത്യങ്ങളെക്കാൾ അർദ്ധസത്യങ്ങളാണ് അവർ പലപ്പോഴും ആയുധമാക്കാറുള്ളത്. ഒരു കെണിയുടെ ആകർഷകത്വവും കാര്യക്ഷമതയും അർദ്ധസത്യങ്ങൾക്കുണ്ട്. സെലക്ടീവ് തമസ്കരണങ്ങൾ വിദഗ്ദ്ധമായി നടത്തി ചമച്ചെടുക്കുന്ന അർദ്ധസത്യങ്ങളിലേക്ക് ഭാവന കെട്ടഴിച്ചുവിടുകകൂടി ചെയ്താൽ സംഗതി കൂടുതൽ കേമമാകും. ഇതിന് ഒന്നാന്തരം ഉദാഹരണമാണ് ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ.യുടെ രചനകൾ. വിശേഷിച്ചും, 'ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും' എന്ന 64 പേജ് ഉള്ള പുസ്തകം.

വിശാലഹൃദയനും ഉദാരമനസ്കനുമായി ഗ്രന്ഥകാരൻ ഭാവിക്കുന്നുണ്ടെങ്കിലും അതിരില്ലാത്ത അസഹിഷ്ണുതയും അക്കദമികമായ തുറവില്ലായ്മയും ഈ കൊച്ചുപുസ്തകത്തിന്റെ ഓരോ താളിലും തല നീട്ടി നില്ക്കുന്നത് ആർക്കും ഒറ്റനോട്ടത്തിൽ കാണാനാകും. അദ്ദേഹത്തിന്റെ പ്രായത്തിനോ വൈദിക-സന്ന്യസ്തപദവിക്കോ ചേരാത്ത അപക്വസമീപനങ്ങളുടെ ദൃഷ്ടാന്തങ്ങൾ ഒന്നും രണ്ടുമല്ല ഈ ഗ്രന്ഥത്തിൽ. അന്തഃസാരശൂന്യങ്ങളായ പ്രയോഗങ്ങളും സമൃദ്ധമാണ്. സ്ത്രീത്വത്തെയും സ്ത്രീയുടെ ആത്മീയശേഷികളെയും അതിന്റെ സാധ്യതകളെയും നിസ്സാരവത്കരിക്കാനോ പാടേ നിഷേധിക്കാനോ ഉള്ള മർക്കട

മുഷ്ടിയും ഫലത്തിൽ അദ്ദേഹം കാട്ടുന്നുണ്ട്. ഇതെപ്പറ്റി വിശദമായി പിന്നാലേ പറയാം.

കേരളത്തിലെ പ്രഥമ സന്ന്യാസിനീസമൂഹമായ റ്റി.ഒ.സി.ഡി.യുടെ സ്ഥാപക ദൈവദാസി മദർഏലീശ്വ ആണെന്ന സത്യം, ഏലീശ്വാമ്മ യുടെ നാമകരണ പരിപാടികളുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് പല തവണ ഉദ്ഘോഷിക്കപ്പെട്ടതാണ് പന്തപ്ലാക്കൽ അച്ചനെ പ്രകോപിപ്പിച്ച ത്. ഈ സന്ന്യാസിനീസഭ ഉൾപ്പെടെ, മലയാളക്കരയ്ക്കുണ്ടായ സർവ നന്മകളുടെയും ദാതാവ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാ സച്ചനാണെന്ന് എത്രയോകാലമായി തത്പരകക്ഷികൾ പ്രചരിപ്പിച്ചു വരു കയായിരുന്നു.

റ്റി.ഒ.സി.ഡി. എന്ന തായ്ത്തടിയിൽ നിന്നു പിറന്നതാണ് സി.റ്റി. സി (ലത്തീൻ), സി.എം.സി (സീറോ മലബാർ) എന്നീ സന്ന്യാസിനീ സമൂഹങ്ങൾ. സ്ഥാപകയായ ഏലീശ്വാമ്മയെ തമസ്കരിച്ചുകൊണ്ട് സി. എം.ഐ ലൈനിൽ ചാവറപ്പിതാവിന് സ്ഥാപകപദവി കല്പിച്ചുപോരുന്ന സി.എം.സി സഭയാകട്ടെ, അടുത്തകാലത്ത് ലെയോപ്പോൾഡ് മിഷണ റിക്ക് സഹസ്ഥാപകപദവി ഔദാര്യപൂർവം അനുവദിച്ചുനല്കിയിട്ടുണ്ട്! റ്റി.ഒ.സി.ഡിയുടെ സ്ഥാപകൻ ലെയോപ്പോൾഡ് മിഷണറിയാണെന്ന ഒറ്റ പ്പെട്ട ഒരു അവകാശവാദവും അടുത്തകാലത്ത് ഉന്നയിക്കപ്പെട്ടി ട്ടുണ്ട്.

ഇതിനിടെയാണ് മേല്പറഞ്ഞവർ കേവലം ഉപകാരികളോ ഉപക രണങ്ങളോ ആണെന്നും റ്റി.ഒ.സി.ഡി സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപക ദൈവദാസി മദർഏലീശ്വയാണെന്നും ശക്തിയുക്തം ആവർ ത്തിച്ചുറപ്പിച്ചുകൊണ്ട് സിസ്റ്റർ ഡോ.സൂസി കിണറ്റിങ്കൽ സി.റ്റി.സി യുടെ ഗവേഷണപ്രബന്ധം ഇറങ്ങുന്നത്. സഹായികളും അനുഭാവികളുമായി മറ്റനേകം പേർ ഉണ്ടായിരുന്നെന്നും സിസ്റ്റർ സൂസി ചൂണ്ടിക്കാട്ടുന്നുണ്ട്.

റോമിലെ ഗ്രിഗോറിയൻ സർവകലാശാലയിൽ പഠനംനടത്തി അവിടത്തെ ചരിത്രവിഭാഗത്തിൽ സമർപ്പിക്കപ്പെട്ട ഈ ഡോക്ടറൽ പ്രബ ന്ധം മുളയിലേ നുള്ളാൻ, സി.എം.ഐ, സി.എം.സി സഭകളുടെ അത്യു ന്നതങ്ങളിൽ നിന്നുണ്ടായ അസാധാരണവും ആവേശപൂരിതവുമായ ശ്രമങ്ങൾ പന്തപ്ലാക്കൽ അച്ചൻ തന്റെ പുസ്തകത്തിൽ വിവരിക്കു



ന്നുണ്ടല്ലോ. ആ ടോർപ്പിഡോകളൊന്നും, പക്ഷേ, വിലപ്പോയില്ല. പ്രബന്ധം വിജയകരമായി ഡിഫൻഡുചെയ്യപ്പെടുകയും ഗ്രന്ഥരൂപ ത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പന്തപ്ലാക്കൽ അച്ചനെ പൂർവാധികം പ്രകോപിതനാക്കിയതും കൂടു തൽ കുപിതനാക്കിയതും ഈ ഗ്രന്ഥമാണ്. കൃത്യമായി പറഞ്ഞാൽ 488 പേജ് വരുന്ന ഈ ഗ്രന്ഥത്തിന്റെ Extract ആണ്. Extract വായിച്ചു എന്നേ തന്റെ പുസ്തകത്തിൽ അച്ചൻ പറയുന്നുള്ളൂ. സിസ്റ്റർ സൂസി യുടെ ഗ്രന്ഥം മനസ്സിരുത്തി പൂർണമായി വായിക്കേണ്ടതായിരുന്നില്ലേ എന്ന ചോദ്യം സ്വാഭാവികമായി ഉയരുന്നുണ്ട്. പക്ഷേ, ഒരു അക്ക ദമികചർച്ച അപക്വവും വൈകാരികവുമാക്കാനും ഗവേഷകയായ ഒരു സന്ന്യാസിനിക്കെതിരേ വ്യക്തിഹത്യനടത്തുംവിധം പലകുറി അപക്വ പരാമർശങ്ങൾ നടത്താനും Extract മാത്രമേ വായിച്ചിട്ടുള്ളൂ എന്നത് പന്തപ്ലാക്കലച്ചന് മതിയായ ന്യായീകരണമല്ല.

പന്തപ്ലാക്കൽ അച്ചന്റെ പുസ്തകം സിസ്റ്റർ സൂസിയുടെ പ്രതിക രണംസഹിതം എനിക്കു തന്നത് സിസ്റ്റർ തന്നെയാണ്. തന്റെ പ്രതികര ണത്തിന് ആമുഖമൊഴി എഴുതണമെന്ന അഭ്യർത്ഥനയും സിസ്റ്റർ സൂസി നടത്തി. രണ്ടു കാരണങ്ങളാൽ ഞാൻ അതു സമ്മതിച്ചു. വരാപ്പുഴ, കൊച്ചി, വൈപ്പിൻകര, കൂനമ്മാവ് പ്രദേശവാസികൾക്ക് നേരിട്ടറിയാ വുന്നതും തലമുറകളായി കൈമാറിപ്പോരുന്നതുമായ സത്യങ്ങളാണ് സിസ്റ്റർ സൂസി അനാവരണം ചെയ്യുന്നത്. അവർക്ക് ഇതൊന്നും പുതിയ സത്യങ്ങളല്ല. ഞാൻ ഈ പ്രദേശത്തുകാരനാണ്. അത് ഒന്നാമത്തെ കാരണം. പോസ്റ്റുലന്റ് ആയിരുന്ന കാലത്ത് സിസ്റ്റർ സൂസിയെ ഞാൻ കേരളത്തിലെ സഭയുടെ ചരിത്രം പഠിപ്പിച്ചിട്ടുണ്ട്. അഹത്തള്ളയും റോക്കോസും മേലൂസുമൊക്കെ വന്ന് മലങ്കരയിൽ കുഴപ്പങ്ങൾ കുത്തി പ്പൊക്കുന്നതിനെപ്പറ്റിയും മറ്റും അതീവ കൗതുകത്തോടെ ശ്രദ്ധാപൂർവം കേട്ടിരുന്ന അന്നത്തെ പോസ്റ്റുലന്റ് ഇന്ന് അക്കദമിക യോഗ്യതകളുള്ള ഒരു ആധികാരിക ചരിത്രകാരിയാണെന്നത് ഏതു ഗുരുവിനെയാണ് അഭി മാനപൂരിതനാക്കാതിരിക്കുക! അതുകൊണ്ട് ആ ശിഷ്യയുടെ അഭ്യർത്ഥന തള്ളുക സാധ്യമായിരുന്നില്ല. അത് രണ്ടാമത്തെ കാരണം.

ഒരു കാര്യം അടിവരയിട്ടു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വിശുദ്ധിയെയോ വിജ്ഞാനത്തെയോ മഹ

ത്ത്വത്തെയോ കേരളസമൂഹത്തിനും സഭയ്ക്കും അദ്ദേഹം നല്കിയ നിസ്തുലസംഭാവനകളെയോ സംശയിക്കുകയോ ചോദ്യം ചെയ്യുകയോ എന്റെ ലക്ഷ്യമല്ല. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധി സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. പക്ഷേ, അദ്ദേഹത്തിന്റേതല്ലാത്ത നേട്ടങ്ങളും അദ്ദേഹം ഒരിക്കലും അവകാശപ്പെട്ടിട്ടില്ലാത്ത കാര്യങ്ങളും മറ്റുള്ളവരുടേതെന്ന് അദ്ദേഹം ശ്ലാഘിച്ചിട്ടുള്ളവപോലും, അറിഞ്ഞും അറിയാതെയും അദ്ദേഹത്തിന്റെ പേരിൽ ചാർത്തപ്പെട്ടിട്ടുണ്ട് എന്ന സത്യം മറച്ചുവച്ചിട്ടു കാര്യമില്ല. റ്റി.ഒ.സി.ഡി യുടേതായാലും സി.എം.സി യുടേതായാലും സ്ഥാപകപദവി അത്തരത്തിൽ ഒരു വച്ചുകെട്ടാണ്. ''ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കു''മെന്ന് ആർക്കാണറിയാത്തത്? അക്കാര്യം ചൂണ്ടിക്കാട്ടുന്നവരുടെ നേർക്ക് കയർത്തിട്ടു കാര്യമുണ്ടോ? സി.എം.ഐ സഭയുടെ സ്ഥാപകപദവി വാഴ്ത്തപ്പെട്ട ചാവറയച്ചനു കൈവന്നതിനു പോലും ഒരു evolutionary സ്വഭാവമുണ്ടെന്നത് സി.എം.ഐക്കാരനും വിഖ്യാതചരിത്രകാരനുമായ മത്യാസ് മുണ്ടാടൻ അച്ചനെപ്പോലുള്ളവർ തന്നെ തുറന്നുസമ്മതിക്കുന്നുണ്ടല്ലോ. അത്രയുമേ അക്കാര്യത്തിൽ സിസ്റ്റർ സൂസിയും പറഞ്ഞിട്ടുള്ളൂ. അതിന് പന്തപ്ലാക്കലച്ചന്റെ പ്രതികരണം കാണുമ്പോൾ ''ഉള്ളതുപറയുമ്പോൾ തുള്ളൽ വരുക'' എന്ന ചൊല്ലാണ് ഓർമ്മവരുന്നത്.

### ചരിത്രം ചമച്ചെടുക്കാനുള്ള പാഴ്ശ്രമം

വാഴ്ത്തപ്പെട്ട ചാവറയച്ചനെ സംബന്ധിച്ച പല കാര്യങ്ങളിലും (അതുവഴി അക്കാലഘട്ടത്തിലെ സഭാചരിത്രത്തിലും) ഏച്ചുകെട്ടലുകളും വാസ്തവ വിരുദ്ധമായവ സ്ഥാപിച്ചെടുക്കലും (നുണ പറഞ്ഞു നേടുക എന്നു പച്ച മലയാളം) ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ മഹച്ചരമം മാന്നാനത്തു വച്ചായിരുന്നെന്നും, അവിടെ അടക്കപ്പെട്ടെന്നും സ്ഥാപിച്ചെടുക്കാൻനടന്ന ഭഗീരഥശ്രമം അതിലൊന്നാണ്. പൊതുജനങ്ങളുടെയും കോടതിയുടെയും ഇടപെടൽമൂലം അതു പൊളിഞ്ഞു പാളീസായി. അസത്യങ്ങളുടെയും പരുവപ്പെടുത്തപ്പെട്ട അർദ്ധസത്യങ്ങളുടെയും കോട്ടകൾക്കും ഈ ഗതി തന്നെയായിരിക്കും - അത് ഏലീശ്വാമ്മയുടേതായാലും ചാവറയച്ചന്റേതായാലും.



നിരവധി വളച്ചൊടിക്കലുകളിൽ ഒന്നായി, തമസ്കരണത്തിനു തെളിവായി ഒരുദാഹരണം എടുത്തു കാട്ടുന്നുവെന്നേയുള്ളു. ആ സംഭവം ഇങ്ങനെ: വാഴ്ത്തപ്പെട്ടവൻ ഇഹലോകജീവിതത്തിന്റെ അവസാന ഏഴുവർഷങ്ങൾ ചെലവഴിച്ചതു കൂനമ്മാവിലാണ്. 1871 ജനുവരി മൂന്നിന് കർത്താവിൽ നിദ്രപ്രാപിച്ച അദ്ദേഹത്തിന്റെ പൂജ്യശരീരം പിറ്റേന്ന് കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലത്തിന്റെ മദ്ബഹയുടെ മുൻവശത്ത് കബറടക്കി. പക്ഷേ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ളിക്കേഷൻസിന്റെ സർവവിജ്ഞാനകോശത്തിൽ റവ.ഡോ. ജേക്കബ് വെള്ളിയാൻ എഴുതിപ്പിടിപ്പിച്ചത്, മാന്നാനത്തുവച്ച് 1871 ജനുവരി മൂന്നിനു ചാവറയച്ചൻ മരണമടഞ്ഞെന്നാണ്. അങ്ങനെ, കബറടക്കം മാന്നാനം ആശ്രമദേവാലയത്തിൽ നടന്നെന്ന് അദ്ദേഹം പറയാതെ പറഞ്ഞുവച്ചു!

സർവവിജ്ഞാനകോശം ഏഴാം വാല്യം 673-ാം പേജിൽ ആയിരുന്നു ഈ വക്രീകരണകസർത്ത്. അതു ശ്രദ്ധയിൽപ്പെട്ട കുറെ ദേശവാസികൾ തെറ്റുതിരുത്തിക്കാൻ രംഗത്തിറങ്ങിയെങ്കിലും ജേക്കബ് വെള്ളിയാനച്ചൻ വഴങ്ങിയില്ല. അങ്ങനെ 1990-ൽ കേസ് കോടതിയിലെത്തി. എന്റെ സുഹൃത്തും അക്കാലത്ത് ഇന്ത്യൻ എക്സ്പ്രസ്സിന്റെ പറവൂർ ലേഖകനുമായിരുന്ന കെ.എം.ക്ലീറ്റസ് കുറുപ്പത്ത് ഈ വിവരങ്ങൾ അന്നു മലയാളമനോരമയിൽ ചീഫ് സബ് എഡിറ്ററായിരുന്ന എന്നെ അപ്പപ്പോൾ അറിയിച്ചിരുന്നത് ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്. 'തിരുത്തിക്കൽ യജ്ഞ'ത്തിനു ചുക്കാൻ പിടിച്ചവരിൽ പ്രമുഖനായിരുന്നു ക്ലീറ്റസ്. തെറ്റായ പ്രസ്താവന തിരുത്തണമെന്ന് വെള്ളിയാനച്ചനെ ഏറ്റുമാനൂരിൽ 'തൂവാനിസ'യിൽ പോയി കണ്ട് ക്ലീറ്റസും കൂട്ടരും ആവശ്യപ്പെട്ടു. വ്യക്തമായ അറിവില്ലായിരുന്നു എന്ന വിശദീകരണമാണ് അച്ചൻ നല്കിയത്. എന്നാൽ, തെറ്റു തിരുത്താൻ സന്നദ്ധനായതുമില്ല.

കോടതി കയറിയിട്ടായാലും തെറ്റു തിരുത്തിക്കണമെന്ന വാശിയിൽ ക്ലീറ്റസും കൂട്ടരും 'ചാവറ കൾച്ചറൽ അസ്സോസിയേഷൻ' രൂപവത്കരിച്ചു. വിവിധ റീത്തുകാർ മാത്രമല്ല, വിവിധ മതക്കാരും അതിൽ അംഗങ്ങളായിരുന്നു. താൻ നടത്തിയ സാഹസിക ഉദ്യമത്തെക്കുറിച്ച് ക്ലീറ്റസ് അനുസ്മരിക്കുന്നതിങ്ങനെ: ''സംഘടനയുടെ രക്ഷാധികാരി

തിരുവല്ല വൈ.എം.സി.എ. പ്രസിഡന്റ് മോഹൻ ജോസഫ് കുറുപ്പത്ത് ആയിരുന്നു. ഞാൻ അതിന്റെ പ്രസിഡന്റും. പറവൂർ മുനിസിപ്പൽ ചെയർമാൻ ടി.കെ.ഉദയഭാനുവായിരുന്നു വൈസ് പ്രസിഡന്റ്. സെക്രട്ടറിയായി എം.ടി.ജോർജ്ജ് മുക്കത്തും ട്രഷററായി ജോസ് വിതയത്തിലും *(എറണാകുളം-അങ്കമാലി അതിരൂപതാ പാസ്റ്ററൽകൗൺസിൽ സെക്രട്ടറി)* തിരഞ്ഞെടുക്കപ്പെട്ടു. ഭാരവാഹികൾ ചേർന്നാണ് ഹർജിയുമായി കോടതിയെ സമീപിച്ചത്. കൈയിൽനിന്നു പണംമുടക്കിയാണ് കേസ് നടത്തിയത്. ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് പി. ശാന്തലിംഗം, പാലാക്കാരനായ അഡ്വ.വർക്കി ജെ. കാപ്പൻ എന്നിവരാണു കേസ് വാദിച്ചത്. കേസ് വിജയിച്ചതിന്റെ ഫലമായി *(കേസ് നംബർ: ഒ.എസ്. 309/90–1990 ജൂൺ, എറണാകുളം മുൻസിഫ് കോർട്ട്)* ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവു പ്രകാരം സർവവിജ്ഞാനകോശത്തിന്റെ അടുത്ത പതിപ്പിൽത്തന്നെ തെറ്റുതിരുത്തി. തെറ്റായ വിവരം രേഖപ്പെടുത്തിയതിന് എതിർകക്ഷികൾക്കെതിരേ നടപടിയൊന്നും വേണ്ടെന്ന് ചാവറ കൾച്ചറൽ അസ്സോസിയേഷൻ ബഹുമാനപ്പെട്ട കോടതിയോട് അഭ്യർത്ഥിക്കുകയുണ്ടായി'' *(ഒലിവ് 2011, പാരിഷ് ബുള്ളറ്റിൻ, സെന്റ് ഫിലോമിനാസ് ചർച്ച്, കൂനമ്മാവ്, തിരുനാൾ സ്പെഷൽ, പേജ് 79).*

എൻസൈക്ലോപീഡിയാക് പബ്ളിക്കേഷൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, സർവ വിജ്ഞാനകോശത്തിനുവേണ്ടി ജീവചരിത്രക്കുറിപ്പു തയ്യാറാക്കിയ വടവാതൂർ സെമിനാരി പ്രൊഫസർ റവ.ഡോ.ജേക്കബ് വെള്ളിയാൻ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവരായിരുന്നു എതിർകക്ഷികൾ. ''സത്യമല്ലാത്തതൊന്നും സഭയിൽ നിലനില്ക്കാൻ പാടില്ലെന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ട്, സത്യസന്ധനും ധീരനുമായിരുന്ന ബഹു.സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവ് നന്നായി സപ്പോർട്ട് ചെയ്തു'' എന്നും ക്ലീറ്റസ് അനുസ്മരിക്കുന്നുണ്ട്. *(മേല്പറഞ്ഞ പ്രസിദ്ധീകരണം, പേജ് 79).* വാഴ്ത്തപ്പെട്ടവന്റേത് എന്നുപറഞ്ഞ് മാന്നാനത്തു വണങ്ങപ്പെടുന്ന 'തിരുശേഷിപ്പു'കളുടെ നിജസ്ഥിതി സംശയാസ്പദമാണെന്ന കാര്യവും സാന്ദർഭികമായി ഇവിടെ പരാമർശിക്കേണ്ടതുണ്ട്. അക്കാര്യം പന്തല്ലാക്കലച്ചനെപ്പോലുള്ളവർക്ക് അറിയാത്തതാവാൻ ഇടയില്ല.



## ഇല്ലായ്മയിൽ നിന്നുള്ള സൃഷ്ടികർമങ്ങൾ

പന്തല്ലാക്കൽ അച്ചൻ ഒരുപാട് കാര്യങ്ങളെക്കുറിച്ച് തന്റെ കൊച്ചു പുസ്തകത്തിൽ വൈകാരികമായി വേവലാതിപ്പെടുകയും അപക്വമായി ആവലാതിപ്പെടുകയും ചെയ്യുന്നുണ്ട്. അതിന് ഓരോന്നിനും മറുപടിപറയണമെങ്കിൽ ഓരോ പുസ്തകം എഴുതേണ്ടിവരും. തന്നെയുമല്ല, അത് അപക്വമായൊരു പ്രതികരണവുമായിരിക്കും. കാരണം, പലതും ഒരു മറുപടിയുടെ ആദരം അർഹിക്കുന്നില്ല എന്നതു തന്നെ. സി.റ്റി.സി, സി.എം.സി ശാഖകളുടെ തായ്ത്തടിയായ റ്റി.ഒ.സി.ഡി സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപക ആരെന്നതാണ് കാതലായ പ്രശ്നം. അത് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ അല്ല എന്ന് സിസ്റ്റർ സൂസി സ്ഥാപിക്കുന്നതിനെതിരേയാണ് അച്ചന്റെ കേസ്.

ആരെയെങ്കിലും ഒരു സന്ന്യാസസഭയുടെ സ്ഥാപകനോ സ്ഥാപകയോ ആയി അവരോധിക്കുന്നതിന് കാനോനികമാനദണ്ഡങ്ങൾ ഉൾപ്പെടെ നിരവധി മാനദണ്ഡങ്ങളുണ്ട്. സവിശേഷമായ വിളി ഉണ്ടായത് ആർക്കെന്നതും ആ കാരിസം ഏറ്റുവാങ്ങിയത് ആരെന്നതുമാണ് അതിന്റെ ആധാരശില. തന്റെ ഗ്രന്ഥത്തിന്റെ രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ തികച്ചും അക്കദമികമായി സിസ്റ്റർ സൂസി ഈ വിഷയം കൈകാര്യം ചെയ്ത് ഏലീശ്വാമ്മയുടെ സ്ഥാപകപദവി ആവർത്തിച്ചു സ്ഥാപിക്കുന്നുണ്ട്. വാഴ്ത്തപ്പെട്ട ചാവറയച്ചനും ലെയോപ്പോൾഡ് മിഷണറിയും ബെർണഡീൻ ബച്ചിനെല്ലി മെത്രാപ്പോലീത്തായും ഉൾപ്പെടെയുള്ളവർ നല്കിയ വിലപ്പെട്ട സഹായസഹകരണങ്ങൾ വിശകലനം ചെയ്ത് ആ ഉപകാരികൾക്ക് ചരിത്രപരമായ ആദരമർപ്പിക്കാനും സിസ്റ്റർ സൂസി ശ്രമിക്കുന്നുണ്ട്. അതിനെ തരംതാഴ്ത്തലായും നിന്ദനമായും ഭർത്സിക്കുന്നത് ആ ഭാഗങ്ങൾ മനസ്സിരുത്തി വായിക്കാത്തതുകൊണ്ടോ intellectual honesty-യുടെ കുറവുള്ളതുകൊണ്ടോ ആകാനേ തരമുള്ളൂ.

''അരിയെത്ര'' എന്ന ചോദ്യത്തിന് ''പയറഞ്ഞാഴി'' എന്ന മട്ടിൽ ഒരു രചനയാണ് പന്തല്ലാക്കലച്ചൻ നടത്തിയിട്ടുള്ളത്. രേഖകൾ വെട്ടിത്തിരുത്തിയും വായിക്കാനാവാത്തവിധം വികലമാക്കിയും ദുർവ്യാഖ്യാനിച്ചും നടത്തിയ ചരിത്രതമസ്കരണങ്ങളെക്കുറിച്ച് സിസ്റ്റർ സൂസി നിരത്തിയ തെളിവുകളെപ്പറ്റി ''കമാ''ന്നൊരക്ഷരം അച്ചൻ മിണ്ടുന്നില്ലെന്നതു ശ്രദ്ധിക്കേണ്ട കാര്യമാണ്.

''പോയാൽ ഒരു വാക്ക്, കിട്ടിയാൽ ഒരു ആന'' എന്ന മട്ടിൽ, പ്രത്യക്ഷത്തിൽ നിരുപദ്രവകരങ്ങളായ ചില പ്രയോഗങ്ങളും പന്തപ്ലാക്കലച്ചൻ നടത്തുന്നുണ്ട്. ഒന്നുരണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാം. പേജ് 31-ൽ അച്ചൻ പറയുന്നു: ''സ.അന്നയുടെ സ്ഥലത്തിന്റെ കടം ആശ്രമത്തിൽ നിന്നു തീർപ്പാനും അവിടെ ചെറിയൊരു വീടുണ്ടാക്കാനും തീരുമാനിച്ച് സ.അന്നയുടെ ഇളയപ്പനും കൊവേന്തയിലെ നടത്തിപ്പുകാരനുമായ തൊമ്മനെ വിളിപ്പിച്ച് ലെയോപ്പോൾദ് മൂപ്പച്ചനും ചാവറയച്ചനും (അടിവര എന്റേത്) ചെറിയൊരു മഠം ഉണ്ടാക്കാൻ ചുമതലപ്പെടുത്തി''.

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പേര് ഇവിടെ കൃത്രിമമായി തിരുകിക്കയറ്റിയതാണെന്ന് തൊട്ടുതാഴെ നാളാഗമത്തിൽ നിന്ന് പന്തപ്ലാക്കൽ അച്ചൻ തന്നെ നല്കുന്ന ഉദ്ധരണിയിൽ നിന്നു പകൽപോലെ തെളിയുന്നു. ''അങ്ങനെയിരിക്കയിൽ ഇവരുടെ വസ്തുവും ഇവരെ സംരക്ഷിച്ചുവരുന്ന ഈ പൈതലിന്റെ എളയപ്പൻ വരിക്ക തൊമ്മൻ എന്നവനെ മൂപ്പച്ചൻ വരുത്തി (അടിവര എന്റേത്) തിരക്കിയപ്പോൾ (ഇവിടെ ഒരു വരി കൂടുതൽ ഭാഗവും എഴുതാതെ വിട്ടിരിക്കയാണെന്ന് പന്തപ്ലാക്കൽ അച്ചൻ)... കണ്ട ആ കടങ്ങളൊക്കെയും ഇവിടെ നിന്നും തീർത്തു കൊള്ളാമെന്നും അവർക്ക് ഒരു ചെറിയ പുര ഉണ്ടാക്കണമെന്നും ആയത് നീ തന്നെ ചെയ്യിക്കണമെന്നും പറഞ്ഞതിനാൽ അവനും അപ്രകാരം അവന്റെ കെട്ടിയവളും ഏറ്റം ഭക്തിക്കാരായിരിക്കയാൽ ഇതിനു നൽമനസ്സുവച്ചുത്സാഹിച്ചു'' (ചാവറ, നാളാഗമം 127).

തുടർന്ന് കൂനമ്മാവ് നാളാഗമത്തിൽ നിന്ന് (പേജ് 6) ഭാഗികമായ ഒരു ഉദ്ധരണിയും പന്തപ്ലാക്കലച്ചൻ നല്കുന്നുണ്ട്: ''ആയതിന് സഹോദരി അന്നായുടെ വല്യപ്പന്മാരായ പൈലി, പാപ്പു ഇങ്ങനെയുള്ളവരും കൂടി ഉത്സാഹിക്കണമെന്നും കല്പിച്ചു''.

വിളിച്ചുവരുത്തിയതും നിർദ്ദേശങ്ങൾ നല്കിയതും കല്പിച്ചതുമൊക്കെ ലെയോപ്പോൾഡ് മിഷണറിയാണെന്ന കാര്യം സ്ഫടിക സ്ഫുടമാണല്ലോ. ഉറ്റസഹായിയായി വാഴ്ത്തപ്പെട്ട ചാവറയച്ചനെ അദ്ദേഹം കൂടെ കൂട്ടിയിരുന്നു എന്നും അനുമാനിക്കാം. പക്ഷേ, അതിന്റെ പേരിൽ ''മൂപ്പച്ചനും ചാവറയച്ചനും ചുമതലപ്പെടുത്തി'' എന്ന് എഴുതിവയ്ക്കുന്നത് അതിബുദ്ധിയോ അതിസാഹസമോ അല്ലേ? അതൊരു ഗീബൽസിയൻ ഉപാസനയല്ലേ?



കാര്യങ്ങളുടെ തെളിമയ്ക്കായി നാളാഗമത്തിലെ ആ ഭാഗത്തിൽ നിന്നു കുറെക്കൂടി ഉദ്ധരിക്കുന്നത് ഉപകാരപ്രദമാകുമെന്നു തോന്നുന്നു. ''...തൊമ്മനോടു മൂപ്പച്ചൻ കല്പിച്ച സ്ഥലം ചെറുതായി ഉണ്ടാക്കുവാനും ആയതിന്ന സഹോദരി അന്നായുടെ വല്യപ്പന്മാരായ പൈലി, പാപ്പു ഇങ്ങനെ ഉള്ളവരും കൂടി ഉത്സാഹിക്കണമെന്നു കല്പിക്കയും മൂപ്പച്ചൻ തന്നെ ചുറ്റിനടന്ന ഒരു സ്ഥലം കണ്ട ബൊധിച്ച എന്നാൽ ആ സ്ഥലത്തിൽ നിന്നും പള്ളിയിൽ വരുന്നതിന്നു ഏറിയ ചുറ്റുവഴിയും കൊട്ടുള്ളി (കോട്ടുവള്ളി) മുതലായ എടത്തിൽ നിന്നും വരുന്ന ആളുകളുടെ നടപ്പും ആകയാൽ ചുരുക്കമുള്ളതും വെടിപ്പുള്ളതുമായ വഴിയിടണം എന്നും നിശ്ചയിച്ച ബ:മൂപ്പച്ചൻ കാവ്യനായിരുന്ന മുതലാളിയെ വരുത്തി പറഞ്ഞ അയാളുടെ പറമ്പിനകത്തുകൂടെ വഴിയിട്ടുകൊൾവാൻ അനുവാദം വാങ്ങിക്കയും ചെയ്തു''.

ഇരുപത്തേഴാം പേജിലാണ് പന്തപ്ലാക്കൽ അച്ചൻ മറ്റൊരു സൃഷ്ടികർമ്മത്തിന് ഒരുമ്പെടുന്നത്. ഇല്ലായ്മയിൽ നിന്ന് എന്തെങ്കിലും ഉണ്ടാക്കുന്നതാണല്ലോ സൃഷ്ടി. പുത്തൻപള്ളി സെമിനാരിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വർണന കേൾക്കുക: ''മലങ്കരയിലെ പ്രാദേശിക സെമിനാരികൾ കാലാന്തരത്തിൽ നിർത്തലാക്കപ്പെട്ടു. പുത്തൻപള്ളി സെമിനാരി സെൻട്രൽസെമിനാരി ആയിത്തീർന്നു. പുത്തൻപള്ളി സെമിനാരി 1866 ആഗസ്റ്റ് 13-നു തുടങ്ങി. സെമിനാരിയുടെ പേര് The Syro-Malabar Apostolic Seminary എന്നായിരുന്നു. ഈ സെമിനാരി മലയാളത്തിലുള്ള സുറിയാനിക്കാരെ ഉദ്ദേശിച്ചാണു സ്ഥാപിതമായതെന്ന് പേരിൽ നിന്നുതന്നെ വിശദമാണല്ലോ. കാലാന്തരത്തിൽ ഈ പേരു ലോപിച്ച് St. Joseph's Apostolic Seminary എന്നായിത്തീർന്നു''. കള്ളമല്ലാതെ മറ്റൊന്ന് എള്ളോളമില്ല ഈ വിവരണത്തിൽ. Syro-Malabar എന്ന പ്രയോഗം എന്നു മുതല്ക്ക് ഉണ്ടായി എന്നെങ്കിലും അച്ചൻ ആലോചിക്കേണ്ടതായിരുന്നു.

റോമിലെ ഓറിയന്റൽ ഇൻസ്റ്റിട്യൂട്ടിലെ ഫാക്കൽറ്റി ഓഫ് ഓറിയന്റൽ കാനൻലോയിൽ നിന്ന് റവ.ഡോ. അൽഫോൺസ് കാഞ്ഞിര

ത്തിങ്കൽ സി.എം.ഐ ഡോക്ടറേറ്റ് നേടിയത്, ആർച്ച് ബിഷപ്പ് ഡോ. ബെർണഡീൻ ബച്ചിനെല്ലിയുടെ മലബാറിലെ ശുശ്രൂഷയെ ആധാരമാക്കി സമർപ്പിച്ച പ്രബന്ധത്തിലൂടെയാണ്. A Church in Struggle എന്ന തലക്കെട്ടിൽ 1984-ൽ ധർമാരാം പബ്ളിക്കേഷൻസ് പ്രസിദ്ധീകരിച്ച ആ ഗ്രന്ഥം പന്തപ്ലാക്കൽ അച്ചൻ വായിക്കാതിരിക്കാൻ തരമില്ല. വായിച്ചിട്ടില്ലെങ്കിൽ ഇനിയും വായിക്കാവുന്നതേയുള്ളൂ. സി.എം.ഐ സഭയുടെ ആർക്കൈവിസ്റ്റാണല്ലോ അച്ചൻ. The Seminary of the Latin Carmelites എന്ന ഉപശീർഷകത്തിൽ റവ.ഡോ. കാഞ്ഞിരത്തിങ്കൽ സി.എം.ഐ. പറയുന്നതു ശ്രദ്ധിക്കുക: “The Carmelite missionaries also started a seminary in 1682 at Verapoly attached to the church which they built in 1673. Owing to financial difficulties they could not run it for long. Then the Holy See came to its aid with instructions that 6 Latins and 10 Syrians should be admitted and that two paid professors be appointed for teaching the seminarians Syriac, Latin, the vernacular and their liturgies. From other sources we learn that the seminary at Alangadu for Syrians and that of Verapoly for Latins (അടിവര എന്റേത്), were united at Verapoly in 1773. But soon the Syrians on account of their nobility were unwilling to live under the same roof with the Latins (എത്ര മഹത്തായ ക്രിസ്തീയത! അതിശയചിഹ്നം എന്റേത്), eventhough they had separate quarters. Following serious conflicts between the Latins and the Syrians, the Holy See issued instructions in 1774 to give up the unification of the Latin and the Syrian seminaries. From then on, the Syrians were mostly trained in the Malpanates and in the seminary at Alengadu and few in Verapoly where they had separate quarters (അടിവര എന്റേത്). In 1866 Msgr. Bernadine shifted the Verapoly seminary to Puthanpally, where Syrians also were trained (അടിവര എന്റേത്). Puthenpally became the central seminary for the whole Malabar. In 1933 the Puthenpally seminary was shifted to Mangalapuzha”. (A. KANJIRATHINKAL, *A Church in struggle*, Dharmaram Publications, Banglore, 1984, Pages 102-103).

‘മഹാമിഷണറി’യെന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ആർച്ച് ബിഷപ്പ് ബെർണഡീൻ ബച്ചിനെല്ലിയെക്കുറിച്ച് നിവൃത്തികേടുകൊണ്ട് ഇടയ്ക്കും



തലയ്ക്കും പിശുക്കു പിടിച്ച് ഒന്നുരണ്ട് നല്ലവാക്കു പറയുന്നുണ്ടെങ്കിലും റോമൻ സഭയെ, അതായതു ലത്തീൻ സഭയെ, കുറ്റവിചാരണ നടത്തി ഭർത്സിക്കുന്ന ഒരു ഗ്രന്ഥത്തിൽ നിന്നുള്ള ഒരു ഭാഗമാണ് മേലേനല്കിയിട്ടുള്ളതെന്നോർക്കുക. ഗ്രന്ഥകാരൻ ഒരു സി.എം.ഐ ക്കാരനും ഈ പ്രബന്ധത്തിന് അദ്ദേഹത്തിനു ഡോക്ടറേറ്റ് നല്കിയത് ഓറിയന്റൽ ഇൻസ്റ്റിട്യൂട്ടും ആണെന്നോർക്കുക. ഓറിയന്റൽ ഇൻസ്റ്റിട്യൂട്ടിന് ലത്തീൻ സഭയോട് പ്രത്യേക വാത്സല്യമൊന്നുമില്ലെന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

എന്റെ കൗതുകം മറ്റൊന്നാണ്. സിസ്റ്റർ സൂസിക്ക് പന്തപ്ലാക്കൽ അച്ചൻ നല്കുന്ന വിശേഷണങ്ങൾ കാഞ്ഞിരത്തിങ്കൽ അച്ചനും ചാർത്തിക്കൊടുക്കാൻ പന്തപ്ലാക്കൽ അച്ചൻ മഹാമനസ്കത കാട്ടുമോ? ഭാവനയിലുള്ള The Syro-Malabar Apostolic Seminary ക്ക് പുത്തൻപള്ളിവക സെമിനാരിപ്പറമ്പിന്റെ ചരിത്രം, 5 Archives, CMC Convent, Puthenpally എന്നൊരു റഫറൻസ് നല്കുന്നുണ്ട് പന്തപ്ലാക്കൽ അച്ചൻ. പക്ഷേ, അസത്യം ഊതിവീർപ്പിച്ച ബലൂണിൽ ഒരു മൊട്ടുസൂചിയായി കുത്തുകയാണ് ഡോ. കാഞ്ഞിരത്തിങ്കൽ. ഡോ. കാഞ്ഞിരത്തിങ്കൽ പ്രൊപ്പഗാന്താ ഫീദേയുടെ കത്തും ഹയരാർക്കിയ കർമ്മലീത്താനയുമൊക്കെ ഉദ്ധരിക്കുന്നത് പന്തപ്ലാക്കൽ അച്ചൻ വായിക്കുന്നതു നല്ലതാണ്. മേലിലെങ്കിലും അബദ്ധം പിണയരുതല്ലോ. മംഗലപ്പുഴ, കർമ്മലഗിരി, വടവാതൂർ സെമിനാരികളുടെ ശില്പിയായ ബിഷപ്പ് ഡോ.വിക്ടർ സാൻ മിഗ്വൽ ഒ.സി.ഡി യുടെ ഗ്രന്ഥങ്ങളും വായിക്കുന്നതു നന്ന്. മംഗലപ്പുഴ സെമിനാരിയുടെ സുവർണ ജൂബിലിസ്മരണികയിൽ റവ.ഡോ. ബോസ്കോ പുത്തൂർ (ഇപ്പോൾ സീറോ മലബാർ കൂരിയാ ബിഷപ്പ്) എഴുതിയ മുഖ്യ ലേഖനവും ഒന്നോടിച്ചുനോക്കിയാൽ കൊള്ളാം. വിശേഷിച്ചും *The Roots* എന്ന ഉപശീർഷകത്തിനു താഴെയുള്ള ഭാഗം. (BOSCO PUTHOOR, *A time to Remember*, Caritas Special 1982-83, Pages 3,4).

ആകാശത്തിന്റെ നിറം നീലയാണെന്നറിയാൻ ആകാശം മുഴുവൻ ചുറ്റി സഞ്ചരിക്കേണ്ടതില്ല എന്നൊരു ചൊല്ലുണ്ട്. പന്തപ്ലാക്കൽ അച്ചന്റെ പുസ്തകം അപ്പാടേ അമ്പേ പൊളിയാണെന്നതിന്റെ ഒന്നാന്തരം സാമ്പിളാണ് പുത്തൻപള്ളി സെമിനാരിയെക്കുറിച്ച് അദ്ദേഹം നട

ത്തുന്ന പ്രസ്താവനകൾ. ''അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ'' എന്നു പറഞ്ഞതുപോലെ അബദ്ധങ്ങളില്ലാത്ത ഒറ്റപേജുപോലുമില്ല അച്ചന്റെ പുസ്തകത്തിൽ. വസ്തുതകൾ അംഗീകരിക്കാനുള്ള തുറവു കാട്ടാതെ, അവ വൈകാരികമായി കൈകാര്യം ചെയ്ത് ദുർവ്യാഖ്യാനിക്കുന്നതിന് ഒട്ടേറെ ദൃഷ്ടാന്തങ്ങളുണ്ട് അച്ചന്റെ പുസ്തകത്തിൽ. ''വാഴ്ത്തപ്പെട്ട ചാവറ പിതാവിനെ സംഭാവന പിരിവുകാരനായും കെട്ടിടം പണിക്കാരനായും പ്ലാൻ കൊടുക്കുന്നവനായും ചിത്രീകരിച്ചു'' (പേജ് 6) എന്നും മറ്റുമുള്ള അച്ചന്റെ പരിദേവനങ്ങൾ അതിൽപ്പെടുത്താം.

## വിചാരപരമല്ല, വികാരപരം മാത്രം

സ്വന്തം പുസ്തകത്തിലെ ആറാംപേജിൽ ഉന്നയിക്കുന്ന ഈ ഒന്നാം ആരോപണം ഒന്നുകൂടി വായിച്ചശേഷം ഇരുപത്തിനാലാം പേജിന്റെ ആദ്യഖണ്ഡിക വായിക്കാൻ പന്തപ്ലാക്കൽ അച്ചനോടു വിനയപുരസ്സരം ഞാൻ അഭ്യർത്ഥിക്കുന്നു. ''തുടർന്ന് ചാവറയച്ചന്റെ ശ്രദ്ധ പ്രധാനമായും പതിഞ്ഞത് സന്ന്യാസിനികൾക്കായുള്ള മഠം സ്ഥാപിക്കുന്നതിന്നായിരുന്നു. ഇതിനു വേണ്ടി ബെർണർഡിൻ മെത്രാപ്പോലീത്താവഴി (അടിവര എന്റേത്) ഒരു പരസ്യം പള്ളികളിലേക്ക് അയച്ചു'' എന്ന് അച്ചൻ എഴുതുന്നു. മഹാമിഷണറിയായ ബെർണർഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്തായെ പന്തപ്ലാക്കൽ അച്ചൻ വെറും തപാൽ ശിപായിയും പരസ്യ വാഹകനും ആക്കി അപമാനിച്ചിരിക്കുന്നു എന്ന് ഞാൻ ആരോപിച്ചാൽ എന്തുണ്ട് അച്ചനു മറുപടി? ''എന്നെയും എന്റെ സഭാസ്ഥാപകനെയും അപകീർത്തിപ്പെടുത്തി'' (പേജ് 11) എന്നും മറ്റുമുള്ള ദുർവ്യാഖ്യാനത്തിനും ഇതുപോലെ വൈകാരികതയുടെ മറയും കൈത്താങ്ങും മാത്രമാണുള്ളത്.

പന്തപ്ലാക്കൽ അച്ചൻ 2008 ജൂലൈ രണ്ടിന് സത്യദീപത്തിൽ ഒരു ലേഖനം എഴുതുകയുണ്ടായി. ''തെറ്റുകൾ ആർക്കും ചൂണ്ടിക്കാണിക്കാൻ സ്വാതന്ത്ര്യമുണ്ട്''എന്ന് അച്ചൻ സമ്മതിക്കുന്നുണ്ട്. സത്യദീപത്തിന്റെ 2008 ഓഗസ്റ്റ് എട്ട് ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിലൂടെ ആ കൃത്യമാണ് സിസ്റ്റർ ഫ്രാൻസീന സി.റ്റി.സി ചെയ്തത്. രണ്ടു ലേഖനങ്ങളും വായിച്ചവർക്ക് ഏതാണ്ട് കാര്യങ്ങൾ വ്യക്തമാവുകയും ചെയ്തു. പക്ഷേ, സത്യത്തിന്റെയും തെളിവുകളുടെയും കുത്തക അവ



കാശപ്പെട്ടുകൊണ്ട് തന്റെ ചെറുപുസ്തകത്തിന്റെ ആറാംപേജിൽ സിസ്റ്റർ ഫ്രാൻസീനയുടെ ലേഖനത്തിനെതിരേ അപക്വമായ അഞ്ച് ആരോപണങ്ങൾ ഉന്നയിക്കുകയാണ് അച്ചൻ ചെയ്യുന്നത്. അതിൽ ഒന്നാമത്തേതിന്റെ കാര്യമാണ് നേരത്തേ വിശദീകരിച്ചത്.

അഞ്ച് ആരോപണങ്ങളിൽ ചരിത്രപരം എന്നു വിശേഷിപ്പിക്കാവുന്ന എതിരഭിപ്രായങ്ങൾ നാല്, അഞ്ച് എന്നിവ മാത്രമാണ്. ബാക്കി മൂന്നും ഒട്ടും തുറവില്ലാത്ത ഒരു ദോഷൈകദൃക്കിന്റെ അപക്വമായ രന്ധ്രാന്വേഷണവ്യഗ്രതയുടെ അടയാളമായേ കാണാനാവൂ. ചരിത്രപരമായ കാര്യങ്ങൾക്ക് സിസ്റ്റർ ഡോ. സൂസിയുടെ ഗ്രന്ഥത്തിൽ വേണ്ടുവോളം വിശദീകരണങ്ങളുള്ളതിനാൽ ഞാൻ നാലും അഞ്ചും ആരോപണങ്ങളിലേക്കു കടക്കുന്നില്ല. ഒന്നും രണ്ടും മൂന്നും ആരോപണങ്ങൾ മാത്രമേ വിശകലനം ചെയ്യാൻ ഉദ്യമിക്കുന്നുള്ളൂ.

ഓട്ടവീണ ബലൂണാണ് ഒന്നാം ആരോപണമെന്നു ചൂണ്ടിക്കാട്ടിയല്ലോ. രണ്ടും മൂന്നും ആരോപണങ്ങളുടെ സ്വഭാവവും ഭിന്നമല്ല. ഉദാഹരണത്തിന്, മൂന്നാംആരോപണം ശ്രദ്ധിക്കുക. ''കേരളത്തിൽ ലത്തീൻ റീത്തിലും സുറിയാനി റീത്തിലും വെവ്വേറെ പള്ളികളും ഭരണക്രമവും ഉണ്ടായിരിക്കേ, അന്ന് ലത്തീൻ-സുറിയാനി ഭേദം ഉണ്ടായിരുന്നില്ല എന്ന് എഴുതിയിരിക്കുന്നു''. ലത്തീൻകാരും സുറിയാനിക്കാരും ഒന്നുപോലെ 1887 വരെ വരാപ്പുഴ വികാരിയാത്തിന്റെ (1886-ൽ വരാപ്പുഴ അതിരൂപത) ആത്മീയ പരിപാലനത്തിലായിരുന്നു എന്നേ സിസ്റ്റർ ഫ്രാൻസീന ഉദ്ദേശിച്ചിട്ടുള്ളൂ എന്ന് വളരെ വ്യക്തമാണ്. അതിനെ ഇവ്വിധം ദുർവ്യാഖ്യാനം ചെയ്തെടുക്കാൻ ഉറക്കത്തിൽപ്പോലും അച്ചന്റെ ബുദ്ധി ഓവർടൈം പണിയെടുത്തിരിക്കണം. കേരളത്തിൽ ലത്തീൻറീത്തിലും സുറിയാനി റീത്തിലും വെവ്വേറെ പള്ളികൾ ഉണ്ടായിരുന്നതുപോലെ രണ്ടു റീത്തുകളും പുലർന്നിരുന്ന പള്ളികളും ഉണ്ടായിരുന്നു എന്നതും സത്യമാണ്. കണ്ണടച്ച് ഇരുട്ടാക്കിക്കൊണ്ട് പന്തപ്ലാക്കൽ അച്ചൻ അതു കാണാതിരിക്കുന്നതാവാം. വെവ്വേറെ ഭരണക്രമം എന്ന് അച്ചൻ കൊട്ടത്താപ്പിനു പറയുന്നുണ്ടെങ്കിലും ലത്തീൻകാരും സുറിയാനിക്കാരും ഒന്നു പോലെ വരാപ്പുഴ മെത്രാപ്പോലീത്തയുടെ ഭരണത്തിലായിരുന്നു എന്നതാണ് സത്യം. ''വെവ്വേറെ ഭരണക്രമം'' വ്യവസ്ഥാപിതമാകുന്നത് 1887-ൽ മാത്രമാണ്.

മൂന്നാം ആരോപണം പോലൊരു സ്വയമ്പൻ ദുർവ്യാഖ്യാനമാണ് രണ്ടാമത്തേതും. ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന യു.പി.എ. നയിക്കുന്ന കോൺഗ്രസ് പാർട്ടിയുടെ കാര്യമെടുക്കാം. എ.ഐ.സി.സി. ക്ക് രാഹുൽ ഗാന്ധിയും മൊഹ്സീന കിദ്വായിയും മധുസൂദൻ മിസ്ട്രിയും ഓസ്കാർ ഫെർണാണ്ടസുമടക്കം ഒന്നര ഡസൻ ജനറൽസെക്രട്ടറിമാരുണ്ട്. വിവിധ സംസ്ഥാനങ്ങളുടെയും വിവിധ വിഷയങ്ങളുടെയും ചുമതലകൾ ഇവർക്ക് വീതിച്ചുനല്കിയിരിക്കുന്നു. ഉദാഹരണത്തിന്, മധുസൂദൻ മിസ്ട്രിക്കാണ് ഇപ്പോൾ കേരളത്തിന്റെ ചുമതല. മുമ്പ് അത് മൊഹ്സീന കിദ്വായിക്കായിരുന്നു. മേല്പറഞ്ഞ ജനറൽസെക്രട്ടറിമാരൊക്കെയും വിവിധ സംസ്ഥാനങ്ങളുടെയും വിവിധ വിഷയങ്ങളുടെയും ചുമതലക്കാരാണെങ്കിലും, പൊതുവിൽ പറയുമ്പോൾ കോൺഗ്രസിന്റെ ജനറൽ സെക്രട്ടറിമാർ എന്നേ പറയാറുള്ളൂ. വരാപ്പുഴ വികാരിയാത്തിൽ ആർച്ച്ബിഷപ്പ് ബെർണർഡീൻ ബച്ചിനെല്ലിയുടെ കാലത്ത് സുറിയാനിക്കാർക്കും ലത്തീൻകാർക്കും വെവ്വേറെ വികാരി ജനറൽമാർ ഉണ്ടായിരുന്നെങ്കിലും അവർ ഇരുവരും വരാപ്പുഴയുടെ വികാരിജനറൽമാർ എന്ന് പൊതുവേ പരാമർശിക്കപ്പെടുക സ്വാഭാവികം. അതല്ലേ സത്യവും? ആ നിലയ്ക്ക് സിസ്റ്റർ ഫ്രാൻസീന ഒരു പൊതു പരാമർശനം നടത്തിയാൽ അതിൽ അത്രയ്ക്ക് ആപത്കരമായ ചാവുദോഷം ആരും കാണേണ്ടതില്ല. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ തസ്തിക പൂർണമായി പറഞ്ഞില്ല എന്നൊരു ലഘുവായവീഴ്ച വളരെ സാഹസപ്പെട്ട് വേണമെങ്കിൽ ആരോപിക്കാമെന്നു മാത്രം. പക്ഷേ, പ്രധാനമായും സാധാരണക്കാർ വായിക്കുന്ന ഒരു പൊതുപ്രസിദ്ധീകരണത്തിൽ (സ്പെഷലൈസ്ഡ് പ്രസിദ്ധീകരണമല്ല എന്നു വിവക്ഷ) നടത്തിയ, വസ്തുതാപരമായി തെറ്റല്ലാത്ത ഒരു പരാമർശം ദുർവ്യാഖ്യാനിക്കയാണു പന്തപ്ലാക്കൽ അച്ചൻ.

നാളാഗമത്തിൽ നിന്ന് വാഴ്ത്തപ്പെട്ട ചാവറ അച്ചന്റെ ചിലവാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ അച്ചന്റെ അതിസാഹസികതയുടെ അന്തസ്സാരശൂന്യത വ്യക്തമാക്കാൻ ശ്രമിക്കാം. 'ശ്രമിക്കാം' എന്നു പറഞ്ഞത് മനഃപൂർവമാണ്. കാരണം, ഉറക്കം നടിക്കുന്നവരെ ഉണർത്താൻ പറ്റില്ല എന്നതുതന്നെ. ലെയോപ്പോൾഡ് മിഷണറിയെ (കൊച്ചുമൂപ്പച്ചൻ) ശ്ലാഘിച്ചുകൊണ്ട് ചാവറ അച്ചൻ നടത്തുന്ന പരാമർശങ്ങളാണു നാളാഗമത്തിൽ നിന്ന് ഉദ്ധരിക്കുന്നത്. ''...ഇതിനെ വിചാരിക്കുംപൊൾ സർവ്വെശ്വരൻ ഈ സന്ന്യാസിമഠങ്ങളും കന്യാസ്ത്രീമഠങ്ങളും നടത്തുവാനായിട്ടുതന്നെ ഈ ദെഹത്തെ യാത്രയാക്കി എന്നും വിചാരിപ്പാനിടയുണ്ട്. അതെന്തെന്നാൽ ഇതിനു മുമ്പിൽ ഈ മലയാളത്തിലും മറ്റും മിസ്യ്യോണാരിമാരായി വരുന്ന മൂപ്പച്ചന്മാരൊക്കെയും കുർബ്ബാനപട്ടം ഏറ്റതിന്റെ ശെഷം അത്രെ എരൊപ്പയിൽ നിന്നും പുറപ്പെടുന്നത എന്നാൽ ഈ ദെഹം അഞ്ചാംപട്ടം ഏറ്റ ശെഷം തന്നെ 1859 ധനു മാസത്തിൽ ഈ മലയാളത്തിൽ വന്നു എന്നാൽ ഒട്ടും തന്നെ വരാപ്പുഴെ താമസിക്കാതെ ഈ കൂനമ്മാവു കൊവെന്തയിൽ വന്ന പാർത്ത നാലഞ്ചു മാസത്തിനകത്ത മലയാംപെച്ചും പഠിച്ച കൊവെന്തകൾ ഒക്കെയ്ക്കും ദെലഗാദും പുത്തൻ സന്ന്യാസികളുടെ ഗുരുവും എന്ന സ്ഥാനത്തിൽ പെ. ബ. മെത്രാപ്പൊലീത്താച്ചൻ.....കല്പിച്ച ആ കാര്യങ്ങളൊക്കെയും ജാഗ്രതയൊടുകൂടി നടത്തിവരികയിൽ തന്നെ ഈ പുത്തൻ സന്ന്യാസികളിൽ പലരെയും ലത്തീൻ പെച്ച പഠിപ്പിക്കയും...” (ചാവറ അച്ചന്റെ സമ്പൂർണ കൃതികൾ, വാല്യം 1, പേജ് 231).

അസാമാന്യമായ കഴിവുകളുള്ളയാളായിരുന്നു ലെയോപ്പോൾഡ് മിഷണറിയെന്നും വൈദികപട്ടം സ്വീകരിക്കും മുമ്പേ അദ്ദേഹം കേരളത്തിൽ വന്നെന്നും, കഴിവുകൾക്ക് അംഗീകാരമായ വലിയ ഉത്തരവാദിത്വങ്ങൾ അദ്ദേഹത്തിനു ഭരമേല്പ്പിക്കപ്പെട്ടെന്നുമാണ് വാഴ്ത്തപ്പെട്ട ചാവറ അച്ചൻ ഇവിടെ പറയുന്നത്. പക്ഷേ, ചാവറ അച്ചന്റെ വാക്കുകളിൽ ചരിത്രപരമായ അബദ്ധവും ആ അബദ്ധത്തിനു പിന്നിൽ ആവശ്യം പോലെ ദുഷ്ടലാക്കും കണ്ടെത്താനും അങ്ങനെ വ്യാഖ്യാനിക്കാനും കഴിയും. പന്തപ്ലാക്കൽ അച്ചൻ ചെയ്യുന്നതുപോലെ രന്ധ്രാന്വേഷണവ്യഗ്രത കാട്ടണമെന്നു മാത്രം.

“ഇതിനു മുമ്പിൽ ഈ മലയാളത്തിലും മറ്റും മിസ്യ്യോണാരിമാരായി വരുന്ന മൂപ്പച്ചന്മാരൊക്കെയും (അടിവര എന്റേത്) കുർബ്ബാന പട്ടം ഏറ്റതിന്റെ ശെഷം അത്രെ എരൊപ്പയിൽ നിന്നും പുറപ്പെടുന്നത” എന്നാണ് വാഴ്ത്തപ്പെട്ടവൻ പ്രസ്താവിക്കുന്നത്. ചരിത്രപരമായി നോക്കുമ്പോൾ ഇത് പൂർണമായും ശരിയല്ല. ഉദാഹരണത്തിന്, അർണോസ് പാതിരിയുടെ കാര്യമെടുക്കാം. ഈശോസഭയിൽ അർത്ഥിയായി ചേർന്ന അദ്ദേഹം ശെമ്മാശ്ശനായിരിക്കേയാണ് ഇന്ത്യയിൽ എത്തുന്നത്. സാമ്പാളൂർ സെമിനാരിയിൽ പഠിച്ചാണ് വൈദികപട്ടം സ്വീകരിക്കുന്നത്.

അർണോസിന്റെ വരവ് മലയാളത്തിന്റെ മഹാഭാഗ്യമായി ഭവിക്കയും ചെയ്തു.

അർണോസ് ഉൾപ്പെട്ട നാലംഗസംഘം ഇന്ത്യയിലേക്ക് കപ്പൽ കയറുന്നത് 1699 നവംബറിലാണ്. 1700 ഡിസംബർ 13-നു സൂറത്തിൽ എത്തി. അർണോസ് ഉൾപ്പെടെ രണ്ടുപേർക്കേ ഇന്ത്യയിൽ കാല് കുത്താൻ ഭാഗ്യമുണ്ടായുള്ളൂ. രണ്ടു പേർ യാത്രയ്ക്കിടെ കപ്പലിൽ വച്ചു തന്നെ മരിച്ചു. അക്കാലത്തെ യാത്രയുടെ ക്ലേശങ്ങൾ മിഷണറി മാരിൽ നല്ല പങ്കിനെയും രക്തസാക്ഷികളാക്കിയിരുന്നു. 1701 ജനുവരി ആദ്യം അർണോസ് ഗോവയിലെത്തി. കൊച്ചിയിൽ കപ്പലിറങ്ങി സാമ്പാളൂരിൽ എത്തുന്നത് 1701 നവംബറിലാണ്. അവിടെ പഠനം പൂർത്തിയാക്കി 1707-ൽ തിരുപ്പട്ടം സ്വീകരിച്ച് മലയാളക്കരയിൽ മിഷൻപ്രവർത്തനവും സാഹിതീസേവനവും തുടങ്ങി. അർണോസ്പാതിരിയുടെ മിഷൻ പ്രവർത്തനവും സാഹിത്യസപര്യയും വിശദീകരിക്കുകയല്ല എന്റെ ഉദ്ദേശ്യം. മറിച്ച്, ലെയോപ്പോൾഡ് മിഷണറിക്കു മുൻപ് ഒരു മിഷണറിയെങ്കിലും (അർണോസ്) തിരുപ്പട്ടം സ്വീകരിക്കുന്നതിനു മുൻപേ മലയാളക്കരയിൽ എത്തിയിട്ടുണ്ടെന്നു ചൂണ്ടിക്കാട്ടുകയാണ്. അത്തരത്തിൽ വേറെയും മിഷണറിമാർ ഉണ്ടായിരുന്നിരിക്കണം.

വാഴ്ത്തപ്പെട്ട ചാവറ അച്ചന്റെ ഉദ്ധരണിയിലെ സന്ദേശത്തിനു കാതോർക്കാൻ വിസമ്മതിക്കുന്ന ഒരു ദോഷൈകദൃക്ക് അദ്ദേഹത്തെ ചരിത്രബോധമില്ലാത്തവനെന്നും നുണയനെന്നും ഈശോസഭാ വിരോധിയെന്നും (ചാവറയച്ചൻ കർമ്മലീത്തക്കാരനും അർണോസ് പാതിരി ഈശോസഭക്കാരനുമാണല്ലോ), ചരിത്രസത്യങ്ങൾ തമസ്കരിക്കുന്നവനെന്നും സന്യാസവ്രതങ്ങൾക്കൊത്ത സത്യസന്ധതയും മാന്യതയും പുലർത്താത്തവൻ എന്നുമൊക്കെ വിളിച്ചാൽ അത് അസംബന്ധമാണെന്ന് പന്തപ്ലാക്കൽ അച്ചനു പോലും തോന്നുമെന്നു തീർച്ച. പക്ഷേ, ഈ വിശേഷണങ്ങളാണ് സിസ്റ്റർ ഡോ.സൂസിക്കും സിസ്റ്റർ ഫ്രാൻസീനയ്ക്കും അദ്ദേഹം നിർലോപം ചാർത്തിക്കൊടുക്കുന്നത്!

റ്റി.ഒ.സി.ഡി യുടെ സ്ഥാപനം മാത്രമല്ല, വാഴ്ത്തപ്പെട്ട ചാവറ അച്ചന്റേതായി അടിച്ചേല്പ്പിക്കപ്പെട്ട (പ്രയോഗം ഷേക്സ്പിയറുടേത്) മഹത്ത്വങ്ങളും നന്മകളും വേറെയുമുണ്ടെന്ന് നേരത്തേ ചൂണ്ടിക്കാട്ടിയല്ലോ.



നാല്പതു മണി ആരാധന, പള്ളിതോറും പള്ളിക്കൂടം ഉണ്ടാവണം എന്ന ഇടയലേഖനം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. 40 മണി ആരാധന തുടങ്ങാൻ ആവശ്യപ്പെട്ടതു ബെർണഡീൻ ബച്ചിനെല്ലി മെത്രാപ്പോലീത്തയാണെന്ന് നാളാഗമത്തിൽ കാണാം (കണ്ണടച്ച് ഇരുട്ടാക്കാത്തവർക്ക്). "അപ്പോൾ പെ.ബ.മെത്രാപ്പോലിത്താച്ചൻ 40 മണിയുടെ ശു:കുർബ്ബാനയുടെ ആരാധന തുടങ്ങണം എന്നു കല്പിച്ചു" (സമ്പൂർണ കൃതികൾ, വാല്യം 1, പേജ് 126). ഇതിന്റെ നടത്തിപ്പിന്റെ പ്രധാന ചുമതല ലെയോപ്പോൾഡ് മിഷണറിക്കായിരുന്നെന്നും നാളാഗമത്തിൽ ഉണ്ട്. "...ആയതിന്നു വെണ്ടി ചമയങ്ങളും പള്ളിടെ വെടിപ്പും ഇങ്ങനെയുള്ള പല ജൊലികൾ മൂപ്പച്ചന്ന ഉണ്ടായിരുന്നു എങ്കിലും..."(സമ്പൂർണ കൃതികൾ, വാല്യം 1, പേജ് 234). ഇടയലേഖനത്തെക്കുറിച്ചുള്ള അവകാശവാദത്തിന് കാലാന്തരത്തിൽ ബലക്ഷയം ഉണ്ടായിട്ടുണ്ട്. ഇടയലേഖനം ഇറക്കുന്നത് ആരെന്നും അത് ആരുടെ അവകാശമാണെന്നും എല്ലാവർക്കും അറിയാമല്ലോ. എങ്കിലും അവകാശവാദങ്ങൾ തുടരുകയാണ്. കിട്ടിയാൽ ഒരു ആന!

**ചരിത്രമെന്ന ഭാവേന ചരിത്ര ഭാവന!**

തന്റെ സഭയുടെ പ്രമുഖ പ്രസിദ്ധീകരണങ്ങളിലൊന്നായ Global C-Mission -ൽ ബഹു. തോമസ് പന്തപ്ലാക്കൽ അച്ചൻ 2007 ഏപ്രിൽ ലക്കം മുതൽ "ചാവറയച്ചന്റെ അതിസഹനങ്ങളും അത്യാനന്ദങ്ങളും" എന്നൊരു പരമ്പര എഴുതി വരുന്നുണ്ട് (ഈ പ്രസിദ്ധീകരണത്തിന്റെ ഇപ്പോഴത്തെ പേര് CMISSION എന്നാണ്).

ചരിത്രമെന്ന ഭാവേന ഒരു ചരിത്രാഖ്യായികയാണ് ഈ പരമ്പരയിൽ അച്ചൻ ചമയ്ക്കുന്നത്. മാർത്താണ്ഡവർമ, ധർമരാജാ തുടങ്ങിയ ചരിത്രാഖ്യായികകളിൽ സി.വി. രാമൻപിള്ള ഭാവനകലർത്തുന്നുണ്ടെങ്കിലും വസ്തുതകൾ അദ്ദേഹം വളച്ചൊടിക്കുന്നില്ല. പന്തപ്ലാക്കൽ അച്ചന്റെ ചരിത്രാഖ്യായികയിൽ ഭാവനാവിലാസത്തിന്റെ ആധിക്യമുണ്ടെന്നു മാത്രമല്ല, അവ വസ്തുതകളാക്കി മാറ്റാനുള്ള കേമമായ ശ്രമവുമുണ്ട്. ദുരാരോപണങ്ങളും ദുർവ്യാഖ്യാനങ്ങളും കൊണ്ടു പരമ്പര സമൃദ്ധവുമാണ്. CMISSION -ന്റെ പത്രാധിപർക്കും അങ്ങനെ തോന്നിക്കാണണം. അതു കൊണ്ടാവുമല്ലോ "അധികമാരും കണ്ടിട്ടില്ലാത്ത ഈ

ചിത്രം തോമസ് പന്തപ്ലാക്കൽ അച്ചൻ വരച്ചുതുടങ്ങുന്നു" എന്ന് അദ്ദേഹം ആമുഖമായി എഴുതിയത്.(Global C-Mission Vol.2, Issue 1, April 2007, Page 74).

കണ്ടിട്ടില്ലാത്തചിത്രം കാട്ടിത്തരുകയല്ലേ ചെയ്യേണ്ടത്? ചരിത്രമെന്നത് വരയ്ക്കപ്പെട്ടു കഴിഞ്ഞ ചിത്രമാണ്. അതു വ്യാഖ്യാനിക്കുകയാവാം. പക്ഷേ, വരച്ചുചേർക്കൽ പാടില്ല. ഇങ്ങനെ പന്തപ്ലാക്കൽ അച്ചൻ അറിഞ്ഞോ അറിയാതെയോ നടത്തുന്ന ദുർവ്യാഖ്യാനത്തിന്റെയും ദുരാരോപണത്തിന്റെയും ഒരു സാമ്പിൾ ചൂണ്ടിക്കാട്ടാം.

CMISSION -ന്റെ 2010 മാർച്ച് ലക്കത്തിൽ "മഠത്തിനുള്ള മൂന്നാം തുടക്കവും ദുഃഖസംഭവങ്ങളും" എന്ന അദ്ധ്യായമുണ്ട്. അതിന്റെ തുടക്കത്തിൽത്തന്നെ "വരച്ചുതുടങ്ങൽ" കാണാം. "ചാവറയച്ചന്റെ മനസ്സിൽ നിവർത്തിതമാകാതെ കിടന്നിരുന്ന, സ്ത്രീകൾക്കായി മഠം ഉണ്ടാക്കണം എന്ന ആഗ്രഹം വീണ്ടും തലയുയർത്തി. ലെയോപ്പോൾദ് മൂപ്പച്ചനോട് ഇതിനു മുമ്പു നടത്തിയ ശ്രമങ്ങളെക്കുറിച്ചു സൂചിപ്പിച്ചിരുന്നു (അടിവര എന്റേത്). അപ്പോഴാണ് അനുകൂലമായ ചില സാഹചര്യങ്ങൾ ഇണങ്ങിവന്നത്" (CMISSION March 2010, Page 77) എന്ന് അച്ചൻ എഴുതുന്നു.

സംഭവം നേരേ മറിച്ചാണെന്നതല്ലേ സത്യം? ആ സത്യം വാഴ്ത്തപ്പെട്ട ചാവറ അച്ചൻ തന്നെ രേഖപ്പെടുത്തി വച്ചിട്ടുമുണ്ട്. ഒന്നും വിട്ടുകളയുന്ന സ്വഭാവം അദ്ദേഹത്തിന് ഇല്ലെന്നോർക്കണം. ലെയോപ്പോൾദ് മൂപ്പച്ചനോട് എന്തെങ്കിലും സൂചന നല്കിയതായി നാളാഗമത്തിലോ മറ്റെവിടെയെങ്കിലുമോ വാഴ്ത്തപ്പെട്ടവൻ പറയുന്നില്ല. പന്തപ്ലാക്കൽ അച്ചൻ 'വരച്ചു ചേർക്കുക'യാണെന്നർത്ഥം.

ചരിത്രത്തിലേക്ക് ഭാവന കയറൂരിവിടുന്ന പന്തപ്ലാക്കൽ അച്ചൻ തുടർന്ന് ആ അദ്ധ്യായത്തിൽ നടത്തുന്ന ദുർവ്യാഖ്യാനക്കസർത്തുകൾ, വാസ്തവത്തിൽ വാഴ്ത്തപ്പെട്ട ചാവറയച്ചനെ അപമാനിക്കുകയല്ലേ എന്ന് ശാന്തനായി അദ്ദേഹം ആലോചിക്കുന്നതു കൊള്ളാം. ഉദാഹരണമായി, "ചാവറയച്ചന് എല്ലാംകൂടി ആലോചിച്ചപ്പോൾ വലിയ നിരാശയും സങ്കടവും തോന്നി. തന്റെ ധാർമികരോഷം ഉള്ളിൽ ആളിക്കത്തിയിട്ടുണ്ട്. 1859 അവസാനം കേരളത്തിൽ എത്തിയ ആളാണു ലെയോപ്പോൾദ്,



...പ്രായം കൊണ്ട് തന്നെക്കാൾ 32 വയസ്സിന്റെ ഇളപ്പം...ഇങ്ങനെയുള്ള എന്നെയാണോ മറ്റുള്ളവരുടെ മുമ്പിൽ ഇത്രയധികം ചെറുതാക്കിയത്?" (C MISSION March 2010, Page 78).

മേല്പറഞ്ഞ തരത്തിലുള്ള ഒരു ചിന്ത പന്തപ്ലാക്കലച്ചന്റെ ഭാവനയിൽ മാത്രം വിരിഞ്ഞു വിലസിയതാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ അത്തരത്തിൽ ചിന്തിച്ചതിന്റെ ഒരുവിധ തെളിവോ സൂചനയോ ഇല്ല. തന്നെക്കാൾ പ്രായം കുറഞ്ഞവനും വൈദിക, സന്ന്യാസ ജീവിതത്തിൽ വളരെ ജൂനിയറുമായ ഒരാളോട് കുശുമ്പും കുന്നായ്മയുമുള്ള ഒരാളായി പന്തപ്ലാക്കൽ അച്ചൻ വാഴ്ത്തപ്പെട്ട ചാവറയച്ചനെ ഇകഴ്ത്തുന്നത് വലിയ പാതകം തന്നെ. തന്റെ ചിന്തകളും ചെയ്തികളും മോഹങ്ങളുമൊക്കെ ഒന്നും വിടാതെ രേഖപ്പെടുത്തിവച്ചിട്ടുള്ള വാഴ്ത്തപ്പെട്ടവൻ, ആ രേഖകളിൽ ഒരിടത്തും ഇത്തരം ഒരാരോപണം ഉന്നയിച്ചിട്ടില്ലെന്നോർക്കണം. തന്നെയുമല്ല, ആയിരം നാവുകളോടെ ലെയോപ്പോൾദ് മൂപ്പച്ചനെ പുകഴ്ത്തുക മാത്രമാണു ചെയ്തിട്ടുള്ളത്.

സ്വന്തം അനുഭവങ്ങളെങ്കിലും പന്തപ്ലാക്കൽ അച്ചൻ ഓർക്കേണ്ടതായിരുന്നു. തന്നെക്കാൾ പ്രായം കുറഞ്ഞ പ്രിയോരച്ചന്മാരും ജനറാളച്ചന്മാരും കൗൺസിലർമാരുമൊക്കെ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ലേ എന്നു ചോദിക്കാൻ എനിക്ക് കൗതുകം തോന്നുന്നു.

### പഴയശൈലിയും ഭാഷയും പാതകമോ?

പുത്തനങ്ങാടി ഏലീശ്വ എന്ന വിധവയെ റ്റി.ഒ.സി.ഡി സന്ന്യാസിനീ സമൂഹത്തിൽ അംഗമാക്കുന്നതിന്റെ വിവരണം പന്തപ്ലാക്കൽ അച്ചൻ നല്കുന്നത് ദുർവ്യാഖ്യാന വൈഭവത്തോടെയാണ്. കാലഘട്ടം, സഭാപാരമ്പര്യം, അക്കാലത്തെ ഭാഷ തുടങ്ങിയവ സൗകര്യപൂർവം മറന്നുകൊണ്ടാണ് 21-ാം നൂറ്റാണ്ടിന്റെ മാനദണ്ഡങ്ങൾ ആ സംഭവത്തിൽ അദ്ദേഹം അടിച്ചേല്പിക്കുന്നത്. "അവൾ വന്ന് ലെയോപ്പോൾഡച്ചന്റെ മുമ്പിൽ മുട്ടുകുത്തി. അദ്ദേഹം അവളോടായി പറഞ്ഞു. ഇവർക്ക് ശുശ്രൂഷചെയ്തു കൊണ്ടു മരിക്കുവോളം ഇവിടെ പാർപ്പാൻ മനസ്സാകുന്നുവെങ്കിൽ, ഈ പാവപ്പെട്ട എന്നെക്കൂടി നിങ്ങളുടെ വേലക്കാരത്തിയായിട്ട് കൈക്കൊള്ളണമെന്ന് ശ്രേഷ്ഠത്തി അമ്മയുടെ മുമ്പിൽ

മുട്ടുകുത്തി അപേക്ഷിക്കണം എന്നാവശ്യപ്പെട്ടു". (CMISSION March 2010, Page 80).

ഇതിനു ശ്രേഷ്ഠത്തിഅമ്മയായ ദൈവദാസി എലീശ്വാമ്മ നല്കിയ വിശുദ്ധിയാർന്ന മറുപടി, പക്ഷേ, പന്തപ്ലാക്കൽ അച്ചൻ തന്റെ ആഖ്യായികയിൽ നല്കുന്നില്ലെന്നതു ശ്രദ്ധേയമാണ്. അതെന്തുമാവട്ടെ, പുത്തനങ്ങാടി ഏലീശ്വയെയും അവരെ സന്ന്യാസത്തിലേക്കു കൊണ്ടു വന്ന ചാവറയച്ചനെയുമൊക്കെ ലെയോപ്പോൾഡ് മൂപ്പച്ചൻ "മേല്ക്കോയ്മ" കാട്ടി അപമാനിച്ചു എന്നു വരുത്തിത്തീർക്കുകയാണു പന്തപ്ലാക്കൽ അച്ചൻ. കഷ്ടം എന്നല്ലാതെ എന്തു പറയാൻ!

സന്ന്യാസവ്രതസ്വീകരണത്തിന്റെയും വൈദികപട്ട സ്വീകരണത്തിന്റെയുമൊക്കെ കർമങ്ങളിലും കൗദാശിക വചനങ്ങളിലും ദൊഷൈക ദൃക്കുകൾക്ക് ഇക്കാലഘട്ടത്തിലും "അടിമത്തം" കാണാവുന്നതല്ലേ? കാലഘട്ടത്തിനൊത്ത എത്രയോ പരിഷ്കരണങ്ങൾക്കുശേഷവും ഇതാണു സ്ഥിതിയെങ്കിൽ, നൂറ്റാണ്ടുകൾക്കു മുൻപത്തെ ചടങ്ങുകളിലും വചനങ്ങളിലും ഇന്നത്തെ നിലയ്ക്ക് പതിന്മടങ്ങ് മേല്ക്കോയ്മയും അടിമത്തവും വേണമെങ്കിൽ കാണാവുന്നതാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വാക്കുകൾ പോലും ഇത്തരത്തിൽ ദുർവ്യാഖ്യാനിക്കാവുന്നതല്ലേ? വരിക്ക തൊമ്മൻ എന്നൊരുത്തൻ, അവനും അവന്റെ കെട്ടിയോളും എന്നെക്കെ സമപ്രായക്കാരെയോ പ്രായത്തിൽ കവിഞ്ഞവരെയോ കുറിച്ച് അദ്ദേഹം പറയുമ്പോൾ, അത് രണ്ടു നൂറ്റാണ്ടു മുൻപാണെന്ന സത്യവും അന്നത്തെ ഭാഷയുടെയും രീതിയുടെയും സവിശേഷതയാണെന്ന വസ്തുതയും വിസ്മരിച്ചാൽ എന്താവും സ്ഥിതി? അല്മായരോടും വിവാഹിതരോടുമുള്ള വൈദികമേല്ക്കോയ്മയുടെ ഒന്നാന്തരം തെളിവായി അതിനെ "വരച്ചുചേർത്ത്", വാഴ്ത്തപ്പെട്ട ചാവറയച്ചൻ അല്മായ വിരോധിയായിരുന്നു എന്ന് ആരെങ്കിലും വ്യാഖ്യാനിച്ചാൽ അവരുടെ ഗുരുസ്ഥാനം പന്തപ്ലാക്കൽ അച്ചന് ആയിരിക്കും.

എന്റെ ഗ്രന്ഥശേഖരത്തിൽ "എറണാകുളത്തു കൈത്തൊഴിൽ പാഠശാല അച്ചുകൂടത്തിൽ 1914-ൽ രണ്ടാംപതിപ്പായി അച്ചടിക്കപ്പെട്ട പരിശുദ്ധ ദേവമാതാവിന്റെ വണക്കമാസം അഥവാ, പരിശുദ്ധ ദൈവജനനിയുടെ വിശ്വസ്തമക്കൾ എല്ലാ മാസത്തിലും ഈ അമ്മയ്ക്കു കാഴ്ചവയ്ക്കുന്ന ജ്ഞാനമഞ്ജരി" യുടെ ഒരു കോപ്പിയുണ്ട്. ഇത്



"നിത്യസ്മരണാർഹനായ നി.വ.ദി.ശ്രീ. മർച്ചെലീനൂസ് അസന്ത ത്രേസ്യാ മെത്രാനച്ചൻ അവർകൾ ഭാഷാന്തരം ചെയ്തതു" എന്നും അതിൽ രേഖപ്പെടുത്തിയിരിക്കുന്നു.

അതിരൂപതയെന്ന നിലയിൽ വരാപ്പുഴയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തയായ ബെർണാഡ് ആ യേസു മെത്രാപ്പോലീത്തയാണ് 1914 സെപ്റ്റംബർ എട്ടിന് (പരിശുദ്ധ കന്യകമാതാവിന്റെ പിറവിത്തിരുനാൾ) ഈ രണ്ടാം പതിപ്പിന് 'റീ-ഇംപ്രിമാത്തൂർ' നല്കിയത് എന്നും കാണുന്നു. അതോടൊപ്പം ആദ്യപതിപ്പിന് ബെർണഡീൻ ബച്ചിനെല്ലി മെത്രാപ്പോലീത്ത നല്കിയ അനുമതിപത്രവുമുണ്ട്. അതെപ്പറ്റി, അതിന്റെ ഭാഷയെപ്പറ്റിയാണ് ഇവിടെ പറയാനുദ്ദേശിക്കുന്നത്.

"ദൈവകൃപയാലെയും ശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലെയും മലയാളത്തിന്റെ വികാരി അപ്പൊസ്തൊലിക്കായും പാർസെല്യ എന്ന ദിക്കിന്റെ മെത്രാപ്പോലീത്തായുമാകുന്ന നാം, പ്രെ. ബർണ്ണർദീനോസ് ദെ സാന്ത ത്രേസ്യ നമ്മുടെ അപ്പസ്തോലിക്ക് മിസ്യോനാരിമാരിൽ ഒരുത്തനാൽ മലയായ്മ പരിഭാഷപ്പെടുത്തപ്പെട്ട 'ദേവമാതാവിന്റെ പൊതു വണക്കമാസം' എന്ന പുസ്തകം ശോധനചെയ്യിച്ചാറെ വിശ്വാസത്തിന്നും നല്ല നടപ്പിന്നും വിരോധമായിട്ടു യാതൊന്നും അതിൽ ഇല്ലാത്ത പ്രകാരം നമുക്കു ഉറപ്പു വന്നതിനാൽ അതു അച്ചടിക്കുന്നതിന്നു സഞ്ചോൺ അച്ചുകൂടക്കാർക്കു നാം അനുവദിച്ചിരിക്കുന്നു എന്നു വരാപ്പുഴെ നിന്നു (1864 കന്നിമാസം 25) പ്രെ. ബർണ്ണർദ്ദിനൂസ് ആർസോ, ബിസ്പോ".

ബഹുഭാഷാവിശാരദനും അഗാധപണ്ഡിതനും സത്യവേദചരിത്രം പോലുള്ള മഹാഗ്രന്ഥങ്ങളുടെ കർത്താവും പുത്തൻപള്ളി സെമിനാരിയിൽ പ്രൊഫസറും റെക്ടറും പിന്നീടു വരാപ്പുഴയിൽ സഹായമെത്രാനും (സുറിയാനിക്കാരുടെ പ്രത്യേക ചുമതലയുള്ള) ഒക്കെ ആയ മർസലീനോസ് മെത്രാനാണ് ഈ "അപ്പസ്തോലിക്ക് മിസ്യോനാരിമാരിൽ ഒരുത്തൻ" എന്ന് അറിയുക. അക്കാലത്ത് അങ്ങനെയൊരു പ്രയോഗംകൊണ്ട് ആർക്കും "ഇളക്കവും സങ്കടവും" തോന്നേണ്ട കാര്യമില്ല. "യൂറോപ്യൻ മിഷണറിമൂപ്പച്ചന്മാരുടെ മേല്ക്കോയ്മ സ്ഥാപിക്കാനുള്ള നടപടി" എന്ന (CMISSION March 2010, Page 80) പന്തപ്ലാക്കൽ അച്ചന്റെ ആരോപണമാണിവിടെ പൊളിയുന്നത്.

## എല്ലാവർക്കും സത്യം ബോധ്യപ്പെട്ടുവരുന്നു

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ചെയ്തികളും നേട്ടങ്ങളുമെന്ന് പില്ക്കാലത്ത് ആവേശപൂർവം നിരന്തരമായി അവതരിപ്പിക്കപ്പെട്ട പലതും ബെർണഡീൻ മെത്രാപ്പോലീത്തയുടേതാണെന്ന സത്യം ഇന്ന് കൂടുതലാളുകൾ അറിഞ്ഞുവരുകയാണ്. പള്ളികൾ തോറും പള്ളിക്കൂടങ്ങൾ സ്ഥാപിക്കാൻ ചാവറയച്ചൻ "ഇടയലേഖനം" ഇറക്കിയെന്ന് ഇപ്പോൾ സി.എം.ഐക്കാർ പോലും പറയാറില്ല "Chavara as Vicar General implemented (അടിവര എന്റേത്) the idea, 'A school for a Church' in the Kerala Church" എന്നേ പറയൂ (CMISSION January 2010, Page 26).

ആദ്യത്തെ മഠത്തിന്റെ കാര്യത്തിലും വാക്കുകൾ ശ്രദ്ധാപൂർവം തിരഞ്ഞെടുത്തുള്ള വിവരണം C MISSION ന്റെ മേല്പ്പറഞ്ഞ ലക്കത്തിൽ അമ്പത്തിമൂന്നാം പേജിൽ 'ചാവറയച്ചനും സ്ത്രീശാക്തീകരണവും' എന്ന തലക്കെട്ടിൽ കാണാം. "കേരളത്തിൽ ആദ്യമായി വനിതകൾക്കു വേണ്ടി കന്യകാമഠം സ്ഥാപിച്ചതിന്റെ പ്രേരകശക്തി (അടിവര എന്റേത്) ചാവറയച്ചന്റേതാണ്. ദീർഘനാളത്തെ ആഗ്രഹത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി 1866 ഫെബ്രുവരി പതിമൂന്നാം തീയതി ലെയോപ്പോൾദ് ബെക്കാറോ എന്ന മിഷണറിയോടുചേർന്ന് കൂനമ്മാവിൽ കർമ്മലീത്താമഠം ഉദ്ഘാടനം ചെയ്യപ്പെട്ടു".

"പ്രേരകശക്തി" എന്ന വാക്ക് ശ്രദ്ധിക്കുക. പ്രേരണ നല്കൽ ഒരു സന്ന്യാസിസമൂഹത്തിന്റെ സ്ഥാപകപദവിക്കു തുല്യമല്ല. ആശിച്ചവരും പ്രേരകശക്തികളും ഒത്താശചെയ്തവരും ആളുകൊണ്ടും അർത്ഥം കൊണ്ടും പിന്തുണച്ചവരും ഒക്കെ ധാരാളമുണ്ടാകാം. അവരാരും, പക്ഷേ, അതുകൊണ്ടുമാത്രം സ്ഥാപകൻ/സ്ഥാപക പദവിക്ക് അർഹരാകുന്നില്ലെന്നും റ്റി.ഒ.സി.ഡി സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപക ദൈവദാസി ഏലീശ്വാമ്മയാണെന്നുമാണ് സിസ്റ്റർ സൂസി തന്റെ ഡോക്ടറൽ പ്രബന്ധത്തിൽ ആവർത്തിച്ചു സ്ഥാപിക്കുന്നത്. അതിനെതിരേ ഗ്രിഗോറിയൻ സർവകലാശാലയിൽ സി.എം.ഐ ക്കാരും സി.എം.സി ക്കാരും പൊല്ലാപ്പുണ്ടാക്കേണ്ട ഒരു കാര്യവും ഉണ്ടായിരുന്നില്ല. അതാണ് സത്യത്തിൽ CMISSION 2011 ജനുവരി ലക്കത്തിന്റെ അമ്പത്തിമൂന്നാം പേജ് ഉദ്ഘോഷിക്കുന്നത്.



ഇത്രയൊക്കെ ആയിട്ടും എല്ലാ മഹത്ത്വവും നേട്ടങ്ങളും വാഴ്ത്തപ്പെട്ട ചാവറയച്ചനിൽ അടിച്ചേല്പിക്കുന്ന പാഴ്വേല ചിലരെങ്കിലും തുടരുന്നുണ്ട്. ഫോർട്ട് കൊച്ചിയിൽ വാസ്കോ ഡ ഗാമ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ 2011 സെപ്റ്റംബർ 22 മുതൽ 24 വരെ നടന്ന രാജ്യാന്തര സെമിനാറിൽ അവതരിപ്പിക്കപ്പെട്ട മുപ്പത്തഞ്ചു പ്രബന്ധങ്ങളിലൊന്നിൽ ഇവ്വിധമൊരു ശ്രമമുണ്ടായി. റവ. ഡോ. ഫ്രാൻസിസ് തോണിപ്പാറ സി.എം.ഐ യുടേതായിരുന്നു പ്രസ്തുതപ്രബന്ധം.

പത്തൊമ്പതാം നൂറ്റാണ്ടിൽ ചാവറയച്ചന്റെ പ്രവർത്തനങ്ങൾ ഒരു പ്രത്യേകമായ കാഴ്ചപ്പാടിൽ വ്യാഖ്യാനിച്ചു കൊണ്ട് ചട്ടമ്പിസ്വാമികളെയും ശ്രീനാരായണഗുരുവിനെയും പോലെ സമൂഹത്തിന്റെ താഴേക്കിടയിലുള്ളവർക്കുവേണ്ടി ചാവറയച്ചൻ അദ്ധ്വാനിച്ചെന്നും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക്, പക്ഷേ, അർഹമായ അംഗീകാരം ലഭിച്ചില്ലെന്നുമുള്ള പരാതിയിലാണ് റവ. ഡോ. ഫ്രാൻസിസ് തോണിപ്പാറ സി.എം.ഐ പ്രബന്ധം അവസാനിപ്പിച്ചത്. ചാവറയച്ചന്റേതായി അദ്ദേഹം വിവരിച്ച പലകാര്യങ്ങളും പള്ളികൾതോറും പള്ളിക്കൂടം, വൈദികരുടെ ധ്യാനം, പിടിയരി തുടങ്ങിയവ മഹാമിഷണറിയായ ബെർണർഡീൻ ബച്ചിനെല്ലി മെത്രാപ്പോലീത്തായുടെ സംഭാവനകളായി സി.എം.ഐ. സഭയിലെ അംഗങ്ങളാൽത്തന്നെ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളിലും വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ തന്നെ കൈയെഴുത്തുപ്രതികളിലും പ്രതിപാദിച്ചിട്ടുള്ളവയാണെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് സി.സൂസി വിശദീകരണം ആവശ്യപ്പെട്ടു. അതിനെ ഒരുവിധത്തിലും ഖണ്ഡിക്കാൻ ശ്രമിക്കാതെ സമയക്കുറവുമൂലമാണ് ബെർണഡിൻ മെത്രാപ്പോലീത്തായുടെ പേര് പറയാതിരുന്നതെന്നു പറഞ്ഞുകൊണ്ട്, ഈ കാര്യങ്ങളെല്ലാം അദ്ദേഹം ചെയ്തതാണെന്ന് ബഹു.ഫ്രാൻസിസ് തോണിപ്പാറ അച്ചൻ സദസ്യരുടെ മുമ്പിൽ സമ്മതിക്കുകയും ചെയ്തു.

എല്ലാ പ്രബന്ധങ്ങളുടെയും സംക്ഷിപ്തരൂപം ഉൾപ്പെടുത്തിയ ഒരു ലഘുപുസ്തകം വിതരണം ചെയ്തിരുന്നു. അതിന്റെ 15-ാം പേജിൽ, ബഹു.തോണിപ്പാറയച്ചൻ, ചാവറയച്ചൻ 1866-ൽ സി.എം.സി കോൺഗ്രിഗേഷൻ സ്ഥാപിച്ചെന്നും സ്ത്രീശാക്തീകരണം നടത്തിയെന്നും പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. എങ്കിലും അദ്ദേഹം തന്റെ പ്രബന്ധം അവതരിപ്പിച്ചപ്പോൾ തർക്കവിഷയമാകാവുന്ന ഈ കാര്യം ഒഴിവാക്കി. സി.സൂസി

സി.റ്റി.സി. Mother Eliswa & Women Empowerment through CTC എന്ന പ്രബന്ധം അവതരിപ്പിച്ചപ്പോൾ തോണിപ്പാറയച്ചൻ പരാമർശിച്ചിരുന്ന ഈ കാര്യം എടുത്തുപറയുകയും ചരിത്രപരമായി അതിന്റെ പിന്നി ലുള്ള അവ്യക്തതകൾ നീക്കാൻവേണ്ടി, വാഴ്ത്തപ്പെട്ട ചാവറയച്ചൻ 1865 അവസാനത്തിൽ ആദ്യമായി മദർ ഏലീശ്വയെയും അന്നയെയും പറ്റി കേട്ടതുമുതൽ 1869-ൽ രോഗിയാകുന്നതു വരെയുള്ള എല്ലാ പ്രവർത്തനങ്ങളും വിശദീകരിക്കയും ചാവറയച്ചൻ റ്റി.ഒ.സി.ഡി സഭയുടെ ഉപകാരികളിൽ ഒരാളാണെന്നു പ്രസ്താവിക്കുകയും ചെയ്തു. ചാവ റയച്ചൻ റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ ഒരു ശാഖയായ സി.എം. സി യുടെ സ്ഥാപകനാണെന്ന നിലപാടിന് ചരിത്രപരമായി ഒരു അടി സ്ഥാനവുമില്ല എന്നും വ്യക്തമാക്കി. തോണിപ്പാറയച്ചൻ ഇതിനെതിരായി ഒരുവിധ ന്യായവാദവും ഉന്നയിച്ചില്ല എന്നത് ശ്രദ്ധേയമാണ്.

### പേരിലെ സാമ്യം പറഞ്ഞു പോരടിക്കരുതേ

കൂനമ്മാവിലെ മഠത്തെയും റ്റി.ഒ.സി.ഡി സന്ന്യാസിനീസമൂഹ ത്തിന്റെ പിറവിയെയും ബെർണഡീൻ ബച്ചിനെല്ലി മെത്രാപ്പോലീത്താ വരാപ്പുഴ പുത്തൻപള്ളിയിൽ തുടങ്ങാനിരുന്ന മഠവുമായും സി.എം.ഐ സഭയുമായും ബന്ധിപ്പിക്കാനുള്ള തീവ്രശ്രമം തന്റെ പുസ്തകത്തിൽ പന്തല്ലാക്കൽ അച്ചൻ നടത്തുന്നുണ്ട്. രണ്ടും രണ്ടു വ്യത്യസ്ത സംഭവ ങ്ങളാണെന്നതാണു സത്യം.

യൂറോപ്പിൽ നിന്ന് കർമ്മലീത്താ സന്ന്യാസിനികളെ കൊണ്ടുവന്ന് പുത്തൻപള്ളിയിൽ ആരംഭിക്കാൻ ബെർണഡീൻ മെത്രാപ്പോലീത്ത ആഗ്രഹിച്ച മഠത്തെ സുറിയാനി കത്തോലിക്കരുമായും സി.എം.ഐ സഭയുമായും ബന്ധിപ്പിക്കാൻ അച്ചൻ നടത്തുന്ന പെടാപ്പാടുകാണുക. ഇതിൽ പ്രധാനം പേരിലൂടെ പൈതൃകം സ്ഥാപിക്കാനുള്ള ശ്രമമാണ്. "സുറിയാനിസഭക്കാരുടേതായി മാന്നാനത്താരംഭിച്ച സന്ന്യാസസഭയുടെ പേരാണ് അമലോദ്ഭവ വിശുദ്ധ കർമലമാതാവിന്റെ ദാസർ എന്നുള്ളത്. സ്ത്രീവിഭാഗത്തിനായി ഉണ്ടാക്കാൻ ഉദ്ദേശിച്ച മഠത്തിനും ഈ പേരുതന്നെ നല്കപ്പെട്ടിരിക്കുന്നു. അമലോദ്ഭവ വിശുദ്ധ കർമ്മല ദൈവ മാതാവിന്റെ കന്യാസ്ത്രീമഠം. പേരിന്റെ സാധർമ്യത്തിൽ നിന്നു തന്നെ സ്പഷ്ടമാണല്ലോ ഈ സഭയുടെ ഭാഗമായാണ് പുത്തൻപള്ളിയിൽ



സ്ത്രീകൾക്കായുള്ള മഠം പണിയാൻ തീരുമാനിച്ചതെന്ന്" (ചാവറയ ച്ചനും തദ്ദേശീയ സന്ന്യാസസഭകളും, പേജ് 26).

അമലോദ്ഭവമാതാവിന്റെ നാമം ഉൾക്കൊള്ളുന്ന അനവധി സന്ന്യാസസഭകളുണ്ട് കത്തോലിക്കാസഭയിൽ. സി.എം.ഐ സഭയുടെ പിറവിക്കു മുൻപും പിൻപും ഉദ്ഭവിച്ചവയുണ്ട് ഇക്കൂട്ടത്തിൽ. പന്തല്ലാ ക്കൽ അച്ചന്റെ വാദഗതി അംഗീകരിച്ചാൽ ഇവയൊക്കെയും സി.എം. ഐ. ചരിത്രത്തിന്റെ ഭാഗമാണെന്നു പറയേണ്ടിവരും!

മലയാളിയായ (സുറിയനി കത്തോലിക്കയും) സിസ്റ്റർ ലിസ്സെറ്റ് തുരുത്തിമറ്റം, എസ്.എം.ഐ സിസ്റ്റേഴ്സിന്റെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു എന്ന വാർത്ത ഈയിടെ വായിക്കാനിടയായി. അഞ്ചു കൗൺസിലർമാരിൽ മൂന്നുപേരും ഇതുപോലെ മലയാളികൾ- സുറിയാനി കത്തോലിക്കർ. എസ്.എം.ഐ എന്നാൽ സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്. അതായത്, അമലോദ്ഭവമാതാവിന്റെ സഹോദ രിമാർ.

ഈ പേരുകണ്ടും പന്തല്ലാക്കൽ അച്ചന്റെ പുസ്തകം വായിച്ചും എസ്.എം.ഐ. സഭയുടെ തലപ്പത്തു സുറിയാനിക്കാരാണ് എന്നതു കൊണ്ടും, ആരെങ്കിലും ഈ സഭ സി.എം.ഐ സഭയുടെ വനിതാ ശാഖ യാണെന്നു വാദിച്ചാൽ എന്താവും സ്ഥിതി? ബംഗാളിലെ കൃഷ്ണ നഗ റിൽ 1948-ൽ ബിഷപ്പ് ഡോ.ലൂയിസ് റവോറി മോറോ സ്ഥാപിച്ചതാണ് എസ്.എം.ഐ സഭ.

പ്രസക്തമായ ചോദ്യം അതല്ല. കൂനമ്മാവിലെ മഠത്തിന് എന്തു കൊണ്ട് പുത്തൻപള്ളിയിൽ തുടങ്ങാനിരുന്ന മഠത്തിന്റെ പേരു നല്കി യില്ല? പ്രധാന ചോദ്യവും ഇതു തന്നെ. പന്തല്ലാക്കൽ അച്ചൻ, പക്ഷേ, ഈ ഏരിയയിലേക്കേ നോക്കുന്നില്ല.

ഇപ്പറഞ്ഞതിനെക്കാളൊക്കെ വലിയൊരു വിഷയം ഈ അനാ വശ്യവിവാദത്തിൽ മറഞ്ഞിരിപ്പുണ്ട്. അത് പുരുഷാധിപത്യ സമ്പ്രദായ ത്തിന്റെ താത്പര്യങ്ങളാണ്. കേരളത്തിൽ സന്ന്യാസം ഉൾപ്പെടെയുള്ള നന്മകൾ പുരുഷൻവഴി മാത്രമേ ഉണ്ടാകാൻ പാടുള്ളൂ എന്ന ശാഠ്യം എന്തിന്? എണ്ണംകൊണ്ടും സേവനരംഗങ്ങളുടെ വലുപ്പംകൊണ്ടും ഒന്നാ മതു നില്ക്കുന്ന സി.എം.സി സന്ന്യാസിനീസമൂഹമാണ് കാലത്തോട്

ഈ ചോദ്യത്തിന് ഉത്തരം നല്കേണ്ടത്. കാലത്തിന്റെ തികവ് എപ്പോൾ എന്നേ അറിയാനുള്ളൂ.

വസ്തുതകൾ വളച്ചൊടിച്ചും സത്യത്തിനു പുറംതിരിഞ്ഞു നിന്നും പന്തപ്ലാക്കൽ അച്ചനെപ്പോലുള്ളവർ കാട്ടുന്ന അതിസാഹസങ്ങൾ പുരുഷാധിപത്യവ്യഗ്രതയായി ഈ നൂറ്റാണ്ട് അടയാളപ്പെടുത്തിയാൽ അദ്ഭുതപ്പെടേണ്ടതില്ല. ''ചാവറ പിതാവിനെ ഇന്നത്തെ സി.എം.സി, സി.റ്റി.സി സഭകളുടെ സ്ഥാപകനാക്കണമെന്നുള്ള ഒരു നിർബന്ധവും എനിക്കില്ല'' എന്നും മറ്റുമുള്ള അദ്ദേഹത്തിന്റെ ഉപസംഹാരപ്രഖ്യാപനങ്ങൾ വായിക്കുമ്പോൾ ''അച്ഛൻ വീട്ടിലുമില്ല പത്തായത്തിലും ഇല്ല'' എന്ന കൊച്ചു കുട്ടിയുടെ വാക്കുകളാണ് ഓർമ്മ വരുന്നത്.

ചരിത്രപരമായ ഇത്തരം പ്രതിസന്ധികൾക്ക് ഇന്ത്യയിലെ ലത്തീൻ സഭ വലിയൊരളവിൽ ഉത്തരവാദിയാണ് എന്നു ചൂണ്ടിക്കാട്ടാതെ ഈ കുറിപ്പ് അവസാനിപ്പിക്കാനാവില്ല. ചരിത്രത്തിന്റെ കാര്യത്തിൽ sin of silence -ഉം sin of omission - ഉം ലത്തീൻ സഭയുടെ ഭാഗത്തു നിന്ന് ധാരാളം ഉണ്ടായിട്ടുണ്ട്. ഇതിൽ ചിലത് പൊതുതാത്പര്യം കരുതിയുള്ള ചില കോംപ്രമൈസുകളുടെ ഭാഗമായിരുന്നുവെന്നതു മറക്കുന്നില്ല. അർധസത്യങ്ങൾ മാത്രമല്ല അസത്യങ്ങളും കണ്ടില്ലെന്നു നടിച്ചു.

പക്ഷേ, 1987-നു ശേഷം ഇന്ത്യയിൽ ഉരുത്തിരിഞ്ഞ സഭാസാഹചര്യത്തിൽ സ്വന്തം ആധ്യാത്മികതയും പൈതൃകവും ചരിത്രവും അടിസ്ഥാനമാക്കുന്ന വ്യക്തിസഭയായി ലത്തീൻസഭയും വേറിട്ടു വളരേണ്ട സ്ഥിതി വന്നപ്പോൾ നയംമാറ്റം അനിവാര്യമായി. ലത്തീൻ സഭയുടെ അസ്തിത്വത്തിന് ആധാരമായ സത്യങ്ങൾ വിളിച്ചു പറയേണ്ട സ്ഥിതിയും ബാധ്യതയും ഉണ്ടായി. അതിൽ അസഹിഷ്ണുത കാട്ടാതെ, അസ്വസ്ഥരാകാതെ തുറവു കാട്ടുക എന്നേ അഭ്യർത്ഥിക്കാനുള്ളൂ. നമുക്ക് തുറവോടെ സത്യത്തിന്റെ ഉപാസകരാകാം. സത്യം മാത്രം ജയിക്കട്ടെ, പുലരട്ടെ. സത്യം നമ്മെ സ്വതന്ത്രരാക്കട്ടെ!

**ഇഗ്നേഷ്യസ് ഗൊൺസാൽവസ്**
ചീഫ് എഡിറ്റർ, ജീവനാദം



## ദളങ്ങളിൽ

ആശംസ ..... 3
കൃതജ്ഞത ..... 5
അവതാരിക ..... 7
ദളങ്ങളിൽ ..... 33
പ്രവേശകം ..... 35
1. പ്രതികരണത്തിന്റെ ഉദ്ദേശ്യം ..... 37
2. റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ ചരിത്രത്തിൽ ചാവറയച്ചനുള്ള പങ്ക് ..... 39
3. പുതിയചരിത്രമുണ്ടാക്കാനുള്ള പദ്ധതി ..... 42
4. ഗവേഷണപ്രബന്ധത്തിന്റെ പശ്ചാത്തലം ..... 43
5. ഡിഫൻസിനെക്കുറിച്ച് ..... 43
6. തീസിസിനെക്കുറിച്ച് മോഡറേറ്റർമാർ ..... 48
7. സി.എം.ഐ ജനറലേറ്റ് സന്ദർശനം ..... 49
8. പുസ്തകം തന്നതിനെപ്പറ്റി ..... 51
9. പ്രസ്താവനകളിലെ വാസ്തവികത ..... 53
10. മദർ എലീശ്വ റ്റി.ഒ.സി.ഡി. സ്ഥാപക: തെളിവുകൾ ..... 55
11. ആർച്ച് ബിഷപ്പ് ലെയൊനാർഡ് മെല്ലാനോയുടെ റിപ്പോർട്ടുകൾ ..... 56
12 കാണാൻ പാടില്ലാത്ത ചരിത്രരേഖ ..... 59

13. New Leader ........................................................................ 59
14. ചരിത്രനിഷേധമോ ചരിത്രതത്പരതയോ? ........................................................ 59
15. ചരിത്രരചനയുടെ സവിശേഷതകൾ ............................................................ 61
16. പുത്തൻപള്ളി കെട്ടിടവുമായി ബന്ധമില്ല ........................................................ 62
17. പുത്തൻ മഠത്തിന്റെ ചരിത്രം ............................................................. 64
18. ബച്ചിനെല്ലി മെത്രാപ്പോലീത്തായും കൂനമ്മാവ് മഠവും ............................................ 68
19. എഴുത്തിന്റെ ആധികാരികത ചോദ്യംചെയ്യപ്പെടുന്നു ............................................ 69
20. സി. അന്നയുടെ പത്രമേനി ................................................................ 70
21. Ha fondato con somme fatiche il monastero delle monache’ ........ 70
22. മാർ ലൂയിസ് പഴേപറമ്പിലിന്റെ വീക്ഷണത്തിൽ ................................................ 71
23. മറ്റു വസ്തുതകൾ ........................................................................ 72
24. ഉപസംഹാരം ......................................................................... 75
അനുബന്ധം 1 ........................................................................... 78
അനുബന്ധം 2 ........................................................................... 88
അനുബന്ധം 3 ........................................................................... 91
അനുബന്ധം 4 ........................................................................... 94



## പ്രവേശകം

*Servant of God Mother Eliswa, the Foundress of TOCD (CTC & CMC) for women, The Critical Study of the History of Foundation (1866-1913)* എന്ന എന്റെ ഡോക്ടറൽ പ്രബന്ധം, 2011 ഫെബ്രുവരി 27-ന് കേരള ലത്തീൻസമുദായമഹാസംഗമത്തിന്റെ വേദിയിൽ തിരുവനന്തപുരം അതിരൂപതയുടെ ആർച്ച്ബിഷപ് അഭിവന്ദ്യ സൂസൈപാക്യം പിതാവ് അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടിക്ക് ആദ്യപ്രതി നല്കിക്കൊണ്ട് പ്രകാശനം ചെയ്യുകയുണ്ടായി. ‘നവോത്ഥാനവീഥിയിലെ മിഷണറിമാർക്ക് സ്മരണാഞ്ജലി’ എന്ന പേരിൽ ജീവനാദത്തിന്റെ ചീഫ് എഡിറ്റർ ശ്രീ ഇഗ്നേഷ്യസ് ഗൊൺസാൽവസ് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം വിശദമാക്കിയിരുന്നു. സി.എം.സി, സി.റ്റി.സി സന്ന്യാസിനീസഭകളടങ്ങിയ റ്റി.ഒ.സി.ഡിയുടെ യഥാർഥചരിത്രം ഇനിയൊരു സന്ദേഹസാധ്യതയ്ക്ക് പഴുതില്ലാത്തവിധം അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം കേരളത്തെ നവോത്ഥാനത്തിലേക്കും വിശ്വാസതീക്ഷ്ണതയിലേക്കും നയിച്ച മിഷണറിമാർക്ക് കൃതജ്ഞതയോടെ അർപ്പിക്കുന്ന സ്മരണാഞ്ജലിയായും ഭവിക്കുന്നുവെന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്.

റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ യഥാർഥചരിത്രത്തിലേക്ക് വെളിച്ചംവീശുമ്പോൾ മറ്റനേകം ചരിത്രതമസ്കരണങ്ങളിലേക്കും വെളിച്ചം പകരുന്നുണ്ട്. ചരിത്ര രചനയിൽ സംഭവിച്ച തെറ്റും ശരിയും മാറ്റുരച്ചുനോക്കുമ്പോൾ ചില സത്യങ്ങൾ പറയാതെ പോകുന്നത് വരുംതലമുറയോടുള്ള അനീതിയാണ്. ചരിത്രകാരന്മാരല്ലാത്ത ഒത്തിരി പുസ്തകരചയിതാക്കൾ വികലമാക്കിയ വിവരണങ്ങളുടെ നിജസ്ഥിതി വെളിവാക്കുക എന്ന പ്രയാസമേറിയ ഒരു കർമ്മമാണ് ഈ

ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഇത് ഒരു വിഭാഗത്തിന് അപ്രിയ സത്യങ്ങളാണെങ്കിലും സത്യം വെളിച്ചത്തുകൊണ്ടുവരുക എന്നത് ചരിത്രം പഠിച്ച ഒരു വ്യക്തിയുടെ ആത്മാർഥതയുടെ ഭാഗമാണെന്ന് ഞാൻ മനസ്സിലാക്കുന്നു സി.എം.സി സഭയ്ക്ക് വേറിട്ടൊരു ആരംഭചരിത്രമില്ലെന്നും, സി.റ്റി.സി, സി.എം.സി സഭകളുടെ തായ്ത്തടിയായ റ്റി.ഒ.സി.ഡിയുടെ സ്ഥാപക, ദൈവദാസി മദർ എലീശ്വയാണെന്നും ഉറപ്പിച്ചു പറയുന്നതോടൊപ്പം അതിന്റെ എല്ലാ വശങ്ങളും വാദഗതികളും വളരെ വിശദമായി ഇനിയൊരു സംശയത്തിനിടയില്ലാതെ ഈപുസ്തകത്തിൽ പ്രതിപാദിക്കുന്നുമുണ്ട്.



## 1. പ്രതികരണത്തിന്റെ ഉദ്ദേശ്യം

കേരളത്തിന്റെ സഭാചരിത്രത്തിൽ നിർണായകപ്രാമുഖ്യമുള്ള റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ ഉദ്ഭവം അവ്യക്തതയുടെ പുകമറയിലാഴ്ത്തി തങ്ങൾക്കിഷ്ടമുള്ളവിധം പൊതുജനങ്ങളിലേക്കെത്തിക്കാൻ ചരിത്രകാരന്മാരല്ലാത്ത നിരവധി രചയിതാക്കൾ ആവുംവിധം ശ്രമിച്ചിട്ടുണ്ട്. പലപുസ്തകങ്ങളിലായി പ്രസിദ്ധീകരിച്ചിരിക്കുന്നതുകൊണ്ടോ വളരെയധികം പ്രചരിപ്പിച്ചിരിക്കുന്നതുകൊണ്ടോ അബദ്ധപ്രചാരണം ശക്തമായി ആവർത്തിക്കുന്നതുകൊണ്ടോ ഇവയൊന്നും ചരിത്രമായിത്തീരുന്നില്ല. ചരിത്രം സത്യമാണ്. സത്യത്തിന്റെ സ്ഫുലിംഗങ്ങൾ നൂറ്റാണ്ടുകൾ കഴിഞ്ഞാലും പുറത്തുവരും. സത്യമല്ലാത്ത ഒന്ന് സത്യമാക്കാൻ ശ്രമിക്കുമ്പോൾ പരസ്പരവിരുദ്ധമായവ ഒരു പുസ്തകത്തിൽത്തന്നെ കടന്നുകൂടും. കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമ്മിലൈറ്റ്സിന്റെയും (സി.റ്റി.സി) കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മലിന്റെയും (സി.എം.സി) തായ്ത്തടിയായ റ്റി.ഒ.സി.ഡി സഭയുടെ സ്ഥാപക ദൈവദാസി മദർ ഏലീശ്വയാണെങ്കിലും, വാഴ്ത്തപ്പെട്ട ചാവറയച്ചനാണു സ്ഥാപിച്ചതെന്ന് ഏതുവിധേനയും വരുത്തിത്തീർക്കാൻ ചരിത്രം വളച്ചൊടിച്ചും കൈയെഴുത്തുപ്രതികൾ വികലമാക്കിയും പലരും 'ചരിത്രരചന' തുടരുകയാണ്.

*Servant of God Mother Eliswa, the Foundress of TOCD (CTC & CMC) for Women. The Critical Study of the History of Foundation (1866-1913)* എന്ന എന്റെ ഡോക്ടറൽ പ്രബന്ധം ചരിത്രപരമായ തെളിവുകൾ നിരത്തി യഥാർത്ഥചരിത്രം വെളിച്ചത്തുകൊണ്ടുവരാനുള്ള ശ്രമമായിരുന്നു. ആ ശ്രമത്തിൽ അന്നുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളിലെ മന:പൂർവകമായ തെറ്റുകളും വ്യാഖ്യാനങ്ങളിലെ പാളിച്ചകളുമെല്ലാം അക്കദമികപ്രതിജ്ഞാബദ്ധതയോടെ വിവരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു. ഈ പുസ്തകത്തിനെതിരേ സി.എം.സി., സി.എം.ഐ സഭകളുടെ പ്രതിഷേധമെന്നനിലയിൽ 'ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും' എന്ന ഒരു ചെറിയ മലയാളപുസ്തകം ബഹു. ഫാ. തോമസ് പന്തപ്ലാക്കൽ എഴുതി സൗജന്യമായി എല്ലാ സന്ന്യാസഭവനങ്ങളിലേക്കും വൈദികമേലദ്ധ്യക്ഷന്മാർക്കും മറ്റും അയച്ചുകൊ

ടുത്തുകൊണ്ടിരിക്കുകയാണ്. എന്റെ ഡോക്റ്ററൽ പ്രബന്ധം റിലീസ് ചെയ്ത ഉടനേ സി.എം.സി., സി.എം.ഐ സുപ്പീരിയർ ജനറൽ മാർക്ക് അയച്ചുകൊടുത്തിരുന്നു. എന്നാൽ ബഹു. പന്തപ്ലാക്കലച്ചന്റെ ചെറിയപുസ്തകത്തിന്റെ ഒരു കോപ്പി, അത് എനിക്കെതിരായ വിമർശനങ്ങളായിരുന്നിട്ടുപോലും, എനിക്ക് അയച്ചുതരാൻ ഔദാര്യം കാണിച്ചില്ലെന്നതു പരിഗണിക്കുമ്പോൾ, 'ചാവറയച്ചനും തദ്ദേശീയ സന്ന്യാസ സഭകളും' എന്ന ഈ ചെറിയ പുസ്തകത്തിന് ചരിത്രത്തിന്റെ പിൻബലത്തോടെയും അക്കദമികപ്രധാന്യത്തോടെയുമുള്ള ഒരു മറുപടി അച്ചൻ പ്രതീക്ഷിക്കുന്നില്ലെന്നോ അർഹിക്കുന്നില്ലെന്നോ ആണ് വ്യക്തമാകുന്നത്. തരിമ്പുപോലും സത്യമില്ലാതെ, മനഃപൂർവം എന്നെ തേജോവധം ചെയ്യാൻ ചമച്ചിറക്കിയ ഈ പുസ്തകത്തിന്റെ നിലവാരം പരിഗണിച്ചാലും ഒരു പ്രതികരണത്തിന്റെ ആവശ്യമില്ല എന്നുതന്നെ പറയാം. ഒരു മുതിർന്ന വൈദികനായ ബഹു. ഫാ.തോമസ് പന്തപ്ലാക്കൽ സി.എം. ഐ യും പ്രസിദ്ധമായ സി.എം.ഐ സഭയും സി.എം. സി യും ചേർന്നാണല്ലോ ഇത്തരത്തിൽ പ്രതികരിക്കുന്നത് എന്നോർക്കുമ്പോൾ സഹതാപം മാത്രമാണുള്ളത്. വിനീതനും വിജ്ഞാനിയും വിവേകിയുമായി ജീവിച്ച് കടന്നുപോയ ഒരു വാഴ്ത്തപ്പെട്ടവന്റെ നാമം ഇത്തരമൊരു പുസ്തകത്തിന് തലക്കെട്ടായി നല്കി അദ്ദേഹത്തെ അപകീർത്തിപ്പെടുത്തിയില്ലേ എന്ന സംശയവും ബാക്കിനില്ക്കുന്നു. 'Private Circulation' എന്ന ലേബലിൽ കേരളത്തിനകത്തും പുറത്തും ആവേശപൂർവം വിതരണം ചെയ്തിരിക്കുന്ന ഈ പുസ്തകത്തിന് ചരിത്രപരമായി വലിയ പ്രാധാന്യമില്ല. അതിൽ ഉന്നയിക്കുന്ന ചരിത്രപരമായ കാര്യങ്ങളൊക്കെയും മേല്പറഞ്ഞ ഡോക്ടറൽ പ്രബന്ധത്തിൽ വിശദീകരിച്ചിട്ടുള്ളതുതന്നെയാണ്. എങ്കിലും ബഹു. പന്തപ്ലാക്കലച്ചൻ ഉച്ചത്തിൽ ഉദ്ഘോഷിക്കുന്ന അബദ്ധങ്ങൾ ചിലരിലെങ്കിലും തെറ്റിദ്ധാരണകൾ ഉണ്ടാക്കാൻ ഇടയുണ്ട്. അതുകൊണ്ടാണ് ഈ പ്രതികരണം. വളരെ വർഷങ്ങൾ പഴക്കമുള്ള മുറിവുണക്കാൻ വേദനാജനകമായ ചികിത്സാവിധികൾ ആവശ്യമായിരിക്കുന്നതുപോലെ, റ്റി.ഒ.സി.ഡിയുടെ ചരിത്രത്തിനേറ്റ മുറിവുണക്കാൻ പ്രയാസമേറിയ ചികിത്സാവിധികളിലൂടെ കടന്നുപോകേണ്ടത് ആവശ്യമാണെന്ന കാര്യവും ഇവിടെ പറയാൻ ആഗ്രഹിക്കുന്നു.



## 2. റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ ചരിത്രത്തിൽ ചാവറയച്ചനുള്ള പങ്ക്

'ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും' എന്ന പുസ്തകത്തിന്റെ ആദ്യഭാഗത്ത് മദർ ഏലീശ്വയെ പ്രഥമ അംഗമായാണ് ബഹു.പന്തപ്ലാക്കലച്ചൻ വിവരിച്ചിരിക്കുന്നത് (തോമസ് പന്തപ്ലാക്കൽ സി.എം.ഐ, ചാവറയച്ചനും തദ്ദേശീയ സന്ന്യാസ സഭകളും, പേജ്-5). പക്ഷേ, ദൈവദാസി മദർ ഏലീശ്വയാണ് റ്റി.ഒ.സി.ഡി സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപകയെന്നതിന് അനിഷേധ്യമായ തെളിവുകൾ എന്റെ ഗ്രന്ഥത്തിൽ ഞാൻ അക്കമിട്ടു നിരത്തിയിട്ടുണ്ട്.[1] ഒരു സന്ന്യാസസഭയുടെ കേന്ദ്രബിന്ദുവും സാരസർവസ്വവും അതിന്റെ കാരിസം ആണ്. ആ ദൈവദാനം ഏറ്റുവാങ്ങിയത് മദർ ഏലീശ്വയാണ്. ആ സിദ്ധിയിൽ ആഴപ്പെട്ട് പ്രാർത്ഥനയും പരിത്യാഗവും വിരക്തിയും പരിശീലിച്ച് ജീവിച്ചിരുന്ന മദറിന്റെ പുണ്യപാതയിലേക്കാണ് മകളും സ്വന്തം സഹോദരിയും ആകർഷിക്കപ്പെട്ടത്.

റ്റി.ഒ.സി.ഡി യുടെ ആദ്യമഠത്തോടനുബന്ധിച്ച കാര്യങ്ങളിൽ 'ചാവറയച്ചനും സി.എം.ഐ അംഗങ്ങൾക്കുമുള്ള പങ്ക്' വിശദമാക്കാനാണ് പന്തപ്ലാക്കൽ അച്ചൻ ശ്രമിക്കുന്നത് (തോമസ് പന്തപ്ലാക്കൽ സി.എം.ഐ. ചാവറയച്ചനും തദ്ദേശീയ സന്ന്യാസ സഭകളും, പേജ്-5). എന്നാൽ ലെയോപ്പോൾഡ് അച്ചനോടൊപ്പം ചാവറയച്ചനല്ലാതെ മറ്റാർക്കും മഠത്തിൽ പ്രവേശനമുണ്ടായിരുന്നില്ല എന്ന് ലെയോപ്പോൾഡച്ചൻ 1872 ജൂലൈ 21-ന് എഴുതിയ കത്തിൽ വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പറയുന്നത് ഇങ്ങനെയാണ്: "ഇപ്പോൾ ഞാൻ അനുവദിച്ചാൽ നാളെ കൂനമ്മാവിലൂടെ പോകുന്ന എല്ലാ അച്ചന്മാരും നിങ്ങളുടെ പാർലറിൽ വരും. ഇത് സാത്താന് മഠത്തിൽ കയറാനുള്ള തന്ത്രമാണ്".[2]

തോമസ് പന്തപ്ലാക്കൽ അച്ചന്റെ പുസ്തകത്തിൽ ഇരുപത്തിനാലാം പേജിൽ പറയുന്നതുപോലെ, ചാവറയച്ചന് ആഗ്രഹമുണ്ടായി

1. SUCY KINATTINGAL, *Servant of God Mother Eliswa, the foundress of TOCD (CTC&CMC) for women*, pp. 166-197.
2. മേരി പ്രസില്ല, ലെയോപ്പോൾഡ് മിഷണറി, പേജ്. 99, ലെയോപ്പോൾഡ് അച്ചന്റെ എഴുത്തിന്റെ കോപ്പി.

രുന്നു എന്നത് റ്റി.ഒ.സി.ഡി യുടെ ചരിത്രത്തിൽ പ്രാധാന്യമുള്ള ഒന്നല്ല. കാരണം, വളരെപ്പേർക്ക് ഒരു കോൺവെന്റ് ഉണ്ടാകണമെന്ന് ആഗ്രഹ മുണ്ടായിരുന്നിരിക്കണം. 'ആഗ്രഹമുണ്ടായിരുന്നു' എന്നത് സ്ഥാപകൻ എന്നുവിളിക്കാനുള്ള മാനദണ്ഡവുമല്ല. മദർ ഏലീശ്വയുടെ വിളിയും കാരിസവും അതിന്റെ സ്ഥിരീകരണവും അതിന്റെ ആദ്യകാല നടപടി കളുമായി വാഴ്ത്തപ്പെട്ട ചാവറയച്ചന് ഒരുവിധ ബന്ധവുമില്ലായിരുന്നെന്ന് അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തുന്നത് പ്രധാന സംഗതിയാണ്[3].

മദർ ഏലീശ്വ 1862-ലാണ് ലെയോപ്പോൾഡച്ചനെ സമീപിച്ചത്. ആ സിദ്ധിയും ജീവിതശൈലിയും പഠിച്ച് കർമ്മലയിലേക്കുള്ള സിദ്ധി യാണെന്നു സാക്ഷ്യപ്പെടുത്തി 1864-ൽ വികാരി അപ്പസ്തോലിക്കയാ യിരുന്ന ആർച്ച് ബിഷപ്പ് ബെർണർഡീൻ ബച്ചിനെല്ലിയെ ബോധിപ്പിച്ച് അംഗീകാരവും നേടി. 1865 അവസാനം മദർ ഏലീശ്വയെക്കുറിച്ചും അന്ന യെക്കുറിച്ചും അവർക്ക് ഒരു മഠം തുടങ്ങാനുള്ള പദ്ധതിയെക്കുറിച്ചും ലെയോപ്പോൾഡ് അച്ചനിൽനിന്ന് ആദ്യമായി കേട്ടപ്പോൾ, ഈ ഉദ്യ മത്തിലേക്ക് തന്റെ സഹായം ചാവറയച്ചൻ വാഗ്ദാനം ചെയ്തു: "പെൺ പൈതങ്ങളെ നമസ്കാരം മുതലായ കൈവേലകളും പഠിപ്പിക്ക എന്നുള്ള ഒരു വെലയിൽ യിവരെ ഏർപ്പെടുത്താമെന്നു നിശ്ചയിച്ചു. 65 കാലം കന്നി മാസം ഒരു ദിവസത്തിൽ കൊവെന്തകളുടെ ഒന്നാം പ്രിയൊരായ പെ:ബ: കുറിയാക്കോസ എലിയ എന്ന ദെഹത്തിനൊടും ഈ കാര്യം പെ:ബ:മൂപ്പച്ചൻ പറഞ്ഞാറെ ആ ദെഹത്തിനും ഏറ്റം സന്തൊഷവും തെളിവും ആയി കഴിയുന്ന വെലയിതിനെ ചെയ്യാമെന്നും ഉത്തരിക്കയാലും മൂപ്പച്ചന്റെ ഹൃദയം തെളിഞ്ഞ ..." (നാളാഗമം (മൂലഗ്രന്ഥം, വാല്യം 1, പേജ് 5).

1866 ജനുവരിയിൽ പനമ്പുമഠത്തിന്റെ പണിമുതലാണ് വാഴ്ത്ത പ്പെട്ട ചാവറയച്ചന്റെ സഹായങ്ങൾ ആരംഭിക്കുന്നത്[4]. സിദ്ധിയിലും അതിന്റെ ആദ്യ നടപടികളിലും അദ്ദേഹത്തിന് ഒരു പങ്കുമില്ലെന്ന് അദ്ദേ ഹത്തിന്റെ കൈയെഴുത്തുപ്രതികൾ തെളിയിക്കുന്നു. സി.എം.ഐ

3. സി.എം.ഐ ചാവറയച്ചന്റെ സമ്പൂർണകൃതികൾ, വാല്യം 1, മന്നാനം 1981, പേജ്. 124.
4. വിമല പ്രോവിൻസ് ആർക്കൈവ്സ് ഓഫ് സി.എം.സി, എറണാകുളം, നാളാഗമങ്ങൾ, വാല്യം 1, പേജ് 1-3.



സി.എം.സി സഭകൾ ചേർന്ന് ചാവറയച്ചനെ പിന്നീട് സി.എം.സി സഭയുടെ സ്ഥാപകനാക്കിത്തീർത്തു. സി.എം.സിക്കു മാത്രമായി ഒരു ആരംഭചരിത്രമില്ല. റ്റി.ഒ.സി.ഡി യുടെ ഒരു ശാഖയാണ് സി.എം.സി. 1866 ഫെബ്രുവരി 13-ന് ഒരു സുറിയാനി അംഗവും കൂനമ്മാവിൽ ഉണ്ടാ യിരുന്നില്ല[5]. 1869 പകുതിയാകുമ്പോഴേക്കും കാഴ്ചനഷ്ടപ്പെട്ട് രോഗി യാകുന്ന അവസരം വരെ മാത്രമേ ബഹു. ചാവറയച്ചൻ മഠവുമായി ബന്ധപ്പെട്ടിട്ടുള്ളൂ[6]. 1870-ൽ രണ്ടുപ്രാവശ്യം മാത്രമാണ് മഠത്തിൽ വന്ന തെന്നും രണ്ടാം തവണ ആളുകൾ കസേരയിലെടുത്താണ് മഠത്തിന്റെ മുറ്റംവരെ എത്തിച്ചതെന്നും നാളാഗമം സാക്ഷ്യപ്പെടുത്തുന്നു[7]. 1871 ജനു വരിയിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ഇങ്ങനെ മൂന്നര- നാലു വർഷത്തോളം മാത്രമേ അദ്ദേഹം മഠവുമായി ബന്ധപ്പെട്ടിട്ടുള്ളൂ[8].

1869-ൽ ഒരു വർഷത്തേക്ക് ഫാ. ലെയോപ്പോൾഡ് ഒ.സി.ഡി ഇറ്റ ലിയിലായിരുന്നു. അദ്ദേഹത്തിന്റെ അഭാവത്തിൽപ്പോലും വാഴ്ത്തപ്പെട്ട ചാവറയച്ചന് മഠത്തിന്റെമേൽ ഒരു അധികാരവും ഉണ്ടായിരുന്നില്ല. ഡെല ഗേറ്റ്, ഫിലിപ്പോസ് മിഷണറിയായിരുന്നു[9]. ലെയോപ്പോൾഡച്ചന്റെ സഹോദരനായിരുന്ന ഫാ. ജെറാർദ് ഒ.സി.ഡിയാണ് ബാക്കിയുള്ള കാര്യങ്ങളെല്ലാം നിർവഹിച്ചിരുന്നത്. ലെയോപ്പോൾഡച്ചനെ അനുഗമി ച്ചിരുന്നതുപോലെ ചാവറയച്ചൻ ജെറാർദ് അച്ചനെയും അനുഗമിച്ചി രുന്നു. സിസ്റ്റേഴ്സിനെ സഹായിക്കുകയും മഠത്തിന്റെ കോമ്പൗണ്ടിലെ പണികളൊക്കെ നോക്കിനടത്തുകയും ചെയ്തിരുന്നത് ചാവറയച്ചനാണ് എന്ന് നാളാഗമങ്ങൾ സാക്ഷ്യപ്പെടുത്തുന്നു[10]. ചാവറയച്ചന്റെ വാക്കുകൾ ഇങ്ങനെയാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്: "ദെലഗാത്തച്ചൻ വന്ന് തന്റെ കണ്ണാടികൊണ്ട് നോക്കുമ്പോൾ എന്തെല്ലാം കുറ്റപ്പാടുകൾ

5. Ibid, പേജ് 1-3.
6. Ibid, പേജ് 6.
7. Ibid, വാല്യം 2, പേജ് 17.
8. SUCY KINATTINGAL, *Servant of God Mother Eliswa, the foundress of TOCD (CTC&CMC) for women*, pp. 238-241.
9. വിമല പ്രോവിൻസ് ആർക്കൈവ്സ് ഓഫ് സി.എം.സി, എറണാകുളം, നാളാഗമങ്ങൾ, വാല്യം 1, പേജ് 76 തുടർച്ച.
10. വിമല പ്രോവിൻസ് ആർക്കൈവ്സ് ഓഫ് സി.എം.സി, എറണാകുളം, നാളാഗമങ്ങൾ, വാല്യം 1, പേജ് 89.

കിട്ടുമോ എന്നാൽ കുറ്റപ്പാടിന്മേൽ ഭയമില്ല വല്യ ദെലഗാത്തച്ചന്റെ കുറ്റപ്പാടിന്മേൽ കുറെ അധികം ഭയം തന്നെ”[11].

വികാരി അപ്പസ്തോലിക്ക ബെർണർഡിൻ ബച്ചിനെല്ലിയാണ് മഠം പണിയുമായി ബന്ധപ്പെട്ട ഉത്തരവാദിത്വം ലെയോപ്പോൾഡച്ചനെ ഏല്പിച്ചിരുന്നത്. അതിന്റെ എല്ലാ ഘട്ടങ്ങളും വികാരി അപ്പസ്തോലിക്കയുടെ പദ്ധതിയനുസരിച്ചാണ് നീങ്ങിയിരുന്നതെന്നും അതിനായി ബച്ചിനെല്ലി പിതാവ് ധനസഹായം നല്കിയിരുന്നുവെന്നുമുള്ള കാര്യങ്ങളെല്ലാം നളാഗമങ്ങൾ പോലെയുള്ള ചരിത്രരേഖകൾ ഉപയോഗിച്ച് വ്യക്തമായി പ്രബന്ധത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വാഴ്ത്തപ്പെട്ട ചാവറയച്ചനെ സി.എം.സി സഭയുടെ സ്ഥാപകനായി ദത്തെടുത്ത് പിന്നീട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ അദ്ദേഹത്തെ സ്ഥാപകനായി എഴുതിച്ചേർത്തത് എന്ത് അടിസ്ഥാനത്തിലാണെന്നത് ഗൗരവപൂർവം ചിന്തിക്കേണ്ടിയിരിക്കുന്നു.

## 3. പുതിയചരിത്രമുണ്ടാക്കാനുള്ള പദ്ധതി

ഫാ. തോമസ് പന്തപ്ലാക്കൽ, തന്റെ പുസ്തകത്തിൽ 6-11 വരെയുള്ള പേജുകളിൽ പുതിയചരിത്രമുണ്ടാക്കാനുള്ള പദ്ധതിക്ക് സി.റ്റി.സി. മദർ ജനറൽ വേണ്ട ശ്രദ്ധനല്കിയില്ല എന്നു പരിതപിക്കുന്നു. ചരിത്രം പഴയതാണ്. സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ ചരിത്രമുണ്ടാക്കാൻ പലരും ദത്തശ്രദ്ധരാണ്. പക്ഷേ, അതിനോട് എല്ലാവരും സഹകരിക്കണമെന്നു പറയുന്നത് ന്യായമല്ല. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ നാമകരണപരിപാടികൾ പുരോഗമിച്ചപ്പോൾ ഇപ്രകാരം ഒരു പുതിയ ചരിത്രം നിർമ്മിച്ചതായി ഫാ. മത്തിയാസ് മുണ്ടാടൻ തന്നെ സമ്മതിക്കുന്നുണ്ട്. “… there emerged in the early twentieth century, a trend to consider Thomas Palackal and Thomas Porukkare as the founders of the Congregation, almost to the exclusion of Fr. Chavara. It is this view which the authors of *The Carmelite Congregation of Malabar* in 1932, mention two fathers as the founders.

11. വിമല പ്രോവിൻസ് ആർകൈവ്സ് ഓഫ് സി.എം.സി, എറണാകുളം, നാളാഗമങ്ങൾ, വാല്യം 2, പേജ് 5.



As the cause for the Canonization of Chavara progressed, and especially after his beatification in 1986, the tendency became opposite, namely to look upon Chavara as the founder and to relegate the other two to a secondary position” (M.MUNDADAN, *Bl. Elias Kuriakose Chavara,* p. 117).

## 4. ഗവേഷണപ്രബന്ധത്തിന്റെ പശ്ചാത്തലം

റ്റി.ഒ.സി.ഡി സഭയുടെ ചരിത്രം വികലമാക്കിയ കുറെ ഗ്രന്ഥരചയിതാക്കളുടെ ഉദ്യമങ്ങളും അതിന്റെ ഫലമായി ചരിത്രത്തിനേറ്റ കേടുപാടുകളുമാണ് എന്റെ ഗവേഷണപ്രബന്ധത്തിന്റെ പശ്ചാത്തലമായി കണക്കിലെടുത്തിരിക്കുന്നത്[12]. അതെല്ലാം സൗകര്യപൂർവം പുറകിലാക്കി ഫാ.സണ്ണി മാനിയക്കുന്നേലിന്റെ പ്രബന്ധമാണ് പ്രധാനപ്പെട്ട പശ്ചാത്തലമായി പന്തപ്ലാക്കൽ അച്ചൻ എടുത്തു പറയുന്നത് (തോമസ് പന്തപ്ലാക്കൽ സി.എം.ഐ, ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും, പേജ്-12). ചരിത്രത്തിൽ സംഭവിച്ചിട്ടുള്ള വളച്ചൊടിക്കലുകൾ ജനങ്ങളും അക്കദമിക ലോകവും അറിയാൻ അച്ചൻ ഇഷ്ടപ്പെടുന്നില്ല എന്നാണ് ഇതിൽനിന്നു മനസ്സിലാക്കേണ്ടത്.

## 5. ഡിഫൻസിനെക്കുറിച്ച്

“മദർ ഏലീശ്വയാണ് സ്ഥാപക എന്നു സമർത്ഥിക്കാൻ, അതിന് എതിരായിക്കണ്ട രേഖകളെല്ലാം നുണപ്രസ്താവനകളാണ് എന്നു തെളിയിക്കാനുള്ള ശ്രമമാണ് സി.സൂസി നടത്തിയിരിക്കുന്നത്” എന്നാണ് പന്തപ്ലാക്കൽ അച്ചൻ ആരോപിക്കുന്നത് (ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും, പേജ് 13). എന്നാൽ യഥാർത്ഥ ചരിത്രരേഖകൾ തെറ്റായി വ്യാഖ്യാനിച്ചിരിക്കുന്നതും വളച്ചൊടിച്ചും അക്ഷരാർത്ഥത്തിൽ വികലമാക്കിയും നശിപ്പിച്ചുമൊക്കെ ചിലർ ‘ചരിത്രരചന’ തുടർന്നതും സംബന്ധിച്ച് തെളിവുസഹിതമാണ് ഞാൻ വിവരിച്ചിരിക്കുന്നത്[13]. വ്യക്തമായ തെളിവില്ലാതെ ഒന്നും തെറ്റാണെന്നു പറഞ്ഞിട്ടുമില്ല. ഡിഫൻസ് സമ

12. SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC&CMC) for Women*, p. 28.
13. SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC&CMC) for Women*, Chapter 3, (pp. 166-250).

യത്ത് വിതരണം ചെയ്ത 9 പേജ് സംഗ്രഹത്തിന് റഫറൻസ് വയ്ക്കേണ്ട ആവശ്യമില്ല. ഡിഫൻസ് സമയത്ത് റോമിൽ ഇല്ലാതിരുന്ന പന്തപ്ലാക്കൽ അച്ചൻ, യൂണിവേഴ്സിറ്റിയുടെ നിയമങ്ങളൊന്നും പരിചയമില്ലാതിരുന്നിട്ടും ചില സമർപ്പിതർ പറഞ്ഞത് അപ്പാടെ വിശ്വസിച്ച് മറ്റൊരു സമർപ്പിതയെ അപകീർത്തിപ്പെടുത്താൻ പുസ്തകമെഴുതി പ്രചരിപ്പിക്കുന്നു എന്നതിൽത്തന്നെ, അതിന്റെ ഉദ്ദേശ്യശുദ്ധി ചോദ്യംചെയ്യപ്പെടുന്നുണ്ട്. ഡിഫൻസിനുശേഷം, 'പ്രബന്ധത്തിന് മാർഗനിർദ്ദേശം ചെയ്തിരുന്നവരെ കബളിപ്പിച്ചു' എന്നു കാണിച്ച് സി.എം.സി., സി.എം.ഐ സുപ്പീരിയർ ജനറൽമാർ യൂണിവേഴ്സിറ്റിയിലേക്ക് കത്തയച്ചെങ്കിലും അത് യുക്തിരഹിതമായ ഒരു ആരോപണം മാത്രമായിരുന്നെന്നു തെളിയിക്കാൻ ഒട്ടും വിഷമമില്ലായിരുന്നു! കാരണം,'നുണയാണ്' എന്ന് ആവർത്തിക്കാനല്ലാതെ ഉദാഹരണസഹിതം പറയാൻ അവർക്ക് സാധിക്കുന്നില്ലായിരുന്നു. എന്നാൽ, മറുഭാഗത്ത്, ചരിത്രം വികലമാക്കാൻ തത്പരകക്ഷികൾ ചെയ്തിട്ടുള്ള എല്ലാ ഉദ്യമങ്ങളും പ്രബന്ധത്തിൽ ഉദാഹരണസഹിതം വിവരിച്ചിരിക്കുന്നുമുണ്ട്. വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച പരിശുദ്ധ പിതാവിന്റെ ഡിക്രിയടക്കമുള്ള രേഖകൾ യൂണിവേഴ്സിറ്റിക്കു സമർപ്പിച്ച് പ്രബന്ധത്തിന്റെ ശീർഷകത്തിൽനിന്ന് 'Foundress of TOCD' എന്നതു മാറ്റി 'First Superior General' എന്നാക്കാൻ തത്പരകക്ഷികൾ ഒരു വിഫല ശ്രമം നടത്തിയെങ്കിലും, ചരിത്രപരമായ തെളിവുകൾ നിരത്തി പ്രൊഫസർമാരെ യഥാർത്ഥചരിത്രം ബോദ്ധ്യപ്പെടുത്താൻ സാധിച്ചു എന്നതിനു തെളിവാണ് 'Foundress of TOCD' എന്ന വാക്കോടുകൂടെത്തന്നെ പ്രബന്ധം പ്രസിദ്ധീകരിക്കാൻ സാധിച്ചത്. 1866-ൽ സഭാ സ്ഥാപനത്തിന്റെ അവസരത്തിലും ആദ്യനാളുകളിലും വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പങ്ക് വ്യക്തമായി പ്രബന്ധത്തിന്റെ 3-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ചരിത്രപരമായി സാധുതയില്ലാത്ത ഒരു കാര്യം (ചാവറയച്ചനാണ് സി.എം.സി സഭ സ്ഥാപിച്ചത് എന്ന്) ഒരു നൂറ്റാണ്ടിനുശേഷം നാമകരണ നടപടികളിൽ പിന്നീട് എഴുതിച്ചേർത്തതിനാലാണ്, ഇപ്പോൾ അത് പരിശുദ്ധ പിതാവിന്റെ ഡിക്രിയിൽ കടന്നുകൂടിയതെന്നും ചരിത്രപരമായി തെറ്റായ വസ്തുതകൾ റോമിലേക്കയച്ചതിന് സി.എം.സി., സി.എം.ഐസഭകളോട് വിശദീകരണം ആവശ്യപ്പെടണമെന്നും നിർദ്ദേശിച്ചപ്പോൾ, ചരിത്രവിഭാഗം പ്രൊഫസർമാർക്ക് സത്യം മനസ്സിലായതുകൊണ്ടല്ലേ



യഥാർത്ഥ ശീർഷകത്തിലെ പ്രധാന വാക്കുകൾ 'Foundress of TOCD' അംഗീകരിച്ചത്? ഒരു ഒത്തുതീർപ്പിനുവേണ്ടി extract ന്റെ 50 കോപ്പികളിൽ നിന്നു മാത്രം 'സി.എം.സി' നീക്കി പ്രശ്നങ്ങൾ അവസാനിപ്പിച്ചു. റ്റി.ഒ.സി.ഡി ഉള്ളിടത്തോളം കാലം, സി.എം.സി അതിൽ നിന്നു പുറത്തല്ല എന്ന് സാമാന്യബുദ്ധിയുള്ള ആർക്കും വെളിവാകുന്ന കാര്യമായതിനാലാണ് ആ ഒരു ചെറിയ ഒത്തുതീർപ്പിനു തയ്യാറായത്. പ്രബന്ധം അതിന്റെ യഥാർത്ഥശീർഷകത്തിൽത്തന്നെ പ്രസിദ്ധീകരിക്കാൻ യൂണിവേഴ്സിറ്റി അനുവദിച്ചിട്ടുമുണ്ട്. പരസ്യമായി ഡിഫൻസ് കഴിഞ്ഞ പ്രബന്ധമായതിനാൽ *Nihil Obstat* ലും പ്രബന്ധത്തിന്റെ യഥാർത്ഥ ശീർഷകമാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥ ശീർഷകത്തിന് ഗ്രന്ഥകർത്രിക്ക് അവകാശമുണ്ടോ ഇല്ലയോ എന്നൊ ന്നും അന്വേഷിക്കാതെ, 'ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിക്കും സി.എം.സി സന്ന്യാസിനീ സമൂഹത്തിനും എതിരാണ്' എന്ന് (ചാവറയച്ചനും തദ്ദേശീയ സന്ന്യാസ സഭകളും, പേജ് 20) പറഞ്ഞിരിക്കുന്നതിന് പ്രസക്തിയില്ല. ആത്മാർത്ഥതയുടെ പരിവേഷംചാർത്തി അതിനുപിന്നിൽ ഗ്രന്ഥകർത്രിയെ മനഃപൂർവം അവഹേളിക്കുകയാണ് പന്തപ്ലാക്കലച്ചൻ ചെയ്തിരിക്കുന്നത്.

പ്രാഥമികപഠനത്തിൽത്തന്നെ സി.എം.ഐ., സി.എം.സി സഭകളുടേതായി പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകങ്ങളിൽ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത് താത്പര്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി വ്യത്യാസപ്പെടുത്തിയാണെന്ന് വ്യക്തമായിരുന്നു. റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ സ്ഥാപക മദർ ഏലീശ്വയാണെന്ന സത്യം ഉറപ്പിക്കാൻ ആവശ്യമായ തെളിവുകളുണ്ട്. സി.എം.സി ആർക്കൈവ് സിൽ കൂടുതൽസമയം അനുവദിച്ചിരുന്നെങ്കിൽ, പഠനത്തിന്റെ conclusion-ൽ മാറ്റം വരുമായിരുന്നുവോ എന്ന് പ്രൊഫ. റ്റാനർ ചോദിച്ചതിന്, സ്ഥാപക മദർ ഏലീശ്വയാണെന്നതിന് മാറ്റം വരില്ല, കാരണം ഇത് ചരിത്രസത്യമാണെന്നു തെളിയിക്കാൻ ഉപയുക്തമായ തെളിവുകളുമുണ്ട്. പക്ഷേ, കൂടുതൽ വിശദീകരണങ്ങൾ ലഭിക്കുമായിരുന്നു എന്നാണു പറഞ്ഞത്. അഞ്ച് വർഷത്തോളം ഈ വസ്തുതകൾ വിശകലനം ചെയ്ത് പഠിച്ച് തയ്യാറാക്കിയ പ്രബന്ധത്തിന്റെ ഡിഫൻസിന്റെ സമയത്ത് അത് ചരിത്രസത്യമാണെന്നും അതിന്റെ സംഗ്രഹത്തിന് മാറ്റമുണ്ടാവുകയില്ലെന്നും ഉറപ്പിച്ചു പറയാൻ കഴിഞ്ഞത്, ചരിത്രത്തിൽ ഗവേഷണം ചെയ്ത ഒരു വ്യക്തിയുടെ ആധികാരികതയുടെ ശബ്ദമാണ്. അതിനെ 'സത്യത്തിനു

നേരേ തുറവിയില്ല' എന്നു വിധിയെഴുതുന്നത് സത്യം വളച്ചൊടിച്ച് വികലമാക്കിയവർ മാത്രമായിരിക്കും. സത്യമല്ല എന്നു തെളിഞ്ഞവയെ, പിന്നീട് ഒരു അവ്യക്തതയ്ക്കും സംശയത്തിനും ഇടനല്കാതെ 'സത്യമല്ല' എന്നു മാത്രമേ പറയാനാവൂ. 'ആകാം, ആയിരിക്കാം' എന്ന രീതിയിലുള്ള പ്രസ്താവനകൾക്ക് ചരിത്രത്തിൽ സ്ഥാനമില്ല. 'മാന്യതയ്ക്കു ചേരാത്തത്' എന്ന പദമല്ല മോഡറേറ്റർ ഉപയോഗിച്ചത്; 'polemical means strong or controversial debate' എന്നാണു പറഞ്ഞത്. ചരിത്രപരമായി അടിസ്ഥാനമില്ലാതിരുന്നിട്ടും വളരെയധികം പ്രചരിപ്പിച്ചിരുന്ന ഒരു വിഷയം, ചരിത്രത്തിന്റെ പിൻബലത്തോടെ എതിർക്കുന്നത് വിവാദപരമാണെന്നതിൽ സംശയമില്ല.

ഇരുപതാംപേജിൽ പന്തപ്ലാക്കൽ അച്ചൻ "ചാവറപ്പിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചുകൊണ്ട് പരിശുദ്ധ പിതാവ് എടുത്ത തീരുമാനം പോലും തെറ്റായിപ്പോയി എന്നു സ്ഥാപിക്കുംവിധമായിരുന്നു സി.സൂസിയുടെ അവതരണമെന്നും ഇത് കത്തോലിക്കാചൈതന്യത്തിനു ചേർന്നതല്ല" എന്നും പ്രൊഫസർ റവ. ഡോ. ജോസഫ് സേവ്യർ എസ്.ജെ. ഡിഫൻസ് സമയത്ത് പറഞ്ഞതായി ഉദ്ധരിക്കുന്നു. അത് സി.എം.സി സിസ്റ്റേഴ്സിന്റെയും പന്തപ്ലാക്കലച്ചന്റെയും ഭാവനാസൃഷ്ടിയാണ്. അങ്ങനെയൊരു വാക്യം അദ്ദേഹം പറഞ്ഞിട്ടില്ല. പല പ്രസ്താവനകളും തെറ്റാണ് എന്നു പറഞ്ഞിരിക്കുന്നതിനെ 'against charity'യായി അദ്ദേഹം വിമർശിച്ചു. ഒരു നൂറ്റാണ്ടിലധികം കാലം വളച്ചൊടിച്ച് വികലമാക്കി പ്രചരിപ്പിച്ചിരുന്ന ഒരു ചരിത്രസത്യം തെളിയിക്കുന്നതിന്റെ ഭാഗം തന്നെയാണ്, അതിനോടു ചേർന്നുകിടക്കുന്ന സത്യമല്ലാത്ത പ്രസ്താവനകൾ വെളിച്ചത്തു കൊണ്ടുവരുക എന്നതും. ആ അവസരത്തിൽ, ഒരു തിയോളജി പ്രൊഫസറായ റവ.ഡോ. ജോസഫ് സേവ്യർ എസ്.ജെ. ചരിത്രത്തിലുള്ള ഒരു പ്രബന്ധത്തിന്റെ രണ്ടാം മോഡറേറ്റർ എന്ന നിലയിൽ ചരിത്ര പശ്ചാത്തലത്തിൽ നിന്ന് അതിനെ നോക്കിക്കാണാൻ ശ്രമിക്കാതെ "ആരാണ് സ്ഥാപക/സ്ഥാപകൻ എന്നത് സാധാരണ ജനങ്ങൾക്ക് വലിയ പ്രശ്നമുള്ള കാര്യമല്ല, ക്രിസ്ത്യൻ ചാരിറ്റിയാണു പ്രധാനം" എന്നു പറഞ്ഞ് തന്റെ വാഗ്വാദം തുടങ്ങിയത് പ്രൊഫസർക്ക് ആ ചരിത്രത്തിന്റെ പ്രാധാന്യം കേരളത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കാൻകഴിയാഞ്ഞതിനാലോ താനുൾപ്പെട്ട റീത്തിനോടുള്ള അമിത അനുഭാവത്താലോ ആകാം.



വ്യക്തമായി തെളിയിക്കപ്പെടുന്ന ഒരു ചരിത്രവസ്തുതയ്ക്കു മുമ്പിൽ, അതിനെ ഖണ്ഡിക്കാൻ സാധിക്കാതെ വരുമ്പോൾ മുഴുവനായി ആ തലത്തിൽ നിന്നുമാറി ആത്മീയതലത്തിലൂന്നിനിന്നു വാദിക്കുന്നത് ഒരു തന്ത്രമായി മാത്രമേ കാണാനാവൂ. റ്റി.ഒ.സി.ഡി നാളാഗമത്തിൽ രേഖപ്പെടുത്തിയിരുന്ന ഒരു വാക്യമാണ്, "ലെയോപ്പോൾഡച്ചൻ ഇറ്റലിയിലായിരുന്ന കാലത്ത് മഠത്തിന്റെ കോമ്പൗണ്ടിനകത്തുള്ള പണികൾ നിയന്ത്രിക്കുകയും കിണറുകുഴിപ്പിക്കുക തുടങ്ങിയ ജോലികൾ നോക്കി നടത്തിയിരുന്നതും ചാവറയച്ചനാണ്. അതിനുള്ള പണം അദ്ദേഹം ഫിലിപ്പോസ് മിഷണറിയിൽ നിന്നും വാങ്ങിയിരുന്നു" എന്നത്[14]. ചാവറയച്ചന്റെ കർത്തവ്യങ്ങൾ വിവരിക്കുന്നതിനിടയിൽ ഈ വാക്യം ചേർത്തിരുന്നതിനെ ഫാ.ജോസഫ് സേവ്യർ വികാരാധീനനായി വ്യാഖ്യാനിച്ചത്, കത്തോലിക്കാസഭയിലെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട ഒരു വ്യക്തിയെ പ്രബന്ധത്തിലൂടെ തരംതാഴ്ത്തി എന്നാണ്. അദ്ദേഹത്തെ പണംപറ്റി ജോലിചെയ്ത ഒരു ജോലിക്കാരനാക്കി എന്നാണ് ഫാദർ വ്യാഖ്യാനിച്ചത്. ഞാൻ പറഞ്ഞത്, അദ്ദേഹം ഈ ജോലികൾ നോക്കിനടത്തി എന്നാണ്. ഒരു തിയോളജി പ്രൊഫസറായ സേവ്യറച്ചന് ജോലിയുടെ മാഹാത്മ്യം മനസ്സിലായില്ലേ എന്നും കായികാദ്ധ്വാനം വിശുദ്ധിക്കു തടസ്സമായാണോ അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നതെന്നും ചോദിക്കേണ്ടിയിരിക്കുന്നു. ഈ ചോദ്യം ഡിഫൻസ് കഴിഞ്ഞ് സദസ്യർ പലരും ആവർത്തിക്കുന്നുണ്ടായിരുന്നു.

ഗവേഷണപ്രബന്ധത്തിന്റെ 3-ാം അദ്ധ്യായത്തിൽ മഠവുമായി ബന്ധപ്പെട്ട ചാവറയച്ചന്റെ പ്രവർത്തനങ്ങൾ വളരെ വ്യക്തമായി നാളാഗമത്തിന്റെ പിൻബലത്തോടെ വിവരിച്ചിട്ടുണ്ട്. അദ്ദേഹം മഠത്തിന്റെ അഭ്യുദയകാംക്ഷികളിൽ ഒരാളാണെന്നു സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്[15]. Pre submission discussions-ൽ ഈ അധ്യായത്തെ പരാമർശിച്ച്, ചാവറയച്ചന്റെ പ്രവർത്തനങ്ങൾ നന്നായി വിവരിച്ചിരിക്കുന്നുവെന്നു പറഞ്ഞ് പ്രധാന മാർഗദർശിയും ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയുടെ ചരിത്ര വിഭാഗം തലവനുമായ ഡോ. നോർമൻ റ്റാനർ എസ്.ജെ. പ്രത്യേകം

14. വിമല പ്രോവിൻസ് ആർകൈവ്സ് ഓഫ് സി.എം.സി, എറണാകുളം, നാളാഗമങ്ങൾ, വാല്യം 1, പേജ് 89.

15. SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC&CMC) for Women*, pp.238-250

അഭിനന്ദിച്ചിരുന്നതുമാണെന്ന് പ്രൊഫ.റവ.ഡോ.ജോസഫ് സേവ്യർ എസ്.ജെ. ഓർക്കേണ്ടതുണ്ട്.

## 6. തീസിസിനെക്കുറിച്ച് മോഡറേറ്റർമാർ

'തീസിസിനെക്കുറിച്ച് മോഡറേറ്റർമാർ' എന്ന ശീർഷകത്തിൽ പന്തപ്ലാക്കലച്ചൻ കുറിച്ചുവച്ച അനുമാനങ്ങളുടെ വെളിച്ചത്തിൽ (ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും, പേജ് 19) മോഡറേറ്റർ മാരുടെ യഥാർത്ഥത്തിലുള്ള അഭിപ്രായം ഇവിടെ ചേർക്കുന്നു:

"The thesis is well researched and well written. The thesis is well ordered, clearly written and substantially documented. TOCD (and its offsprings) is the oldest indigenous religious congregation for women in India, and today both CTC and CMC are flourishing congregations. The dissertation is therefore of considerable significance for the history of religious orders in India. Indeed, in as much as Indian Catholics, and more particularly the two orders mentioned, make a considerable contribution to the Catholic Church beyond India, the thesis has wider significance" *(Rev. Dr. Norman Tanner SJ, Dean of the Faculty of the Church History, PUG, Rome).*

"There is no doubt that the author has made a lot of efforts to situate the thesis in its historical context, origin, evolution, struggles, and finally, the division of the congregation into two separate entities based on Rite. We need to appreciate the author for presenting the thesis in a very clear and concise form. The thesis is supported by a lot of manuscripts from primary sources especially from very reliable archives" *(Rev. Dr. Joseph Xavier SJ, PUG, Rome).*

ഗ്രിഗോറിയൻ സർവകലാശാലയുടെ നിയമങ്ങളൊന്നും പരിശോധിക്കാതെ, ഡിഫൻസിൽ പങ്കെടുക്കാതെ, പബ്ളിക്ക് ഡിഫൻസ് നടത്തിയ പ്രബന്ധത്തിന്റെ ശീർഷകം നിലനിർത്താൻ അവകാശമുണ്ടോ എന്നൊന്നും ആരായാതെ 'ഒരു സന്ന്യാസിനിക്ക് ഇതെല്ലാം എങ്ങനെ ചെയ്യാൻ കഴിയും' (പേജ് 20) എന്ന് അപക്വമായി കുറ്റപ്പെടുത്തുന്ന പന്തപ്ലാക്കൽ അച്ചൻ മറുപടിയർഹിക്കുന്നില്ല. അതുകൊണ്ട് അതെപ്പറ്റി കൂടുതൽ പറയുന്നില്ല.



## 7. സി.എം.ഐ ജനറലേറ്റ് സന്ദർശനം

മൂന്ന് ദിവസം സി.എം.ഐ ജനറലേറ്റ് സന്ദർശിച്ചതുകൊണ്ടോ വിസിറ്റേഴ്സ് ബുക്കിൽ പേര് എഴുതിയതുകൊണ്ടോ ആർക്കൈവ്സിൽ പ്രവേശനം കിട്ടി എന്നു പറയാനാവില്ല. "ആർക്കൈവ്സിൽ പണി തുടങ്ങിയിട്ടേയുള്ളൂ, രേഖകൾ പഠിക്കാതെ ആരെയും കാണിക്കില്ല" എന്നാണ് പന്തപ്ലാക്കലച്ചൻ ഉറപ്പിച്ചു പറഞ്ഞത്. ഈ പ്രബന്ധത്തിൽ ഒരിടത്തും സി.എം.ഐ. ജനറൽ ആർക്കൈവ്സിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല എന്നത് വായനക്കാർക്ക് വളരെ വ്യക്തമാണ്. ഡിഫൻസ് സമയത്ത് 'inaccessibility and restricted accessibility to some private archives' എന്നാണു പറഞ്ഞത്. Restricted accessibility എന്നത് വിശദീകരിക്കാൻ പ്രൊഫസർ ആവശ്യപ്പെട്ടപ്പോൾ സി.എം.സി ജനറലേറ്റിന്റെ ആർക്കൈവ്സിൽ ഗവേഷണത്തിന് അനുവാദം കിട്ടിയല്ല എന്നും സി.എം.സി പ്രൊവിൻഷ്യലേറ്റ് ആർക്കൈവ്സ് 3-4 മണിക്കൂറുകൾ മാത്രമാണ് അനുവദിച്ചതെന്നുമാണു പറഞ്ഞത്. ഒരു ആർക്കൈവ്സിൽ 3-4 മണിക്കൂറുകൾ തീരെ അപര്യാപ്തമായ സമയമാണെന്ന് എല്ലാവർക്കുമറിയാം.

സി.എം.ഐ ആർക്കൈവ്സിന്റെ കാര്യം പ്രതിപാദിച്ചിട്ടില്ല. 'സി.എം.ഐ അനുവദിച്ചില്ല' എന്നു പറഞ്ഞാലും അതിൽ തെറ്റില്ല. കാരണം, സി.എം.ഐ ജനറൽ ആർക്കൈവ്സിന്റേതായ രേഖകളൊന്നും ഞങ്ങളെ കാണിച്ചിട്ടില്ല. അവരുടെ അഭിരുചിക്കനുസരിച്ച് വ്യാഖ്യാനിച്ചിട്ടുള്ള പുസ്തകങ്ങൾ മാത്രമാണുതന്നത്. വികലമാക്കിയ ചരിത്രങ്ങൾ എന്റെ പ്രബന്ധത്തിൽ കടത്തിക്കൊണ്ടുവരാനുള്ള തന്ത്രത്തിന്റെ ഭാഗമായിരുന്നിരിക്കണം അത്. യാദൃച്ഛികമായി അദ്ദേഹത്തിന്റെ മേശപ്പുറത്തുകണ്ട മാന്നാനം ആശ്രമത്തിലെ രേഖകൾ കാണിച്ചുതരാൻ ആവശ്യപ്പെട്ടപ്പോൾ, ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് കാണിച്ചുതന്നു. ആവശ്യപ്പെട്ടതനുസരിച്ച് ചാവറയച്ചന്റെ കൈയെഴുത്തു പ്രതികളുടെ കുറച്ചുപേജുകൾ ഒരു സി.ഡിയിലേക്ക് പകർത്തിത്തന്നു. എന്നാൽ ഈ ചരിത്രരേഖകൾ കണ്ടതായിപ്പോലും ആരോടും പറയരുതെന്ന് പന്തപ്ലാക്കലച്ചൻ കർശനമായി പറഞ്ഞിരുന്നു. "സഹോദരിമാരേ, എന്നെ ചതിക്കരുത്, എന്റെ അധികാരികൾ അറിയാതെയാണ് ഞാൻ തരുന്നത്. മദർ ജനറലിനോടുപോലും പറയരുത്" എന്ന് അദ്ദേഹം പലവട്ടം ആവർത്തിച്ചിരുന്നു. തന്റെ പുസ്തകത്തിന്റെ 15-ാം പേജിൽ, "ദൈവത്തോട് വ്രതം ചെയ്ത ഒരു സന്ന്യാസിയായ എനിക്ക് സ്വന്തം മനഃസാക്ഷിയെ

വഞ്ചിക്കാൻ സാധ്യമല്ല'' എന്നു പറയുന്ന പന്തപ്ലാക്കൽ അച്ചൻ അതേ പേജിൽത്തന്നെ പറഞ്ഞിരിക്കുന്നത് ''മാന്നാനത്തേത് എന്നു കാണിച്ചിരിക്കണം എന്ന് വ്യക്തമായി നിർദ്ദേശിച്ചിരുന്നു'' എന്നാണ്! ഈ മനോഭാവത്തെ ഏതുപേര് വിളിക്കണമെന്ന് അറിയില്ല. തന്റെ പുസ്തകത്തിന്റെ 14-ാം പേജിൽ പന്തപ്ലാക്കലച്ചൻ ഈ കൈയെഴുത്തുപ്രതി സി.ഡി.യിലാക്കിത്തന്നെന്നും ഒറിജിനലും പ്രസിദ്ധീകരിച്ച വാല്യവുമായി താരതമ്യം ചെയ്യാൻ അനുവദിച്ചുവെന്നുമൊക്കെ സമ്മതിക്കുന്നു. എന്നാൽ അതേ പുസ്തകത്തിന്റെ 62-ാം പേജിൽ, ചരിത്രരേഖകളൊന്നും സി.സൂസി കണ്ടിട്ടില്ല എന്ന് പ്രൊഫസർക്ക് എഴുതിയിരിക്കുന്നു. സത്യമല്ലാത്ത കാര്യങ്ങൾ വളച്ചൊടിച്ച് എഴുതുമ്പോൾ പരസ്പരവിരുദ്ധമായവ അറിയാതെ കടന്നുകൂടുമെന്നതിന് ഇത് മറ്റൊരു ഉദാഹരണമാണ്.

14-ാം പേജിൽ, വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സമ്പൂർണകൃതികളുടെ കൈയെഴുത്തുപ്രതി സി.സൂസിയെ കാണിച്ചതായും താരതമ്യം ചെയ്തതായും പന്തപ്ലാക്കലച്ചൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ഒറിജിനലുമായി ഒരു വ്യത്യാസവുമില്ല എന്ന് സി.എം.ഐ പ്രസാധക കമ്മിറ്റി ആവർത്തിക്കുന്നുണ്ടെങ്കിലും ഓരോ പേജിലും ബോധപൂർവം നല്കിയിരിക്കുന്ന ഉപശീർഷകങ്ങൾ ഒറിജിനലിൽ കാണാത്ത ഒന്നാണ്. ചാവറയച്ചനാണ് മഠം പണിയുന്നത് എന്ന ധ്വനി ലഭിക്കുന്നതിന് ഈ ഉപശീർഷകങ്ങൾ പ്രയോജനപ്പെടുത്തിയിരിക്കുന്നു. പല കെട്ടിടങ്ങൾക്കും അതായത് അരണാട്ടുകര ആശ്രമ കപ്പേള, എൽതുരുത്തു കപ്പേള, ബോട്ട് പണി തുടങ്ങിയ പല പണികൾക്കുമായി ധനശേഖരണം നടത്തി എന്നാണ് ചാവറയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 'മഠത്തിനുവേണ്ടി പണപ്പിരിവ്' എന്നാണ് ഉപശീർഷകം.

ഞങ്ങൾ ആർക്കൈവ്സ് സന്ദർശനത്തിനായി ചെന്നപ്പോൾ ആർക്കൈവ്സ് തയ്യാറായിട്ടില്ലെന്നും പല ചരിത്രരേഖകളും പരിശോധിക്കാനുണ്ടെന്നും പഠിച്ച് വിലയിരുത്താതെ കൈയെഴുത്തുപ്രതി ആരെയും കാണിക്കില്ല എന്നും ഉറപ്പിച്ചു പറയുകയും 'നിങ്ങളും അങ്ങനെ ചെയ്യണം, അല്ലെങ്കിൽ പ്രശ്നമാകും' എന്ന് ഉപദേശിക്കയും ചെയ്ത പന്തപ്ലാക്കലച്ചൻ ഇപ്പോൾ എല്ലാവർക്കും സ്വാഗതം പറയുന്നുണ്ട്. അപ്പോൾ കുഴപ്പം സൃഷ്ടിക്കുന്ന സംഗതികളൊക്കെ മാറ്റി ശരിയാക്കിക്കാണുമെന്ന് പ്രതീക്ഷിക്കുന്നു. പല കൈയെഴുത്തുപ്രതികളിലും കറുത്തമഷിയിൽ വളച്ചുവളച്ച് വെട്ടിക്കളഞ്ഞിരിക്കുന്ന ഭാഗങ്ങൾ



കാണാം. അതിനെക്കുറിച്ച് ഞങ്ങൾ ആരാഞ്ഞപ്പോൾ തൃപ്തികരമായി മറുപടി പറയാൻ പന്തപ്ലാക്കലച്ചനു കഴിഞ്ഞില്ല. മഷി വ്യത്യസ്തമായിരുന്നതിനാൽ പിന്നീട് വെട്ടിയതാണെന്നു വ്യക്തമായിരുന്നു. ഇതിനു സമാനമായ വെട്ടലുകളാണ് കൂനമ്മാവ് മഠത്തിന്റെ നാളാഗമം ഒന്നാം വാല്യത്തിലും കാണുന്നത്[16].

പതിനഞ്ചാംപേജിൽ ''ഇത്രയും മണിക്കൂറുകൾ ആർക്കൈവ്സിൽ ഗവേഷണം നടത്തി പലകാര്യങ്ങളും എഴുതിയെടുത്ത്...'' എന്നു പറയുന്നത് സത്യവിരുദ്ധമാണ്. വ്രതം ചെയ്ത ഒരു സന്ന്യാസിക്ക്, ഒരു വന്ദ്യപുരോഹിതന് എങ്ങനെ ഇപ്രകാരം പറയാൻ സാധിച്ചു എന്ന് അദ്ഭുതപ്പെടുന്നു. സി.എം.ഐ ജനറൽ ആർക്കൈവിസ്റ്റ് ആയ പന്തപ്ലാക്കലച്ചന് പിന്നീടു പ്രസിദ്ധീകരിച്ച പുസ്തകങ്ങളും ചരിത്രരേഖകളും തമ്മിലുള്ള അന്തരം മനസ്സിലായിക്കാണില്ല എന്നു ചിന്തിക്കുന്നതും ഉചിതമല്ല.

പതിനാറാം പേജിൽ പറഞ്ഞിരിക്കുന്നതുപോലെ, സി.എം.സി വിമല പ്രോവിൻസിൽ നിന്ന് ദൈവത്തിന്റെ പ്രത്യേക പരിപാലനത്തിൽ, അനുവദിക്കപ്പെട്ടിരുന്ന മൂന്നു നാലു മണിക്കൂറിനുള്ളിൽ അനിഷേധ്യമായ പല തെളിവുകളും ഡിജിറ്റൽ ക്യാമറയിൽ പകർത്താൻ സാധിച്ചു. എന്നാൽ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ കുറച്ച് കത്തുകളുടെ പകർപ്പു ചോദിച്ചിട്ട് രണ്ടു മൂന്നു കത്തുകളുടെ കഷണങ്ങളും കുറെ പ്രാർത്ഥനകളുമാണു തന്നത്. ആകെ പേജ് നമ്പറുകൾ ഞാൻ കുറിച്ചുവച്ചിരുന്നതിനാൽ ഞാൻ ആവശ്യപ്പെട്ട പേജ് നമ്പറുകൾ തികച്ചിരുന്നത് പ്രാർത്ഥനകൾ കൊണ്ടാണ്. ഞാൻ അവിടെനിന്ന് ഡിജിറ്റൽ ക്യാമറയിൽ പകർത്തിയ ചരിത്രരേഖകൾ അവർക്കുകൂടി ഉപകാരപ്പെടാൻ സി.ഡിയിൽ പകർത്തി അവർക്കും കൊടുത്തിരുന്നു.

## 8. പുസ്തകം തന്നതിനെപ്പറ്റി

ആർക്കൈവ്സിൽ പ്രവേശനം നല്കിയില്ലെങ്കിലും ചാവറയച്ചനെക്കുറിച്ച് സി.എം.ഐ പ്രസിദ്ധീകരിച്ചിട്ടുള്ള പല പുസ്തകങ്ങളും പന്തപ്ലാക്കലച്ചൻ ഞങ്ങൾക്കു നല്കുകയുണ്ടായി. അച്ചൻ വലിയ ഔദാര്യത്തോടെ പുസ്തകങ്ങൾ നല്കിയതിനു പിന്നിൽ വ്യക്തമായ ഉദ്ദേശ്യമുണ്ടായിരുന്നു. സി.എം.സി., സി.എം.ഐ. സഭകളുടെ സ്ഥാപകൻ ചാവ

16. സി.എം.ഐ., സി.എം.സി കളുടെ കൂട്ടുപരിശ്രമത്തിന്റെ തെളിവാണിത്.

റയച്ചനാണെന്ന രീതിയിൽ എഴുതിയ പുസ്തകങ്ങൾ നല്കിയാൽ അവരുടെ അഭിരുചിക്കനുസരിച്ച് ഞാൻ ഗവേഷണം പൂർത്തിയാക്കുമെന്നതായിരുന്നു പന്തപ്ലാക്കലച്ചന്റെ നിഗമനം. അതുകൊണ്ടാണ് റോമിലേക്കു വന്ന സി. റോജിറ്റ് സി.എം.സി വഴി ഫാ. മത്തിയാസ് മുണ്ടാടൻ എഴുതിയ മറ്റൊരു പുസ്തകം, (Blessed Elias Kuriakose Chavara) ഞാൻ ആവശ്യപ്പെടാതെതന്നെ അച്ചൻ കൊടുത്തുവിട്ടതും 46 പേജുള്ള പഠന റിപ്പോർട്ട് അയച്ചുതന്നതും.

പന്തപ്ലാക്കലച്ചൻ തന്റെ പുസ്തകത്തിന്റെ പതിനേഴാം പേജിൽ പറഞ്ഞിരിക്കുന്ന പുസ്തകത്തെക്കുറിച്ചുള്ള അപവാദം ഒരു സന്ന്യാസ വൈദികന്റേയോ സന്ന്യാസിനികളുടെയോ അന്തസ്സിന് ഒട്ടും ചേരാത്തതാണെന്ന് ഉറക്കെ പറയാൻ എനിക്കു മടിയില്ല. എന്റെ പ്രബന്ധം സമർപ്പിച്ച് ഡിഫൻസിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഞാൻ ആവശ്യപ്പെടാതെ തന്നെ സിസ്റ്റർ റോജിറ്റ് സി.എം.സി വഴി കൊടുത്തുവിട്ടതാണ് *Bl. Elias Kuriakose Chavara* എന്ന പുസ്തകം. സി. റോജിറ്റ് സി.എം.സി. യാണ് എന്നെ വിളിച്ച് പുസ്തകത്തിന്റെ കാര്യം പറഞ്ഞത്. അതു തിരിച്ചുകൊടുക്കണമെന്ന് എന്നോടു പറഞ്ഞിരുന്നില്ല. ഫാ. തോമസ് മരോട്ടിക്കാപ്പറമ്പിൽ ഒ.സി.ഡി. വഴിയാണ് ബുക്ക് എന്റെ കൈയിലെത്തിയത്. മറ്റു പുസ്തകങ്ങൾ നല്കിയതുപോലെ, അവരുടെ ചരിത്രം ആവർത്തിക്കപ്പെടുന്നതിനായി നല്കിയതായിരുന്നു ആ പുസ്തകവും. അതു വായിച്ചപ്പോൾ പെൻസിൽ ഉപയോഗിച്ച് പലഭാഗങ്ങളും ഞാൻ അടയാളപ്പെടുത്തിയിരുന്നു. സി. റോജിറ്റ് സി.എം.സി യും മറ്റു സി.എം.സി സിസ്റ്റേഴ്സും സി.എം.ഐ അച്ചന്മാരും എന്റെ ഡിഫൻസിന് പങ്കെടുത്തിരുന്നു. അവരുടെ പുസ്തകങ്ങളിലെ തെറ്റുകളും മനഃപൂർവമായ വളച്ചൊടിക്കലുകളും ഞാൻ വെളിച്ചത്തു കൊണ്ടുവന്ന ദേഷ്യത്തിലാണ്, ഡിഫൻസിനു ശേഷം പുസ്തകം എന്നോടു തിരിച്ചുചോദിച്ചത്. ഉപയോഗിച്ച പുസ്തകം തിരിച്ചുകൊടുക്കാതിരിക്കാൻ പുസ്തകത്തിന്റെ വിലയായ 500 രൂപ നല്കാമെന്നും അല്ലെങ്കിൽ നാട്ടിൽ നിന്നു പുതിയ പുസ്തകം വരുത്തിത്തരുന്നതുവരെ കാത്തിരിക്കണമെന്നും ആവശ്യപ്പെട്ടിട്ടും ആ പുസ്തകം തന്നെ തിരികെ വേണമെന്ന് വളരെ ശാഠ്യപൂർവം ആവശ്യപ്പെട്ടതിനാലാണ് പെൻസിൽ ഉപയോഗിച്ച് അടിവരയിട്ടിരുന്ന ഏതാനും വരികൾ റബ്ബർ ഉപയോഗിച്ച് മായിച്ച് പുസ്തകം ഞാൻ തോമസച്ചൻ വഴിതന്നെ തിരിച്ചുകൊടുത്തത്. "പല



പേജുകളും കുത്തിവരച്ച് മോശമാക്കിയ പുസ്ത കമാണ് തിരിച്ചു കിട്ടിയത്. എന്താണാവോ സി.എം.ഐ സഭയോടും വാഴ്ത്തപ്പെട്ട ചാവറപ്പിതാവിനോടും ഇത്ര വിരോധം?" എന്ന പദപ്രയോഗങ്ങൾ ഉപയോഗിച്ച റോജിറ്റ് സി.എം.സി യോടും പന്തപ്ലാക്കലച്ചനോടും 'ലജ്ജാകരം' എന്നേ പറയാനുള്ളൂ. സി.എം.സി., സി.എം.ഐ സഭകളോടോ ചാവറയച്ചനോടോ വ്യക്തിപരമായി ഒരു വിരോധവും എനിക്കോ സി.റ്റി.സി സഭയ്ക്കോ ഇല്ല. മറിച്ച്, ചരിത്രസത്യങ്ങൾ വളച്ചൊടിക്കുന്നതിനോട് ഒരു ചരിത്രഗവേഷക എന്ന നിലയിലുള്ള ധാർമ്മികമായ ഉത്തരവാദിത്വം മാത്രമാണ് പുസ്തകത്തിൽ നിഴലിക്കുന്നത്.

## 9. പ്രസ്താവനകളിലെ വാസ്തവികത

പന്തപ്ലാക്കലച്ചൻ തന്റെ പുസ്തകത്തിന്റെ പതിനേഴാം പേജിൽ അവാസ്തവപ്രസ്താവനകളായി വ്യാഖ്യാനിച്ചിരിക്കുന്ന കാര്യങ്ങൾ ചരിത്രപരമായി ശരിയാണെന്നുതന്നെ ഉറപ്പിച്ചുപറയാവുന്നതാണ്. എന്റെ തീസിസിന്റെ മൂന്നാം അദ്ധ്യായത്തിൽ, ചരിത്രം വളച്ചൊടിക്കുന്നതിന്റെയും വികലമാക്കിയതിന്റെയും ഒരു നീണ്ട ലിസ്റ്റ്തന്നെ ചേർത്തിട്ടുണ്ട്. അതിനെക്കുറിച്ച് ഒരക്ഷരം പോലും പറയാൻ തയ്യാറാവാതെ, അടിസ്ഥാനമില്ലാത്ത ചില ആരോപണങ്ങൾ പകരമായി മുന്നോട്ടു വയ്ക്കാനുള്ള ശ്രമമായി മാത്രമേ ഇതിനെ കാണാനാവൂ.

1. കോൺവെന്റിലെ കാര്യങ്ങൾ എല്ലാം നിയന്ത്രിച്ചിരുന്നത് ഫാ. ലെയോപ്പോൾഡാണ് എന്ന എന്റെ പ്രസ്താവന തികച്ചും ശരിയാണ്. ആർച്ച് ബിഷപ്പ് ബെർണർഡിന്റെ ഡെലഗേറ്റായും ആദ്ധ്യാത്മിക നിയന്താവായും കുമ്പസാരക്കാരനായും നിയമിതനായിരുന്നത് ഫാ.ലെയോപ്പോൾഡാണ്. അദ്ദേഹത്തിന്റെ ആത്മാർത്ഥസുഹൃത്ത് എന്ന ബന്ധം മാത്രമേ ചാവറയച്ചനുണ്ടായിരുന്നുള്ളൂ.

2. ഏലീശ്വ, അന്ന എന്നു മാത്രമേ ഞാൻ രേഖപ്പെടുത്തിയിരുന്നുള്ളൂ എന്ന് പേജ് 183-184-ൽ വ്യക്തമാണ്[17]. ത്രേസ്യയുടെ പേര് 1865-ൽ വാഴ്ത്തപ്പെട്ട ചാവറയച്ചനോട് ലെയോപ്പോൾഡച്ചൻ പറയുന്നതായി കാണുന്നില്ലെങ്കിലും ത്രേസ്യയും ഈ ജീവിതശൈലിയിൽ പ്രവേശി

17. SUCY KINATTINGAL, *Servant of God Mother Eliswa, the foundress of TOCD(CTC&CMC) for women*, pp.183-184.

ക്കാനായി ലെയോപ്പോൾഡച്ചന്റെ നിർദ്ദേശമനുസരിച്ച് ഓച്ചന്തുരു ത്തിലെ തന്റെ സ്വന്തം വീട്ടിൽ തയ്യാറെടുക്കുകയായിരുന്നു.

3. മദർ ഏലീശ്വയുടെ മാതുലൻ 3 നിലം (രണ്ടെണ്ണം ഉണ്ടായി രുന്നതും ഒരെണ്ണം വിലയ്ക്കുവാങ്ങിയതും) ദാനം ചെയ്തു എന്നതിന് വളരെയധികം തെളിവുകൾ സമകാലികരായ വ്യക്തികളിൽ നിന്നും മറ്റു പുസ്തകങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്[18].

സമകാലികരായ സാൽവദോർ വറീത്, ജോസഫ് റ്റി.ഒ.സി.ഡി, ലിയോപ്പോൾഡ് ബ്രദർ മുതലായവർ ഇത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചാവറയച്ചൻ പറയുന്ന 'സൗശീന്യവും വിലയായും കൊടുത്ത് വാങ്ങിച്ച മൂന്നു കൂടി ചേർത്ത്...' എന്നതുതന്നെ ഇതിനു തെളിവാണ്[19].

പനമ്പു മഠത്തിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് ഏറ്റവും അവസാനത്തെ വരികളാണ് ഞാൻ ചേർത്തിട്ടുള്ളത്. ചാവറയച്ചൻ എത്ര പ്രാവശ്യം വന്നുവെന്ന് എണ്ണിപ്പറയുന്നതിലുപരി, ഏകദേശം ലെയോ പ്പോൾഡച്ചന്റെ എല്ലാ സന്ദർശനങ്ങളിലും അദ്ദേഹം അനുഗമിച്ചിരുന്നു എന്ന് ഞാൻ പറയുന്നുണ്ട്[20]. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മരണശേഷം പ്രിയോരായി നിയോഗിക്കപ്പെട്ട ഫാ. കുരിയാക്കോസ് പോരൂക്കരയെും ലെയോപ്പോൾഡച്ചനെ അനുഗമിച്ചിരുന്നതായി നളാഗമം സാക്ഷ്യപ്പെടു

18. SUCY KINATTINGAL, *Servant of God Mother Eliswa, the foundress of TOCD(CTC&CMC) for women*, p. 137; Cf. ASJVB, Manuscripts of Bro. Leopold TOCD, Book III, f. 163, Ibid., Book IV, f. 55; ACCO, *Ponenza*, A. 1890 *Marzo*, No: I, *Allegato Lettera D*, f. 46, Letter of Archbishop Mellano to the Delegate Apostolic f India on March 15, 1889; ASJVB, Manuscripts of Bro. Leopold TOCD, Book II, f. 31, ASJVB, Poem of Salvadore Vareed Thannikott; CTC, *Varapuzha Kanyakamadam: Oru Charithra Samgraham*, p. 8; VICTOR SAN MIGUEL, *Carmelite Institutes in Kerala*, p. 18; GUSE, P.M., "*Koonammaum Kerala Christavasabhayum*" in *Souvenir of the 150th Anniversary of St. Philomena's Parish, Koonammau*, p. 15; ALEXANDER VAKAYIL, "Rev. Mother Eliswa", in *Centenary Souvenir of TOCD Congregation*, 1966, p. 9; CHUMMAR, T.M., '*Varapuzha Madam*' in *Golden Jubilee Souvenir*, 1940, pp. 8-9

19. സി.എം.ഐ, ചാവറയച്ചന്റെ സമ്പൂർണകൃതികൾ, വാല്യം 1, മന്നാനം 1981, പേജ്, 134.

20. SUCY KINATTINGAL, *Servant of God Mother Eliswa, the foundress of TOCD (CTC&CMC) for women*, p. 239.



ത്തുന്നുണ്ട്[21]. പ്രൊക്കുദോർ തൊമ്മനും മഠത്തിൽ പോകാനും ബാഹ്യ മായ കാര്യങ്ങൾ ചെയ്യാനും അനുവാദമുണ്ടായിരുന്നു[22]. ലെയോ പ്പോൾഡച്ചനെ അനുഗമിച്ചിരുന്നവരെല്ലാം സഹസ്ഥാപകരാകുമോ? 'സ്ഥപക' 'സ്ഥാപകസിദ്ധി' എന്നീ പദങ്ങളുടെ ദൈവശാസ്ത്ര വീക്ഷ ണങ്ങൾ ഇവിടെ നന്നായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## 10. മദർ എലീശ്വ - റ്റി.ഒ.സി.ഡി. സ്ഥാപക: തെളിവുകൾ

'മദർ ഏലീശ്വയാണ് റ്റി.ഒ.സി.ഡി. സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപക'- എന്ന ചരിത്രസത്യത്തിന് അടിവരയിടാൻ നിരവധി ചരിത്രരേഖകൾ പ്രബന്ധത്തിൽ കാണിച്ചിട്ടുണ്ട്. അതിൽ ഒന്നാണ് ബ്രദർ ലെയോപ്പോൾഡിന്റെ ചരിത്രരേഖകൾ. സമകാലികനല്ലാത്ത ബ്രദർ ലെയോപ്പോൾഡിന്റെ രേഖകളാണ് സി.സൂസി ഉപയോഗിച്ചിരിക്കുന്നത് എന്ന് പന്തപ്ലാക്കലച്ചൻ ആരോപിക്കുന്നുണ്ട്[23]. അദ്ദേഹം സമകാലികന ല്ലെന്നു പറയുന്നത് ശരിയല്ല. 1882-ൽ കൂനമ്മാവിൽ ജനിച്ച അദ്ദേഹം, കൂനമ്മാവ് കോൺവെന്റിനെയും സിസ്റ്റേഴ്സിനെയും കണ്ടുംകേട്ടും വളർന്ന വ്യക്തിയാണ്. മദർ ഏലീശ്വയുടെ കുടുംബസുഹൃത്തായിരുന്ന കൊച്ചുവറീത് മാസ്റ്ററിന്റെ മകനാണ് ബ്രദർ ലെയോപ്പോൾഡ്. ഈ കൊച്ചുവറീത് മാസ്റ്ററിനോടാണ് ലെയോപ്പോൾഡച്ചനെ വിളിക്കാൻ 1862-ൽ മദർ ഏലീശ്വ ആവശ്യപ്പെട്ടത്. ഈ കാലം മുതൽ മഠത്തിന്റെ സകലചരിത്രത്തിനും കൊച്ചുവറീത് സാക്ഷിയാണ്. ഏകദേശം 11 വയസ്സ് മുതൽ തന്നെ മഞ്ഞുമ്മൽ ആശ്രമത്തിൽ വളർന്ന ബ്രദർ ലെയോപ്പോൾഡ് മദർ ഏലീശ്വയുടെ സഹോദരനായ ലൂയിസച്ചനോ ടൊപ്പം വളരെക്കാലം ജീവിച്ചിട്ടുണ്ട്. മദർ ഏലീശ്വയെയും മദർ ത്രേസ്യ

21. AVP, CMC, *Nalagamam of TOCD*, Vol. II, f. 14; MARY CELINE, *Congregation of Mother of Carmel* (Mal.), Alwaye, 1974, p. 51; CTC, *Varapuzha Kanyakamadam: Oru Charithra Samgraham*, Varapuzha 1940, p. 11; VICTOR SAN MIGUEL, *Carmelite Institutes in Kerala*, p. 18,etc.

22. വിമല പ്രോവിൻസ് ആർകൈവ്സ് ഓഫ് സി.എം.സി, എറണാകുളം,നാളാഗമങ്ങൾ, വാല്യം 1, പേജ് 1 തുടർച്ച.

23. തോമസ് പന്തപ്ലാക്കൽ സി.എം.ഐ, ചാവറയച്ചനും തദ്ദേശീയസന്ന്യാസ സഭകളും, പേജ് 20.

യെയും വ്യക്തിപരമായി പരിചയവുമുണ്ട്[24]. അദ്ദേഹം ചരിത്രപരമായ കാര്യങ്ങൾ ലൂയിസച്ചനുമൊന്നിച്ച് ചർച്ചചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്തിരുന്നു. മഞ്ഞുമ്മൽ ആശ്രമത്തിൽ നിന്നു കണ്ടെടുത്ത ഇദ്ദേഹത്തിന്റെ ചരിത്രരേഖകളാണ് ഞാൻ ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

## 11. ആർച്ച് ബിഷപ്പ് ലെയൊനാർഡ് മെല്ലാനോയുടെ റിപ്പോർട്ടുകൾ

ആർച്ച് ബിഷപ്പ് മെല്ലാനോയുടെ റിപ്പോർട്ടുകൾ വിഭജനത്തിന്റെ പ്രശ്നസങ്കീർണമായ കാലയളവിൽ അയച്ചതാകയാൽ പ്രാധാന്യമില്ല എന്ന പന്തപ്ലാക്കലച്ചന്റെ പ്രസ്താവനയിൽ (പേജ് 20) കഴമ്പില്ല. 1850-കളിൽ മലബാറിൽ വന്ന അദ്ദേഹം, റ്റി.ഒ.സി.ഡി സ്ഥാപനത്തിന്റെ രണ്ടാം വർഷമായ 1868 മുതൽ വികാരി അപ്പസ്തോലിക്കയാണ്. അദ്ദേഹമാണ് അനാഥശാലയും സ്കൂളും ചുറ്റുമതിലുമൊക്കെ ഇറ്റലിയിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് പണികഴിപ്പിച്ചത്[25]. 22 വർഷത്തോളം കോൺവെന്റും അതിനോടടുത്ത എല്ലാ വസ്തുവകകളും നോക്കി നടത്തിയിരുന്നത് അദ്ദേഹം നിയമിച്ച മിഷണറിമാരായ ഫാ.ലെയോപ്പോൾഡും ഫാ.ഫിലിപ്പോസുമാണ്[26]. കോൺവെന്റിനുവേണ്ടി വാദിച്ച മറ്റു ബിഷപ്പുമാർ മലബാറിൽ പുതിയതായി വന്നവരും മലബാറിന്റെ ഭാഷയോ ചരിത്രമോ പരിചയമില്ലാത്തവരും ആയിരുന്നു. തങ്ങളുടെ കീഴുണ്ടായിരുന്ന വൈദികരെയും സിസ്റ്റേഴ്സിനെയും വിശ്വസിച്ച അവരുടെ റിപ്പോർട്ടിലെ പിഴവുകൾ, പ്രബന്ധത്തിന്റെ 4-ാം അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്[27]. കോൺവെന്റിനെക്കുറിച്ച്

24. SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC&CMC) for Women*, p.179.
25. ACCO, Lettera di Mons. Mellano Arcivescovo di Verapoli all'Emo Prefetto di Propaganda Fidei in data Novembre 28, 1888, See the letter in the appendix of the Thesis, SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, p. 418; ACCO, *Scri. Rif. nei Cong. Malabaresi*, 1890-1892, f. 1812; AGOCD, *Plut.* 78; *Le Terziarie di Cunemmao, Storia di fondazione.*
26. ACCO, *Ponenza della S. C. P. F., 1890 Marzo*, A. No. 1, f. 46, Letter of Archbishop Mellano to the Delegate Apostolic on March 15, 1889.
27. SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, Chapter IV.



ആധികാരികതയോടെ പറയാൻ ആരെക്കാളും യോഗ്യത ആർച്ച് ബിഷപ്പ് മെല്ലാനോയ്ക്കാണെന്നതിൽ ഒട്ടും സംശയം വേണ്ടാ. ആർച്ച് ബിഷപ്പ് മെല്ലാനോയുടെ റിപ്പോർട്ട്, തന്റെ വികാർ ജനറലായ ഫിലിപ്പോസ് മിഷണറി മഠംവക രേഖകൾ പരിശോധിച്ച് തയ്യാറാക്കിയതാണെന്നും അതിന്റെ ആധികാരികതയിൽ സംശയം വേണ്ടെന്നും അദ്ദേഹം ആവർത്തിച്ചു പറയുന്നുണ്ട്[28]. കോൺവെന്റിന്റെയും അതിനോടനുബന്ധിച്ചുള്ള മറ്റു കെട്ടിടങ്ങളുടെയും സ്വത്തുകളുടെയും മേലുള്ള യഥാർത്ഥ അവകാശത്തെയും ലത്തീൻ സിസ്റ്റേഴ്സ് കൂനമ്മാവിൽ അനുഭവിച്ച സഹനങ്ങളെയും പറ്റിയുള്ള ശരിയായ വിവരണം മെല്ലാനോ പിതാവ് നലകുന്നുണ്ട്[29]. എന്തുകൊണ്ട് അദ്ദേഹത്തിന്റെ റിപ്പോർട്ട് പരിഗണിച്ചില്ല എന്നതു സംബന്ധിച്ചും അതിനു വിപരീതമായ ഒരു അന്തിമ തീരുമാനം ഏതു സാഹചര്യത്തിൽ കൈക്കൊണ്ടു എന്നതു സംബന്ധിച്ചും പ്രബന്ധത്തിന്റെ 4-ാം അദ്ധ്യായത്തിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്[30].

മലബാറിലെ പ്രശ്നസങ്കീർണമായ കാലഘട്ടത്തിൽ സീറോമലബാർ റീത്തിലെ അംഗങ്ങളെ പ്രീണിപ്പിച്ച് ഇനിയൊരു ശീശ്മയില്ലാതെ സഭയെ ഒരുമിച്ചുനിർത്താൻ വേണ്ടിയാണ് അന്ന് ഇന്ത്യയുടെ അപ്പസ്തോലിക്ക് ഡെലഗേറ്റായിരുന്ന ആർച്ച് ബിഷപ്പ് ആന്ത്രയാ അയൂത്തി ഇപ്രകാരം ഒരു നിർദ്ദേശം പ്രൊപ്പഗാന്ത തിരുസംഘത്തിനു സമർപ്പിച്ചത്[31]. പ്രശ്നസങ്കീർണമായ ഈ കാലയളവിൽ സി.എം.ഐ സഭയുടെ പ്രിയോർ ജനറൽ എന്ന സ്ഥാനവും അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ

28. ACCO, *Ponenza della S. C. P. F., 1890 Marzo*, A. No. 1, f. 45, Letter of Archbishop Mellano to the Delegate Apostolic on March 15, 1889.
29. Cf. ACCO, *Scri. Rif. nei Cong. Malabaresi*, 1890-1892, f. 1804f; ACCO, *Scri. Rif. nei Cong. Malabaresi*, 1890-1892, f. 1804f, Letter of Archbishop Mellano to the Delegate Apostolic on June 14, 1890. The original texts are in SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, Chapter IV, pp. 320-321.
30. Ref. SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, Chapter IV, pp. 316-322. The original texts are in SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, Chapter IV, pp. 320-321.
31. ACCO, *Ponenza della S. C. P. F., 1890 Marzo*, A. No. 1, f. 6.

തന്റെ കീഴിലുള്ള വൈദികരെ അനുനയിപ്പിച്ചു നിർത്തുക എന്നതും അദ്ദേഹത്തിന്റെ ആവശ്യമായിരുന്നു[32].

ഈ മഠവും സ്വത്തും സീറോമലബാർ റീത്തിനു നല്കാൻ മതിയായ കാരണങ്ങൾ ഇല്ലെങ്കിലും ഏതുവിധേനയും അത് അവർക്കു നല്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിരുന്നത്[33]. സീറോമലബാർ റീത്തിലെ ജനങ്ങളുടെ പ്രതികരണം ശക്തമായിരിക്കുമെന്നും അതിന്റെ പരിണതഫലങ്ങൾ വലുതായിരിക്കുമെന്നും എന്നാൽ ലത്തീൻ വിഭാഗത്തിന്റെ പ്രതികരണം അത്രയും ശക്തമായിരിക്കുകയില്ലെന്നും പെട്ടെന്ന് അപ്രത്യക്ഷമായിക്കൊള്ളുമെന്നുമൊക്കെയാണ് ഇറ്റാലിയൻ ഭാഷയിലുള്ള അദ്ദേഹത്തിന്റെ കത്തുകളുടെ ഉള്ളടക്കം[34].അതിനാലാണ് പ്രൊപ്പഗാന്ത തിരുസംഘം മഠത്തിന്റെ അധികാരസീമ സിറിയൻ വികാരി അപ്പസ്തോലിക്കയായ ബിഷപ്പ് അഡോൾഫ് മെഡലിക്കോട്ടിനു കൈമാറിയത്. ആർച്ച്ബിഷപ്പ് മെല്ലാനോയുടെ സമയോചിതവും പക്വവുമായ ഇടപെടലിനും പരിശുദ്ധ സിംഹാസനത്തോടുള്ള വിധേയത്വത്തിനും പിന്നീട് അദ്ദേഹത്തെ റോമിൽനിന്ന് അഭിനന്ദിച്ചിട്ടുണ്ട്[35].

32. ACCO, *Acta* 1890-1891, Vol. 21, f. 57; ACCO, *Lettere e Decreti* 1887, Vol. 20, f. 438; CMI, *The Carmelite Congregation of Malabar*, p. 80; Leo P. Klerkels CP, *Golden Jubilee of the apostolic Delegation of the East Indies*, Bangalore, 1934, pp. 44-48.

33. ACCO, *Ponenza della S. C. P. F., 1890 Marzo*, A. No. 1, f. 6. Gabriele quoted from the Letter of Apostolic Delegate Aiuti on August 30, 1889". The original texts are in SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, Chapter IV, p. 320; "E quindi, siccome il numero delle religiose latine e minimo comparativamente a quello delle Soriane, e prendendo pure in considerazione tante altre ragioni estrinseche, le quali militano a favore dei Soriani, converrebbe forse dichiararlo Soriano". ACCO, *Ponenza della S. C. P. F., 1890 Marzo*, A. No. 1, f. 6.

34. Cf. ACCO, *Scri. Rif. nei Cong. Malabaresi*, (1890-1892), ff. 1776-1777; ACCO, *Scri. Rif. nei Cong. Malabaresi*, (1890-1892), ff., 1815. The original texts are in SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, Chapter IV, pp. 321.

35. ACCO, *Lettere e Decreti* (1890), Vol. 23, f. 298; The original texts are in SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, Chapter IV, pp. 325.



## 12. കാണാൻ പാടില്ലാത്ത ചരിത്രരേഖ

പേജ് 21-ൽ പന്തപ്ലാക്കൽ അച്ചൻ കാണാൻ പാടില്ലാത്ത ചരിത്രരേഖയെക്കുറിച്ച് ഊഹങ്ങൾ മെനയുന്നു. ലെയോപ്പോൾഡ് ബ്രദറിന്റെ ജീവചരിത്രവും കൈയെഴുത്തുപ്രതികളും ഒരു പുസ്തകമായി പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് അതിന്റെ പകർപ്പു നല്കാതെ പ്രസിദ്ധീകരണംവരെ കാത്തിരിക്കണമെന്ന് ആവശ്യപ്പെട്ടത്. കൂടാതെ, ചരിത്രരേഖകൾ വളച്ചൊടിക്കുകയും വികലമാക്കുകയും ചെയ്യുന്ന സംഭവങ്ങളുടെ നീണ്ടലിസ്റ്റും ചരിത്രരേഖകൾ കൈമാറാൻ തയ്യാറാവാതിരുന്നതിന് കാരണമാണെന്നു പറയാം.

## 13. New Leader

'സി.റ്റി.സി' എന്ന് പരാമർശിക്കാതിരുന്നിട്ടുപോലും സി.സൂസി എഡിറ്റർക്ക് എഴുതിയ കത്തിൽ പ്രതികരിച്ച വിധം വിചിത്രമാണെന്ന് തന്റെ പുസ്തകത്തിന്റെ 21-ാം പേജിൽ പന്തപ്ലാക്കലച്ചൻ പരിതപിക്കുന്നുണ്ട്. 2010 ജനുവരിയിലെ New Leader-ൽ പന്തപ്ലാക്കൽ അച്ചൻ എഴുതിയ ലേഖനത്തിൽ കൂനമ്മാവിൽ 1866-ൽ സ്ത്രീകൾക്കായി ചാവറയച്ചൻ ഒരു സഭ തുടങ്ങി എന്ന് എഴുതിയിരുന്നു. സഭയുടെ പേര് പറയാതെ അവ്യക്തമായി പറഞ്ഞുവച്ചെങ്കിലും, അത് സി.റ്റി.സി., സി.എം.സി ശാഖകൾ ഉരുത്തിരിഞ്ഞുവന്ന റ്റി.ഒ.സി.ഡി സഭയാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്? സി.റ്റി.സി., സി.എം.സി സഭകൾക്ക് വെവ്വേറെ ആരംഭചരിത്രമില്ല എന്നതും എല്ലാവർക്കും സുവ്യക്തമാണ്. റ്റി.ഒ.സി.ഡി യെക്കുറിച്ചു പറയാതെ സി.എം.സി ക്ക് വേറിട്ടൊരു പുതിയ ചരിത്രം സൃഷ്ടിക്കാനുള്ള പരിശ്രമം അടിസ്ഥാനമില്ലാതെ ഭവനം പണിയന്നതുപോലെയാണ്. അതിനെതിരേയുള്ള എന്റെ പ്രതികരണം പിന്നീട് New Leader, 'No Historical Validity' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചിരുന്നു[36]. അതിൽ വിചിത്രമായി എന്തെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല.

## 14. ചരിത്രനിഷേധമോ ചരിത്രതത്പരതയോ?

പരിശുദ്ധ പിതാവിനെപ്പോലും കുറ്റപ്പെടുത്തിക്കൊണ്ട് ചരിത്രകാരിയാകാൻ ശ്രമിക്കുന്ന സി.സൂസിയെ 'സത്യസന്ധയായ ചരിത്രാ

36. New Leader, Vol. 123, April 1-15, p.5 (No historical validity)

ന്വേഷക' എന്നു വിളിക്കാൻ സാധിക്കുമോ എന്നറിയില്ല എന്ന് പന്ത പ്ലാക്കലച്ചൻ ആവലാതിപ്പെടുന്നു (തോമസ് പന്തപ്ലാക്കൽ സി.എം.ഐ, ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും, പേജ് 22). ചാവറയ ച്ചനാണ് സി.എം.സി സഭ സ്ഥാപിച്ചത് എന്ന ചരിത്രപരമായി സാധുത യില്ലാത്ത വസ്തുത പരിപാവനമായ നാമകരണനടപടികളിൽ ഉൾപ്പെ ടുത്തി പരിശുദ്ധ പിതാവിന് അയച്ചുകൊടുത്തത് എങ്ങനെ ന്യായീകരി ക്കുന്നുവെന്ന് അറിയില്ല. അത് ചരിത്രത്തിന് ഉപയുക്തമായ തെളിവ ല്ലെന്ന് ഉറപ്പിച്ചുപറയാൻ ധൈര്യം കാണിച്ചതിനാൽ, 'പരിശുദ്ധ പിതാ വിനെപ്പോലും കുറ്റപ്പെടുത്തിക്കൊണ്ട് ചരിത്രകാരിയാകാൻ ശ്രമിക്കുന്ന സി.സൂസി' എന്നാണ് പരാമർശിക്കുന്നതെങ്കിൽ, തെറ്റായ വിവരം ബോധ പൂർവം പരിശുദ്ധ പിതാവിനു നല്കിയതിനെ എങ്ങനെ വിശേഷിപ്പിക്കു മെന്ന് അറിയാൻ ആഗ്രഹമുണ്ട്. തെറ്റായ കാര്യങ്ങൾ പരിപാവനമായ നടപടികൾക്കായി അയച്ചുകൊടുക്കുന്നതാണോ, അതു ചൂണ്ടിക്കാണി ക്കുന്നതാണോ ഏതാണ് ചരിത്രനിഷേധം എന്ന് വായനക്കാർ തിരിച്ച റിയട്ടെ.

തെറ്റായ വ്യാഖ്യാനങ്ങളെക്കുറിച്ചും റിപ്പോർട്ടുകളെക്കുറിച്ചും ചരി ത്രരേഖകൾ വികലമാക്കിയതിനെക്കുറിച്ചും എന്റെ പ്രബന്ധത്തിൽ പറ യുന്ന കാര്യങ്ങളെപ്പറ്റി പന്തപ്ലാക്കലച്ചൻ അർത്ഥഗർഭമായ മൗനം പാലി ക്കുന്നത് വായനക്കാർ തിരിച്ചറിയാതിരിക്കില്ല. CMC, CTC, CMI അംഗ ങ്ങളെ ബോദ്ധ്യപ്പെടുത്താനെന്ന വിധം ആത്മാർത്ഥതയുടെ പരിവേഷ ത്തിനു പിന്നിൽ അസത്യത്തിന്റെയും അപവാദത്തിന്റെയും ശരങ്ങള യച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത് ഗൗരവതരമായ തെറ്റാണെന്ന് എന്തുകൊണ്ട് ഒരു വന്ദ്യപുരോഹിതനും മറ്റു ബന്ധപ്പെട്ടവരും വസ്തു തകൾ വളച്ചൊടിച്ച് ഒത്താശചെയ്തവരും മനസ്സിലാക്കുന്നില്ല?

രണ്ടാം ഭാഗത്തിൽ, CTC സഭയിൽ ആരംഭകാലചരിത്രത്തിന്റെ രേഖകളൊന്നുമില്ലെന്ന് സി.സൂസി പറഞ്ഞതായി വീണ്ടും പന്തപ്ലാക്കൽ അച്ചൻ ആവർത്തിക്കുന്നു (പേജ് 7, പേജ് 23). വിഭജനത്തിനു മുമ്പുള്ള രേഖകളുടെയൊന്നും ഒറിജിനൽ ഇല്ല എന്നു പറഞ്ഞിരുന്നതിനെ "രേഖകൾ ഒന്നുമില്ല" എന്നു പറഞ്ഞതായാണ് ദുർവ്യാഖ്യാനിച്ചിരിക്കു ന്നത്. സഭയുടെ നാളാഗമത്തിന്റെയും പത്രമേനിപുസ്തകങ്ങളുടെയും പകർപ്പ് വളരെ വർഷങ്ങളായി ആർക്കൈവ്സിൽ ഉണ്ട്. ഒറിജിനൽ രേഖ കളുടെ വികലമാക്കിയ പേജുകൾ അനുബന്ധത്തിൽ ചേർത്തിരിക്കു



ന്നത് കാണാവുന്നതാണ്. ഗവേഷണപ്രബന്ധത്തിന്റെ വിലകുറച്ചുകാണി ക്കാനുള്ള ബോധപൂർവകമായ ശ്രമത്തിന്റെ ഭാഗമായി ഇതിനെ വായനക്കാർ തിരിച്ചറിയുമെന്ന് വിശ്വസിക്കുന്നു. പ്രബന്ധത്തെക്കുറിച്ച് എന്റെ മോഡറേറ്റർമാർ പറഞ്ഞിരിക്കുന്നത് ചരിത്രരേഖകൾ ധാരാള മായി ഉപയോഗിച്ചിട്ടുണ്ട് എന്നുതന്നെയാണ്.

## 15. ചരിത്രരചനയുടെ സവിശേഷതകൾ

വാഴ്ത്തപ്പെട്ടചാവറയച്ചന്റെപ്രാധിനിധ്യം എടുത്തുകാട്ടുന്ന തിനുള്ള പന്തപ്ലാക്കലച്ചന്റെ പരിശ്രമം ചെറുതല്ല. 1829-ൽ ഒരു തപസ്സു ഭവനം അച്ചന്മാർക്കായി പണിയാൻ മൗറേലിയൂസ് സ്തബലീനി അനു വാദം കൊടുത്തപ്പോൾ ചാവറയച്ചൻ വൈദികനായി അഭിഷേകം ചെയ്യ പ്പെട്ടിരുന്നില്ല. ഫാ.തോമസ് പാലക്കലും ഫാ.തോമസ് പോരൂക്കരയും ആയിരുന്നു ഈ സംരഭത്തിനു പിന്നിൽ. പിന്നീട് പലരും ഇതിനോടു ചേർന്നു. ജേക്കബ് കണിയാന്തറ, ലത്തീൻ റീത്തിൽപ്പെട്ട പാസ്കൽ ബയ്‌ലോൺ ദെ ജെസു തുടങ്ങിയവരുടെ ലിസ്റ്റിൽപ്പെട്ട ഒരാളായിരുന്നു ചാവറയച്ചൻ. പിന്നീടാണ് അദ്ദേഹത്തിന് പ്രാധാന്യം കൊടുത്തതെന്ന് ഫാ.മത്തിയാസ് മുണ്ടാടന്റെ പുസ്തകത്തിലൂടെ വ്യക്തമാക്കുന്നത് ഈ പുസ്തകത്തിൽ നേരത്തേ പ്രതിപാദിച്ചിട്ടുള്ളതാണ്. ആദ്യകാലത്തെ കൈയെഴുത്തുപ്രതികളിൽ ചാവറയച്ചന്റെ നാമം കാണുന്നില്ല. ഉദാ ഹരണത്തിന്, 1884-ൽ ഒ.സി.ഡി സുപ്പീരിയർ ജനറലായിരുന്ന റവ. ഫാ.ജെറോം മേരി ഇമാക്കുലേറ്റ്, സി.എം.ഐ യുടെ ചരിത്രം രേഖപ്പെടു ത്തുമ്പോൾ, അവിടെയും രണ്ടു സ്ഥാപകരെക്കുറിച്ചു മാത്രമേ പ്രതിപാദി ച്ചിട്ടുള്ളൂ എന്നതും ശ്രദ്ധേയമാണ്[37].

പന്തപ്ലാക്കൽ അച്ചന്റെ ചെറുപുസ്തകത്തിന്റെ രണ്ടാംഭാഗത്ത് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പ്രാധാന്യം ഉറപ്പിക്കാൻ അദ്ദേഹം മഠത്തിൽ വന്ന ഓരോ സംഭവവും അർഹിക്കുന്നതിലുമധികം പ്രാധാന്യം നല്കി വിവരിക്കുന്നുണ്ട്. എന്നാൽ സ്ഥാപകസിദ്ധിയെക്കുറിച്ചുള്ള ചർച്ചകളിൽ

37. "Erano a capo dell'impresa i due sacerdoti soriani Tomaso Plachel e Tomaso Porucarè. Dopo molte ricerche scelsero un ponticello nel sud del Vicariato apostolico di Verapoli, quel luogo medesimo che ora chiamasi Mannanam.. ACCO, *Acta* Vol. 15(1884), f. 320f. Letter of Jerome Mary of Immaculate Conception on March 1884.

ഇവയൊന്നും വലിയ പ്രാധാന്യമർഹിക്കുന്ന കാര്യമല്ല. 1862 മുതൽ ലെയോപ്പോൾഡച്ചന്റെ ആത്മീയ നിയന്ത്രണത്തിലായിരുന്നു മദർ ഏലീശ്വയും അന്നയും. 1866 ജനുവരി മുതൽ ചാവറയച്ചൻ മഠവുമായുള്ള ഏതൊക്കെ കാര്യങ്ങളിൽ ബന്ധപ്പെട്ടിരുന്നുവെന്ന് മേല്പറഞ്ഞ ഡോക്ടറൽ പ്രബന്ധത്തിന്റെ മൂന്നാം അദ്ധ്യായം 238 മുതലുള്ള പേജുകളിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ചാവറയച്ചന്റെ പങ്ക് ചരിത്രപരമായി വിശകലനം ചെയ്ത് അദ്ദേഹത്തിന് അർഹമായ സ്ഥാനംനല്കാൻ പ്രബന്ധത്തിൽ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ പങ്ക് വിശകലനം ചെയ്യുമ്പോൾ അദ്ദേഹത്തെ സ്ഥാപകനോ സഹസ്ഥാപകനോ ആയി പ്രതിഷ്ഠിക്കാൻ സാധ്യമല്ല എന്നത് പകൽപോലെ വ്യക്തമാണ്. എന്നാൽ റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ അഭ്യുദയകാംക്ഷികളുടെ ലിസ്റ്റിൽ അദ്ദേഹത്തിന്റെ നാമവും ഉണ്ട്. 'One of the well-wishers of TOCD' എന്നതാണ് അദ്ദേഹത്തിനു നല്കാവുന്ന ഏറ്റവും ന്യായമായ സ്ഥാനം.

## 16. പുത്തൻപള്ളി കെട്ടിടവുമായി ബന്ധമില്ല

പുത്തൻപള്ളി കെട്ടിടവും റ്റി.ഒ.സി.ഡി കോൺഗ്രിഗേഷന്റെ ആദ്യഭവനമായ പനമ്പുമഠവും തമ്മിൽ പ്രത്യക്ഷത്തിൽ ഒരു ബന്ധവുമില്ല. ഇരുപത്തിയഞ്ചാംപേജിൽ പന്തപ്ലാക്കലച്ചൻ വിവരിക്കുന്ന കാര്യങ്ങൾ പുത്തൻപള്ളിയിൽ ബെർണഡിൻ ബച്ചിനെല്ലി പിതാവ് മഠത്തിനായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ നിർമ്മിതിയിൽ ചാവറയച്ചനെ ഉൾപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ബെർണഡിൻ മെത്രാപ്പോലീത്താ 1859-ലാണ് പുത്തൻപള്ളിയിൽ മഠത്തിനായി ഒരു കെട്ടിടത്തിന് തറക്കല്ലിട്ടത്. ഫിലിപ്പ് ഒ.സി.ഡി മിഷണറിയെയാണ് ഈ പണിയുടെ മേല്നോട്ടത്തിന് പിതാവ് ഭരമേല്പിച്ചിരുന്നത്[38]. യൂറോപ്പിൽ നിന്ന് കർമ്മലീത്താ രണ്ടാംസഭാ സന്ന്യാസിനികളെ വരുത്തി ഇവിടെ സന്ന്യാസിനീജീവിതം തുടങ്ങുകയായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം[39]. ഈ സമയം ചാവറയച്ചൻ മാന്നാനം ആശ്രമത്തിലെ പ്രിയോർ ആയിരുന്നു. 1861-ൽ മാത്ര

38. SUCY KINATTINGAL, *Servant of God Mother Eliswa, the foundress of TOCD(CTC&CMC) for women*, pp.76-78.
39. AICM, Manuscripts of Leopold TOCD, p. 17; *History Album of St. Joseph's Apostolic Central Seminary*, Alwaye 1933, p. 35.



മാണ് അദ്ദേഹം സുറിയാനികളുടെ വികാർ ജനറൽ ആകുന്നത്. 1864-ൽ മാത്രമാണ് കൂനമ്മാവിലേക്ക് സ്ഥലം മാറ്റം ലഭിച്ചത്. ബെർണഡിൻ പിതാവിന്റെ എഴുത്തുകളിലൊന്നും ചാവറയച്ചനെ ഈ മഠം പണിയുമായി ബന്ധപ്പെടുത്തി ഒന്നുംതന്നെ കാണുന്നില്ല. 'അമലോദ്ഭവ വിശുദ്ധ കർമ്മല ദേവമാതാവിന്റെ കന്യാസ്ത്രീ മഠം' എന്ന പേരും അദ്ദേഹത്തിന്റെ എഴുത്തുകളിൽ കാണുന്നില്ല. എങ്ങനെയായിരുന്നാലും മഠം പണിയിൽ ചാവറയച്ചൻ ഉൾപ്പെട്ടിരുന്നോ 'അമലോദ്ഭവ...' എന്ന പേര് നല്കാൻ ഉദ്ദേശിച്ചിരുന്നോ എന്നുള്ളതൊന്നും കൂനമ്മാവ് റ്റി.ഒ.സി.ഡി കോൺവെന്റുമായി നേരിട്ടുബന്ധമുള്ള കാര്യമല്ല. റോക്കോസ് ശീശ്മ പൊട്ടിപ്പുറപ്പെട്ടപ്പോൾ വൈദിക പരിശീലനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നത് അത്യാവശ്യമായിവരുകയും പ്രസ്തുത കെട്ടിടം സെമിനാരിയാക്കി മാറ്റുകയും ചെയ്തതിനാൽ കോൺവെന്റ് തുടങ്ങുക എന്ന ബച്ചിനെല്ലി പിതാവിന്റെ ആഗ്രഹം സഫലമായില്ല[40].

റ്റി.ഒ.സി.ഡി കോൺഗ്രിഗേഷന്റെ ആദ്യഭവനമായ പനമ്പുമഠം മുമ്പുണ്ടായ പദ്ധതികളൊന്നിനോടും ബന്ധമില്ലാത്ത ഒരു പുതിയ സംരംഭമായിരുന്നു. അത് മദർ ഏലീശ്വയുടെയും അന്നയുടെയും ഓഹരിയിൽപ്പെട്ട കഷണ്ടിയാൻ പറമ്പിലാണ് പണിതുയർത്തിയത്[41]. അതിൽ ചാവറയച്ചനടക്കമുള്ള അനേകംപേരുടെ സഹായസഹകരണമുണ്ട്. മഠം പണിയിൽ സഹകരിക്കുന്നവരെയൊക്കെ 'സ്ഥാപകർ' ആയി കണക്കാക്കുന്നത് എന്തു മാനദണ്ഡമുപയോഗിച്ചാണെന്ന് അറിയേണ്ടതുണ്ട്. ഏതു തത്ത്വമുപയോഗിച്ചാണ് ചാവറയച്ചനെ സി.എം.സി.സഭയുടെ സ്ഥാപകനായും ചില അവസരങ്ങളിൽ സഹസ്ഥാപകനായും ചിത്രീകരിക്കുന്നത് എന്നു മനസ്സിലാകുന്നില്ല. പുത്തൻപള്ളി കെട്ടിടവുമായി ചാവറയച്ചനെ ബന്ധിപ്പിച്ച് അതിനെ കൂനമ്മാവിനോടുചേർത്ത് സ്ത്രീകൾക്കായി സ്ഥാപിച്ച സന്ന്യാസിനീസഭയെ സി.എം.ഐ യുടെ സ്ത്രീവിഭാഗമായി ചിത്രീകരിക്കാനുള്ള കരുനീക്കമാണ് പന്തപ്ലാക്കലച്ചന്റേത്[42].

40. AMBROSIUS A S. TERESIA, *Hierarchia Carmelitana*, p. 340.
41. വിമല പ്രോവിൻസ് ആർക്കൈവ്സ് ഓഫ് സി.എം.സി, എറണാകുളം, നാളാഗമങ്ങൾ, വാല്യം 1, പേജ് 1 തുടർച്ച.
42.. SUCY KINATTINGAL, Servant of God Mother Eliswa, the foundress of TOCD(CTC&CMC) for women, pp.223 f.

## 17. പുത്തൻ മഠത്തിന്റെ ചരിത്രം

ലെയോപ്പോൾഡച്ചൻ വഴിയാണ് ആദ്യ കോൺവെന്റ് സാക്ഷാത്കരിക്കപ്പെട്ടതെന്ന് ചാവറയച്ചനും സാക്ഷ്യപ്പെടുത്തുന്നതായി ഇരുപത്തൊമ്പതാം പേജിൽ പന്തപ്ലാക്കലച്ചൻതന്നെ പറയുന്നുണ്ട്. ഒരു നൂറ്റാണ്ടിനിടയിൽ ചാവറയച്ചൻ സ്ഥാപകനായി ദത്തെടുക്കപ്പെട്ടത് വിചിത്രമായൊരു ചരിത്രം തന്നെ. കൂനമ്മാവ് മഠത്തിന്റെ നാളാഗമങ്ങൾ ലെയോപ്പോൾഡച്ചന്റെയും ബച്ചിനെല്ലി പിതാവിന്റെയും ചാവറയച്ചന്റെയും പ്രാധാന്യം ഏതു തലങ്ങളിലാണെന്ന് വ്യക്തമാക്കുന്നുണ്ട്[43]. പ്രൊക്കുദോർ തൊമ്മനെയാണ് മഠത്തിന്റെ എല്ലാകാര്യങ്ങളും ലെയോപ്പോൾഡച്ചൻ ഏല്പിച്ചിരുന്നത്. അങ്ങനെയെങ്കിൽ അദ്ദേഹത്തെയും സഹസ്ഥാപകനെന്ന് പറയാനാവുമോ?

അന്നയുടെ സ്വത്തിന്മേലുണ്ടായിരുന്ന കടം കൊവേന്തയുടെ സഹായത്തോടെ വീട്ടിയെന്ന് കൈയെഴുത്തുരേഖകളിലൊന്നും ഒരിടത്തും പറഞ്ഞിട്ടില്ല. മുപ്പത്തിമൂന്നാം പേജിൽ പന്തപ്ലാക്കലച്ചൻ പറയുന്ന ഈ കാര്യം ലെയോപ്പോൾഡച്ചൻ 1891-ൽ മാർസലിൻ ബിഷപ്പിന് എഴുതിയ ഒരു കത്തിൽ നിന്ന്, വ്യാജമാണെന്നു തെളിയിക്കാവുന്നതാണ്[44]. 1889-ൽ സീറോ മലബാർ റീത്തിലെ മദർ കാതറീന റോമിലേക്കയച്ച റിപ്പോർട്ടിൽ പറയുന്നത് സുറിയാനി സഹോദരരികളുടെ പത്രമേനി പണം കൊണ്ട് കടം വീട്ടിയെന്നാണ്[45]. സി.എം.ഐ പറയുന്നത് കൊവേന്തയിൽ നിന്നുള്ള പണം കൊണ്ട് കടം വീട്ടിയെന്നും. 1891-ൽ ലെയോപ്പോൾഡച്ചൻ പറയുന്നത് അന്നയുടെ സ്വത്തിന്മേലുണ്ടായിരുന്ന ചെറിയ കടം 1865-ൽ തന്നെ അഭ്യുദയകാംക്ഷികളിൽ നിന്നു ലഭിച്ച പണം കൊണ്ട് വീട്ടിയെന്നും ആരുടെയും പത്രമേനി അതിനായി ഉപയോഗിച്ചിട്ടില്ലെന്നുമാണ്[46]. 1865-ൽ സുറിയാനി സഹോദരികളാരും ഇല്ലായിരുന്നുവെന്നത്

43. വിമല പ്രോവിൻസ് ആർകൈവ്സ് ഓഫ് സി.എം.സി, എറണാകുളം, നാളാഗമങ്ങൾ, വാല്യം 1.

44. വിമല പ്രോവിൻസ് ആർകൈവ്സ് ഓഫ് സി.എം.സി, എറണാകുളം, തിരുസിംഹാസനത്തിൽ നിന്നും മറ്റും വന്ന രേഖകളും ഡിക്രികളും, ലെറ്റർ 27.

45. ACCO, *Ponenza della S. C. P. F., 1890 Marzo*, A. No. 1, p. 50-52.

46. വിമല പ്രോവിൻസ് ആർകൈവ്സ് ഓഫ് സി.എം.സി, എറണാകുളം, തിരുസിംഹാസനത്തിൽ നിന്നും മറ്റും വന്ന രേഖകളും ഡിക്രികളും, ലെറ്റർ 27.



ചരിത്രസത്യമാകയാൽ മദർ കാതറീനയുടെ എഴുത്തിന്റെ നിജസ്ഥിതി വെളിവാകുന്നു. സീറോ മലബാർ സഭയിലെ ആദ്യ അംഗം (അച്ചാമ്മ) വന്നത് 1866 ഫെബ്രുവരിയിലാണ്. നാളാഗമത്തിൽനിന്ന് അച്ചാമ്മ (സി. ക്ലാര) കൊണ്ടുവന്ന സാധനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം വെട്ടിക്കളഞ്ഞിരിക്കുന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ചരിത്രവസ്തുതകൾ മാറ്റിയെഴുതുന്നതിനായി, 1890-നു മുമ്പുമുതൽതന്നെ തത്പരകക്ഷികൾ സർവശ്രദ്ധയും അർപ്പിച്ചിരുന്നുവെന്നതിന് വ്യക്തമായ ഉദാഹരണമാണിത്.

'നാല് അംഗങ്ങളാണുണ്ടായിരുന്നത്' എന്നത് സീറോ മലബാർ റീത്തിലെ പുസ്തകരചയിതാക്കളുടെ സ്ഥിരം പ്രസ്താവനയാണ് [47]. സ്വന്തംതാത്പര്യത്തിനനുസരിച്ച് ചരിത്രം വ്യത്യാസപ്പെടുത്താൻ വളരെയധികം എഴുത്തുകാർ അരയും തലയും മുറുക്കി യത്നിച്ചിട്ടുണ്ട്[48]. പനമ്പുമഠപ്രവേശനത്തിൽ 3 പേരേയുള്ളൂവെന്നതും പനമ്പുമഠത്തിൽ 3 മുറികളേ ഉണ്ടായിരുന്നുള്ളൂ എന്നതും ആർക്കും നിഷേധിക്കാനാവില്ല. വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഇടവകവികാരി വഴി തനിക്ക് പരിചയമുണ്ടായിരുന്ന അച്ചാമ്മയെന്ന വിധവയെ വിളിച്ചുവരുത്തിയെങ്കിലും സ്ഥാപകാംഗങ്ങളോടൊപ്പം പ്രവേശിക്കാൻ ലെയോപ്പോൾഡച്ചൻ അനുവദിച്ചില്ല എന്നത് ശ്രദ്ധേയമായ കാര്യമാണ്[49].

പന്തപ്ലാക്കലച്ചൻ 36-37 പേജുകളിൽ പറയുന്ന കാര്യങ്ങളെല്ലാം അതായത് പുതിയമഠവുമായി ബന്ധപ്പെട്ട ധനശേഖരണം, പണിനടത്തിപ്പ്, വിവിധ വ്യക്തികൾ നല്കിയ സംഭാവനകൾ തുടങ്ങിയവ

47. Rappai Ambadan, *From Vicariate to Hierarchy*, PUG, Rome 1996, pp. 55-56.

48. Chacko, K.C., *Father Kuriakose Elias Chavara*, St. Joseph's Monastery, Mannanam 1968, p. 71; Jossy CMC, ed., *CMC In the Shadow of the Most High*, Mount Carmel Generalate, Aluva 1997; John Romeo P. CMI, *Vazhthapetta Chavarayachan*, p. 73; Thomas Panthamplackal, CMI, *A Pearl Truly Indian*, p. 20; T.T. Mundakkal, *Kudumbapreshidhan Chavarayachan* (Mal.), L.F. Industrial Press, Cochin, 2004, pp. 80-104; Joseph M.O., *Kerala Kristhyanikal*, Janatha Books Stall, Cochin 1972, p. 303f; Seraphina CMC (Translator), *CMC Chronicles Vol. I & II*, CMC Publications, Aluva 2002, etc.

49. വിമല പ്രോവിൻസ് ആർകൈവ്സ് ഓഫ് സി.എം.സി, എറണാകുളം,നാളാഗമങ്ങൾ, വാല്യം 1, പേജ് 4

യെല്ലാം ഡോക്ടറൽ പ്രബന്ധത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാണ്[50].

മുപ്പത്തെട്ടാം പേജിൽ വിലയായി കൊടുത്തു വാങ്ങിച്ചു എന്ന് പറയുന്നുണ്ടെങ്കിലും ആരു കൊടുത്തു എന്ന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിശദമാക്കുന്നില്ല. മദർ ഏലീശ്വയുടെ മാതുലൻ തനിക്കുണ്ടായിരുന്ന രണ്ടുമുറിപറമ്പിന്റെകൂടെ മറ്റൊന്നുകൂടി വിലയ്ക്കു വാങ്ങിച്ച് തന്റെ അനന്തിരവർക്കു സമ്മാനിച്ചതായി പല കൈയെഴുത്തുപ്രതികളും സാക്ഷ്യപ്പെടുത്തുന്നു. സാൽവദോർ വറീത് തണ്ണിക്കോട്ട്, മദർ ത്രേസ്യയുടെ ജീവചരിത്രമെഴുതിയ ഫാ.ജോസഫ് റ്റി.ഒ.സി.ഡി, ഫാ. ലെയോനാർഡ് റ്റി.ഒ.സി.ഡി, ബ്ര. ലിയോപ്പോൾഡ് ഒ.സി.ഡി തുടങ്ങിയവർ ഇത് സാക്ഷ്യപ്പെടുത്തുന്നു. ആർച്ച്ബിഷപ് മെല്ലനോയും ഈ സ്ഥലങ്ങളുടെ വിവരങ്ങൾ നല്കുന്നുണ്ട് [51]. പന്തപ്ലാക്കലച്ചൻ പത്തൊമ്പതാംപേജിൽ പറഞ്ഞിരിക്കുന്ന ഉദ്ധരണികൾതന്നെ ഇതിനോട് ചേർന്നുപോകുന്നതുമാണ്. ബച്ചിനെല്ലി പിതാവിന്റെ പദ്ധതിയനുസരിച്ച് മിഷന്റെ പ്രൊക്കുറേറ്ററായ ലെയോപ്പോൾഡ് മിഷണറിയാണ് കോൺവെന്റ് കെട്ടിടം പണികഴിപ്പിച്ചതെന്ന് നാളാഗമം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇന്ന് കൂനമ്മാവ് മഠത്തിന്റെ പ്രവേശനകവാടത്തിൽ 'ചാവറയച്ചൻ പണികഴിപ്പിച്ച മന്ദിരം' 'ചാവറയച്ചൻ പണികഴിപ്പിച്ച ഊട്ടുമുറി' 'ചാവറയച്ചൻ ഉപദേശം കൊടുത്ത മുറി' തുടങ്ങിയ ഉല്ലേഖനങ്ങളെല്ലാം ചരിത്രബോധമുള്ളവർ എങ്ങനെയാണു വിലയിരുത്തുക?[52]. പണപ്പിരിവിനെക്കുറിച്ചുള്ള പരാ

50. SUCY KINATTINGAL, *Servant of God Mother Eliswa, the foundress of TOCD(CTC&CMC) for women*, pp. 238-250.

51. ACCO, *Ponenza*, A. 1890 *Marzo*, No: I, *Allegato Lettera D*, f. 46, Letter of Archbishop Mellano to the Delegate Apostolic f India on March 15, 1889; ASJVB, Manuscripts of Bro. Leopold OCD, Book II, f. 31, ASJVB, Manuscripts of Bro. Leopold OCD, Book III, f. 55; CTC, *Varapuzha Kanyakamadam: Oru Charithra Samgraham*, p. 8; VICTOR SAN MIGUEL, *Carmelite Institutes in Kerala*, p. 18; GUSE, P.M., "*Koonammaum Kerala Christavasabhayum*" in *Souvenir of the 150th Anniversary of St. Philomena's Parish, Koonammau*, p. 15; ALEXANDER VAKAYIL, "Rev. Mother Eliswa", in *Centenary Souvenir of TOCD Congregation*, 1966, p. 9; CHUMMAR, T.M., '*Varapuzha Madam*' in *Golden Jubilee Souvenir*, 1940, pp. 8-9.

52. See the subtitle 'Attempt to hide the facts' in p.185 of SUCY KINATTINGAL, *Servant of God*



മർശങ്ങളാണ് പന്തപ്ലാക്കലച്ചൻ 38 മുതൽ 43 വരെയുള്ള പേജുകളിൽ വിവരിക്കുന്നത്. സി.എം.ഐ. *Collectd Works of Bl.Chavara* പ്രസിദ്ധീകരിച്ചപ്പോൾ കൂട്ടിച്ചേർത്ത ഉപശീർഷകങ്ങളെക്കുറിച്ചും 'കുരിയാക്കോസച്ചനു കിട്ടിയ പണം കൊണ്ട് മഠം തുടങ്ങുന്നു'എന്ന് വായനക്കാരെ ധരിപ്പിക്കുകയെന്ന ഗൂഢമായ ഉദ്ദേശ്യത്തെക്കുറിച്ചും അന്യത്ര പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. മഠത്തിനായി നടത്തിയെന്നു പറയുന്ന പണപ്പിരിവിനെക്കുറിച്ചുള്ള എല്ലാ തെറ്റിദ്ധാരണകളും തീർക്കാൻ വ്യക്തമായ തെളിവ് നമുക്കു ലഭിക്കുന്നത് മാന്നാനം ആശ്രമത്തിലെ ആലോചനാപുസ്തകത്തിൽ നിന്നുതന്നെയാണ്. ബെർണഡിൻ പിതാവിന്റെ സംഭാവനകൾ നയപരമായി മറച്ചുവയ്ക്കുന്ന പുസ്തക രചയിതാക്കൾ അറിഞ്ഞോ അറിയാതെയോ ഉദ്ധരിച്ചുപോയ ഒരു ഭാഗം ഇതിനു തെളിവാണ്:

"ഈ ദിവസങ്ങളിൽ കഴിഞ്ഞ വല്യനോമ്പിന്റെ തുടക്കത്തിൽ പനമ്പുകൊണ്ടു വീടുണ്ടാക്കി കണ്ണുനീരാൽ സ്ഥാപിച്ച കന്യാസ്ത്രീകൾക്ക് ശീമനാട്ടിലെപ്പോലെ മഠം പണിചെയ്യിപ്പിക്കണമെന്നു ഞങ്ങളുടെ ദലഗാദച്ചനും പ്രിയോരച്ചനും വിശേഷമനസ്സുണ്ടായി. ധർമ്മത്താൽ ഈ കൊവേന്തകളൊക്കെയും ഒരു പ്രകാരം നടന്നും എല്ലാവരും മടുത്തു ശരണത്തിനിടയില്ലാതിരിക്കുമ്പോൾ ശരണപ്പെട്ടുകൊണ്ട് പെ.ബ.മെത്രാപ്പോലീത്താച്ചനിൽ നിന്നും പിടിയരി മുതലായ വകയിൽ നിന്നും യാതൊന്നും കൂടാതെ വിചാരിച്ചാൽ വലിയ പ്രത്യക്ഷമായിരിക്കുന്നു എന്നുള്ള പ്രകാരത്തിൽ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പുത്തൻ വർത്തമാനം പോലെ പട്ടക്കാരിൽ നിന്നുമായിട്ട് ഏറെക്കുറെ 8000 ചില്വാനം രൂപാ വരവും ഏറിയതും എഴുത്തുവഴിയായി പിരിച്ച് ചുരുങ്ങിയ ദിവസം കൊണ്ട് വിശേഷമാതൃകയായി മഠവും തീർത്ത് അതിന് വേണ്ടതൊക്കെയും ആസ്തമാക്കി പിറ്റേനോമ്പിൽ പുത്തൻ മഠത്തിൽ സ്ഥാപിക്കയും ചെയ്തു" (മാന്നാനം കൊവേന്തയുടെ ആലോചനാപുസ്തകം പേജ് 130-140 Celine CMC, Congregation of Mother of Carmel, Alwaye 1974, Appendix).

രണ്ടാം പ്രിയോരായ കുരിയാക്കോസ് പോരൂക്കര ഇത് സാക്ഷ്യപ്പെടുത്തുന്ന ഭാഗമാണ് ആലോചനാപുസ്തകത്തിൽ നിന്ന് സെലിൻ സി.എം.സി മലയാളത്തിൽത്തന്നെയും പിന്നീട് *Dream Fulfilled* എന്ന

ഒരു പുസ്തകത്തിൽ ജോസി സി.എം.സിയും തോമസ് കൊച്ചുമുറ്റം സി.എം.ഐയും ചേർന്ന് ഇംഗ്ലീഷിലും ഉദ്ധരിച്ചിരിക്കുന്നത്[53]. ഇത് ലെയൊനാർഡ് മെല്ലാനോ പിതാവ് തന്റെ മുൻഗാമിയായ ബച്ചിനെല്ലി പിതാവിന്റെ കണക്കുബുക്കുകളുടെ പിൻബലത്തോടെ, അദ്ദേഹത്തിന്റെ റിപ്പോർട്ടിലും മറ്റുപല ചരിത്രരേഖകളിലും രേഖപ്പെടുത്തിയിട്ടുള്ളതു മാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ സാമ്പത്തിക നിലവാരം വിലയിരു ത്തുമ്പോൾ നാണയക്കൈമാറ്റം വിരളമായിരുന്നു എന്നു കാണാം. രൂപ യായി ദാനം കൊടുക്കാൻ ജനങ്ങൾക്കു കഴിയാതിരുന്നതിനാലാണ് പിടിയരി സമ്പ്രദായം നടത്തിയിരുന്നത്. ചാവറയച്ചൻ 8000-ത്തിലധികം രൂപാ സിറിയൻപള്ളികളിൽ നിന്നുമാത്രം പിരിച്ച് ലത്തീൻകാരികളായ സ്ത്രീകൾക്ക് മഠം പണിതു എന്നുപറയുന്നത് വിചിത്രമായ സംഗതി യാണ്.

## 18. ബച്ചിനെല്ലി മെത്രാപ്പോലീത്തായും കൂനമ്മാവ് മഠവും

പന്തപ്ലാക്കലച്ചന്റെ പുസ്തകം നാല്പതാം പേജിൽ മഠം രണ്ടുനി ലയായി പണിതകാര്യം വിവരിക്കുന്നുണ്ടെങ്കിലും അത് ബച്ചിനെല്ലി പിതാ വിന്റെ ആശയമായിരുന്നെന്ന് പരാമർശിക്കുന്നില്ല. ബച്ചിനെല്ലി മെത്രാ പ്പോലീത്താ പരിശുദ്ധ അമ്മയുടെയും മറ്റും രൂപങ്ങൾ പോലും പുതിയ മഠത്തിൽ പ്രതിഷ്ഠിക്കുന്നതിനായി സൂക്ഷിച്ചുവച്ചിരുന്നു. കൂനമ്മാവ് പള്ളിയുടെ സങ്കീർത്തിയോടനുബന്ധിച്ച് സിസ്റ്റേഴ്സിന് പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ ഒരു മുറി പണിയുകയും അവർക്ക് നിത്യ ച്ചെലവിനായി ഒരാൾക്ക് 8 രൂപാ വീതം നല്കുകയുമൊക്കെ ചെയ്തി രുന്നു. ലെയോപ്പോൾഡച്ചൻ ബച്ചിനെല്ലി പിതാവ് ചെയ്ത ഉപകാരങ്ങൾ അനുസ്മരിച്ചുകൊണ്ട് പിതാവിനുവേണ്ടി പ്രാർത്ഥിക്കാനുള്ള കടപ്പാട് സിസ്റ്റേഴ്സിനെ അനുസ്മരിപ്പിച്ചിരുന്നു. “അദ്ദേഹം കയ്പ് കുടിച്ചുകൊ ണ്ടാണ് നിങ്ങൾക്ക് മധുരം തരുന്നത്” എന്ന് അദ്ദേഹം പറഞ്ഞിരുന്നു. കോൺവെന്റിന്റെ ഉദ്ഘാടനംപോലും ഒരു മാസത്തേക്ക് മാറ്റിവയ്ക്കാൻ പിതാവ് ആവശ്യപ്പെട്ടു. കാരണം, കുമ്മായം ഉണങ്ങാത്ത വീട്ടിൽ പെട്ടെന്ന് കയറിത്താമസിച്ചാൽ അവരുടെ ആരോഗ്യത്തെ ബാധിക്കു മെന്ന് അദ്ദേഹത്തിന്റെ പൈതൃകസ്നേഹം തിരിച്ചറിഞ്ഞിരുന്നു. ഇതേ കരുതലോടെ കോൺവെന്റിനുവേണ്ടി എല്ലാം സ്നേഹത്തോടെ

53. JOSSY CMC & THOMAS KOCHUMUTTAM CMI, *Dream fulfilled*, p. 39.



പ്രദാനം ചെയ്ത ബച്ചിനെല്ലി പിതാവിനെ മാറ്റി നിർത്തിക്കൊണ്ട് ചാവ റയച്ചൻ പണം പിരിച്ചു കോൺവെന്റ് പണിതു എന്നു പറയുന്നത് വരാ പ്പുഴയുടെ മണ്ണിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ഈ മഹാമിഷണറിയോ ടുള്ള കൃതഘ്നതയാണ്, കേരളസഭാചരിത്രത്തോട് ചെയ്യുന്ന അനീതി യാണ്.

## 19. എഴുത്തിന്റെ ആധികാരികത ചോദ്യം ചെയ്യപ്പെടുന്നു

പന്തപ്ലാക്കലച്ചൻ 41-42-ൽ പറയുന്ന എഴുത്തു വായിച്ച് വിശക ലനം ചെയ്യുമ്പോൾ അതിന്റെ ഉള്ളടക്കം നാളാഗമവുമായി ചേർന്നു പോകുന്നതല്ല എന്നു വ്യക്തമാണ്. അതിന്റെ ആധികാരികത മെല്ലാനോ പിതാവ് ചോദ്യം ചെയ്യുന്നുണ്ട് [54]. ആ എഴുത്ത് എഴുതപ്പെട്ട തീയതി യായ ഫെബ്രുവരി 13-ന് മഠം കൂടുകേറ്റുവരെ മാത്രമല്ല അതിന്റെ പണി കൾ മുഴുവനും കഴിഞ്ഞിരുന്നു. പനമ്പുമഠത്തിൽ കയറിയ ദിവസം പുതിയ മഠത്തിൽ പ്രവേശിക്കാൻ ആദ്യം തീരുമാനിച്ചിരുന്നു. സിസ്റ്റേ ഴ്സിന്റെ ആരോഗ്യം പരിഗണിച്ച് ബച്ചിനെല്ലി പിതാവാണ് ഒരു മാസ ത്തേക്ക് പുതിയ മഠപ്രവേശനം മാറ്റിവച്ചത്. കൂനമ്മാവിലെ ജനങ്ങൾ കോൺവെന്റിനു വേണ്ടി സഹായം ചെയ്യാൻ സന്നദ്ധരായിരുന്നു. ദിവ സവേതനംപോലും വാങ്ങിക്കാതെ അവർ അദ്ധ്വാനിച്ചിരുന്നെന്നും വൈദികരും ജനങ്ങളും ചേർന്ന് റോമിലേക്കയച്ച കത്തിൽ വ്യക്ത മാണ് [55]. ഒരു സിറിയൻ സഹോദരി മാത്രമേ ആ സമയത്ത് മഠത്തിൽ അംഗമായിട്ടുള്ളൂ. ലത്തീൻറീത്തിലെ സ്ത്രീകൾക്ക് മഠം പണിയാൻ ദൂരെ സിറിയൻ ഇടവകകളിലേക്ക് എഴുത്തു കൊടുത്തുവിട്ടതെന്തിന് എന്ന ചോദ്യം അവശേഷിക്കുന്നു. 4500 രൂപ മാത്രമാണ് മഠം പണി യുടെ മൊത്തം ചെലവ് എന്നും ആർച്ച് ബിഷപ്പ് 8000-ത്തിലധികം രൂപ കൊടുത്തെന്നും പറയുമ്പോൾ, പിന്നെ എന്താവശ്യത്തിനായി പിരി ച്ചെടുത്തു? മറ്റു സ്ഥാപനങ്ങൾക്കുവേണ്ടിയായിരിക്കുമോ? കോൺ വെന്റിന്റെ കാര്യം അവതരിപ്പിച്ചാൽ വേഗത്തിൽ പണം സ്വരൂപിക്കാൻ കഴിയുമെന്ന നിഗമനമാണോ? എല്ലാറ്റിലുമുപരി, ഈ എഴുത്ത് കൃത്രിമ മായി ഉണ്ടാക്കിയതാണോ? ഇങ്ങനെ പല ചോദ്യങ്ങളും അവശേഷി

54. ACCO, *Ponenza della S. C. P. F., 1890 Marzo*, A. No. 1, f. 47f.

55. ACCO, *Scritture Riferite nei Cong., Malabaresi* (1890-1892), f. 1736f. The Clergy and People of Verapoly Archdiocese to the Prefect of the Propaganda Fidei.

ക്കുന്നു. വിഭജനത്തോടനുബന്ധമായി അയച്ച പല റിപ്പോർട്ടുകളും വ്യാജമായിരുന്നെന്ന് പിന്നീട് തെളിയുന്നുമുണ്ട് [56].

## 20. സി. അന്നയുടെ പത്രമേനി

സി. അന്നയ്ക്കും മദർ ഏലീശ്വയ്ക്കും വാകയിൽ തറവാട്ടിൽ നിന്നു ലഭിച്ച പത്രമേനി 14,000 ഫ്രാങ്ക് വിലവരുന്ന വസ്തു എന്നാണ് പറഞ്ഞിരിക്കുന്നത്. അത് ഭൂമിയായിത്തന്നെ പാട്ടത്തിനു കൊടുത്തിരിക്കുകയായിരുന്നു. കിണറുകുഴിപ്പിക്കുക, വളമിടുക തുടങ്ങിയ ജോലികൾ നടത്തിക്കുന്നതിന് ചാവറയച്ചൻ ഫിലിപ്പോസ് മിഷണറിയിൽ നിന്നു പണം വാങ്ങിയിരുന്നതായി നാളാഗമം സാക്ഷ്യപ്പെടുത്തുന്നുണ്ട്. 120 രൂപാ കരത്തെക്കുറിച്ച് ഒരിടത്തും രേഖപ്പെടുത്തിക്കണ്ടില്ല. എങ്ങനെയായാലും പന്തപ്ലാക്കലച്ചൻ നിരത്തിയിരക്കുന്ന ഉദ്ധരണികളിലൂടെ കടന്നുപോകുന്ന ആർക്കും മനസ്സിലാകുന്ന ഒന്നാണ് ചാവറയച്ചൻ മഠത്തിന്റെ ഒരു ഉപകാരിയോ അഭ്യുദയകാംക്ഷിയോ ആയിരുന്നുവെന്നത്. അത് മേല്പറഞ്ഞ പ്രബന്ധത്തിലും പറഞ്ഞിരിക്കുന്നതാകയാൽ പന്തപ്ലാക്കലച്ചന്റെ പുസ്തകത്തിന് പുതുമയില്ല. ഈ സംഭാവനകൾ പരിഗണിച്ച് അദ്ദേഹത്തെ സ്ഥാപകനോ സഹസ്ഥാപകനോ ആയി സ്ഥാപിക്കാൻ ആർക്കും സാധിക്കുകയില്ല എന്നത് വ്യക്തമാണ്. അങ്ങനെയിരിക്കേ എന്തുകൊണ്ട് സി.എം.സി സഭയുടെ സ്ഥാപകൻ എന്ന വിശേഷണം നാമകരണപരിപാടികളിൽ ചേർത്തു എന്ന ചോദ്യം വീണ്ടും അവശേഷിക്കുന്നു. ചാവറയച്ചൻ ചെയ്തതിലുപരി ചെയ്തിട്ടുള്ള ലെയോപ്പോഡച്ചനെയും ആർച്ച് ബിഷപ്പ് ബെർണർഡിൻ ബച്ചിനെല്ലിയെയും ആർച്ച്ബിഷപ്പ് ലെയൊനാർഡ് മെല്ലാനോയെയും എന്തുകൊണ്ട് അവഗണിക്കുന്നു എന്നുകൂടി അറിയേണ്ടത് ആവശ്യമാണ്.

## 21. 'Ha fondato con somme fatiche il monastero delle monache'

ചരമക്കുറിപ്പിൽ ലെയോപ്പോൾഡച്ചൻ ചാവറയച്ചനെക്കുറിച്ച് എഴുതിയെന്നു പറയുന്ന ഭാഗം: "...Ha fondato con somme fatiche il monastero delle monache" അതായത് "മഠം സ്ഥാപിക്കാൻ അദ്ദേഹം വളരെ പണിപ്പെട്ടു..." എന്ന വരികൾ മാത്രം വരികൾക്കിടയിൽ അടയാളപ്പെടുത്തി

56. SUCY KINATTINGAL, *Servant of God Mother Eliswa, the foundress of TOCD(CTC&CMC) for women*, pp.242-254.



മുകളിൽ എഴുതിച്ചേർത്ത നിലയിലാണു കാണപ്പെടുന്നത്. സാധാരണ എഴുതിയ അക്ഷരത്തെക്കാൾ ചെറിയ അക്ഷരത്തിലാണ് ഇത് എഴുതിയിരിക്കുന്നത്. ആ ഭാഗം ഇല്ലാതെയും ആ വരികളുടെ അർത്ഥം പൂർണമാണെന്നതും സംശയത്തിന് ഇടനല്കുന്നു. വിഭജനത്തിന്റെ കാലഘട്ടത്തിലുള്ള പല റിപ്പോർട്ടുകളും എഴുത്തുകളും ഒപ്പുകളും കൃത്രിമമായി ഉണ്ടാക്കിയതാണെന്ന് പ്രൊപ്പഗാന്ത ഫീദെയുടെ പരിശോധ നയിൽ തെളിഞ്ഞതും തിരിച്ചയച്ചതുമായ കഥകളൊക്കെ പ്രബന്ധത്തിൽ വിവരിച്ചിട്ടുള്ളതാണ്. മാത്രമല്ല, monastero എന്നത് 'മഠം' ആണ് 'കോൺഗ്രിഗേഷൻ' അല്ല എന്നതും ശ്രദ്ധേയമാണ്. മഠം പണിയുന്നവരല്ല സ്ഥാപകരെന്ന് 'സ്ഥാപക' എന്ന പദത്തിന്റെ ദൈവശാസ്ത്ര വിശകലനത്തിലൂടെ തെളിയിക്കാം. ഈ മഠം ബച്ചിനെല്ലി പിതാവിന്റെ പദ്ധതി പ്രകാരം ലെയോപ്പോൾഡ് മിഷണറിയുടെ മേല്നോട്ടത്തിൽ പൂർത്തിയാക്കിയതാണെന്നത് നാളാഗമത്തിൽ നിന്നു വ്യക്തമാണ്. മഠം പണിയുടെ നടത്തിപ്പിനായുള്ള ബെർണർഡീൻ പിതാവിന്റെ സംഭാവനകൾ പ്രബന്ധത്തിൽ വിവരിച്ചിട്ടുണ്ട്[57]. ഇങ്ങനെയുള്ള കാര്യങ്ങൾ പരിഗണിക്കുമ്പോൾ ഈ പ്രസ്താവന അന്തരിച്ച വ്യക്തിയുടെ ബഹുമതിക്കായി കൂട്ടിച്ചേർക്കുന്ന അതിശയോക്തിയായി മാത്രമേ കാണാനാവൂ.

## 22. മാർ ലൂയിസ് പഴേപറമ്പിലിന്റെ വീക്ഷണത്തിൽ

"മാർ ലൂയിസ് പഴേപറമ്പിലിന്റെ വീക്ഷണത്തിൽ"[58] എന്ന ഉപശീർഷകത്തിൽ പറഞ്ഞിരിക്കുന്ന വിവരണങ്ങൾ റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ ആരംഭചരിത്രവുമായി ചേർന്നുപോകുന്ന വിധത്തിലല്ല എന്ന് പ്രഥമതഃ വ്യക്തമാണ്. "...ഒരു ചെറിയ വീട് കൂലിക്കു വാങ്ങിച്ച് ഏതാനും വിധവകളെയും പെൺപൈതങ്ങളെയും എടുത്ത് ഈ വീട്ടിൽ ആക്കി മഠം സ്ഥാപിച്ചു" എന്നു പറയുന്നതുതന്നെ അദ്ദേഹത്തിന് ചരിത്രത്തെക്കുറിച്ച് വ്യക്തമായ അറിവില്ല, അല്ലെങ്കിൽ അദ്ദേഹം മനഃപൂർവം കാര്യങ്ങൾ അവ്യക്തമായി അവതരിപ്പിക്കുന്നു എന്നതിന്റെ സൂചനയാണ്. പുതിയ മഠപ്രവേശനസമയത്തൊന്നും പഴേപറമ്പിൽ ലൂയിസ്

57. SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, p. 140.

58. തോമസ് പന്തപ്ലാക്കൽ സി.എം.ഐ, ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും, പേജ് 57.

എന്ന ഒരു സെമിനാരിയനെക്കുറിച്ച് പരാമർശിച്ചുകാണുന്നില്ല. മാത്ര മല്ല കർശനമായ ആവൃതിനിയമം പാലിച്ചിരുന്ന അവരുടെ കാര്യങ്ങ ളിൽ ഇടപെടാൻ മറ്റാരെയും അനുവദിച്ചിരുന്നുമില്ല. മദർ ഏലീശ്വയുടെ സഹോദരനായ ലൂയിസ് വൈപ്പിശ്ശേരി ആ കാലത്ത് അവിടെ സെമി നാരി വിദ്യാർത്ഥിയായി ഉണ്ടായിരുന്നു. ലൂയിസ് പഴേപറമ്പിലാകട്ടെ, കർമ്മലീത്താ മിഷണറിമാർക്കെതിരേയുള്ള പ്രക്ഷോഭണങ്ങളിൽ നായ കത്വം വഹിക്കുകയും സുപ്പീരിയറായ മെല്ലാനോ പിതാവിനെതിരേ ഊമ ക്കത്ത് അയയ്ക്കുകയും കള്ളഒപ്പുകളിട്ട് എഴുത്ത് അയയ്ക്കുകയും മെത്രാപ്പോലീത്തായ്ക്കെതിരേ പല അപവാദങ്ങളും പരത്തുകയു മൊക്കെ ചെയ്തതിനാൽ മെത്രാപ്പോലീത്തായാൽ നിഷ്കാസനം ചെയ്യ പ്പെട്ടയാളാണ്. പിന്നീട് അദ്ദേഹം മെത്രാനായി എന്നതുകൊണ്ട് ഇക്കാ ര്യങ്ങളൊന്നും ഇല്ലാതാകുന്നില്ല. അദ്ദേഹത്തെ അവരുടെ 'ഏഴുവ്യാകു ലങ്ങ'ളിൽ ഒരാളായി സീറോ മലബാർ സഭ പരിഗണിക്കുന്നു.

## 23. മറ്റു വസ്തുതകൾ

- അമ്പത്തൊന്നാം പേജിൽ ബച്ചിനെല്ലി പിതാവിന്റെ റിപ്പോർട്ട് പന്ത പ്ലാക്കലച്ചൻ വിവരിക്കുന്നത് വ്യത്യാസപ്പെടുത്തിയാണ്. "മഠ ത്തിന്റെ കാര്യങ്ങൾ നിർവഹിക്കുന്നത് ഞാൻ നിയോഗിച്ചിരിക്കുന്ന മിഷണറിയാണ്. മൂന്നാംസഭയുടെ പ്രിയോരും കൂടെയുണ്ട്" എന്നാണ് യഥാർത്ഥമായ ഭാഗം.
- അദ്ദേഹം അമ്പത്തിരണ്ടാം പേജിൽ പറഞ്ഞിരിക്കുന്നത് സുറി യാനിസഭയുടെ റിപ്പോർട്ടിലാണ് മഠത്തെക്കുറിച്ചു പറഞ്ഞിരിക്കു ന്നത് എന്നാണ്. ഇതു ശരിയല്ല. മിഷൻറിപ്പോർട്ടിൽ സുറിയാനി പള്ളികളുടെയും ലത്തീൻപള്ളികളുടെയും വൈദികരുടെയും ലിസ്റ്റ് പ്രത്യേകമായാണ് പറഞ്ഞിരിക്കുന്നത്. അതിനുശേഷം സെമി നാരികൾ, സ്കൂളുകൾ, മഠങ്ങൾ, ആശ്രമങ്ങൾ, കാറ്റകുമനേറ്റ്, അച്ചടിശാലകൾ എന്നിവ ഉപശീർഷകങ്ങളായാണ് ചേർത്തിരി ക്കുന്നത്. കൂനമ്മാവ് മഠം ഒരു പ്രത്യേക ഉപശീർഷകമായാണ് ചേർത്തിരിക്കുന്നത്.
- ഏതാനും സംഭവങ്ങൾ വിവരിച്ചശേഷം, പ്രിയോരച്ചൻ ലെയോ പ്പോൾഡച്ചന്റെ കൂടെ വന്നതായി കാണിച്ചിട്ട്, പന്തപ്ലാക്കലച്ചൻ അമ്പത്തിനാലാം പേജിൽ പറയുന്നു: "മുകളിൽ സൂചിപ്പിച്ച കാര്യ



ങ്ങളെല്ലാം ചാവറയച്ചനും മഠാംഗങ്ങളുടെ മേൽ ഉണ്ടായിരുന്ന അധികാരത്തെയും ഉത്തരവാദിത്വങ്ങളെയും എടുത്തുകാണിക്കു ന്നതാണ്". മഠത്തിൽ ചാവറയച്ചന് ഒരു അധികാരവും ഉത്തരവാ ദിത്വവുമുണ്ടായിരുന്നില്ല എന്ന് സ്പഷ്ടമായിരിക്കേ, എന്തധികാ രമാണ് അച്ചൻ സൂചിപ്പിക്കുന്നതെന്നറിയില്ല. ലെയോപ്പോൾ ഡച്ചന്റെ കൂടെ സുഹൃത്തെന്ന നിലയിൽ തദ്ദേശീയനായ ഒരു മുതിർന്ന വൈദികൻ ചാവറയച്ചൻ പലപ്പോഴും വന്നിരുന്നെന്നും പലകാര്യങ്ങളിലും സഹകരിച്ചിരുന്നെന്നും സ്പഷ്ടമാണ്. അദ്ദേ ഹത്തിന്റെ നല്ലമനസ്സും സഹായവും ഒക്കെ വിലമതിക്കുന്നുണ്ട്. എന്നാൽ ഈ ഇടപെടലുകളൊന്നും സ്ഥാപകനായതുകൊണ്ടല്ല എന്നത് സ്പഷ്ടമായ ഒന്നാണ്.

- പോരൂക്കര കുര്യാക്കോസച്ചൻ തന്നെ മാന്നാനത്തെ ആലോചനാ പുസ്തകത്തിൽ 8000 രൂപ മെത്രാപ്പോലീത്താ മഠത്തിന്റെ നിർമ്മാണത്തിനായി നല്കി എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നത് ഇവിടെ സ്മരിക്കേണ്ടതാണ്. ഒരു വ്യക്തിയുടെ മരണശേഷം ചര മപ്രസംഗത്തിലും മറ്റും, പല കാര്യങ്ങളുടെയും ബഹുമതി പലരും മരിച്ചവ്യക്തിക്കു നല്കുന്ന മനോഭാവമാണ് പേജ് 56-ലെ വിവര ണത്തിൽ തെളിയുന്നത്.
- റീത്ത്വിഭജനത്തോടെ സി.എം.ഐ വൈദികരുടെ സഹായം കൂന മ്മാവിലെ സിറിയൻ സഹോദരിമാർക്കുണ്ടായി എന്ന് പല ചരി ത്രരേഖകളിലും കാണുന്നുണ്ട്. മദർ കാതറീന അയച്ച റിപ്പോർട്ടു കളുടെ ഭാഷാ പരിവർത്തനം തുടങ്ങി പലകാര്യങ്ങളിലും പ്രിയോ രച്ചൻ സഹായിക്കുന്നതായി കാണുന്നുണ്ട്. അവരുടെ റീത്തിൽ പ്പെട്ട സഹോദരിമാരോടു കാണിക്കുന്ന സ്വാഭാവികമായ സഹാ യസഹകരണങ്ങളാണിവ. എന്നാൽ ആരംഭത്തിൽ റ്റി.ഒ.സി.ഡി സന്ന്യാസിനീസഭ സി.എം.ഐ യുടെ സ്ത്രീവിഭാഗമായിരുന്നില്ല എന്നത് തീർത്തും വ്യക്തമാണ്. റ്റി.ഒ.സി.ഡി സിറിയൻ വിഭാഗവും (സി.എം.ഐ) റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയും റ്റി.ഒ.സി.ഡി ലത്തീൻ വൈദികരുടെ ആശ്രമവുമെല്ലാം കർമ്മലീത്താ സഭയുടെ സുപ്പീരിയർ ജനറലിനു കീഴായിരുന്നു എന്ന ബന്ധം മാത്രമാണ് ഉണ്ടായിരുന്നത്.
- നാല്പത്തിമൂന്നാം പേജിൽ പന്തപ്ലാക്കലച്ചൻ പറയുന്നത്, തോമസ് ഗുയോമർ അച്ചനെക്കുറിച്ച് നാളാഗമത്തിൽ പ്രതിപാദിക്കുന്നില്ല

എന്നാണ്. നാളാഗമം കോൺവെന്റിന്റെ അനുദിനസംഭവങ്ങൾ മാത്രം രേഖപ്പെടുത്തിയിട്ടുള്ളതാണ്. സംഭാവന തന്ന ആരുടെയും ലിസ്റ്റ് അതിൽ എഴുതിച്ചേർത്തിട്ടില്ല.

- പന്തപ്ലാക്കലച്ചന്റെ പുസ്തകം നാല്പത്തിനാലാം പേജിൽ സി.എം.ഐ സഭയുടെ സഹകരണത്തെക്കുറിച്ച് പ്രതിപാദിച്ചു കാണുന്നുണ്ട്. മറ്റു വൈദികർക്ക് ഇവിടെ പ്രവേശനമില്ലെന്ന ലെയോപ്പോൾഡച്ചന്റെ എഴുത്തിനെപ്പറ്റി നേരത്തേ പ്രസ്താവിച്ചിട്ടുള്ളതാണ്. നാല്പത്തഞ്ചാംപേജിലെ പണപ്പിരിവിന്റെ കാര്യവും നേരത്തേ പ്രസ്താവിച്ചിട്ടുള്ളതാണ്. ചാവറയച്ചൻ തന്റെ സമ്പൂർണകൃതികളുടെ ഒന്നാം വാല്യത്തിൽ പറയുന്നു "... ഇതൊക്കെയും ഒരു കാശുമില്ലാതെ അഗതികളായ ഞങ്ങളെ അധിക വെലയും ചെയ്യാതെ 8000 രൂപാ വരെ ധർമ്മം തരുവിച്ചും..."[59]. ആലോചനാപുസ്തകത്തിൽ ആശ്രമങ്ങളെല്ലാം പണം പിരിവ് നടത്തി പൂർത്തിയാക്കിയതിനെക്കുറിച്ചും ഇനിയും പൈസ പിരിക്കാനുള്ള ബുദ്ധിമുട്ടിനെക്കുറിച്ചും പരാമർശിച്ചിട്ടുമുണ്ട്.
- 1888-ൽ സുറിയാനിക്കാർക്കായുള്ള കോട്ടയം വികാരിയാത്തിൽ ഫ്രാൻസിൽ നിന്നുള്ള ഈശോസഭക്കാരനായ ബിഷപ്പ് ചാൾസ് ലവീഞ്ഞേയുടെ മേല്നോട്ടത്തിൽ പണികഴിപ്പിച്ച മുത്തോലി കോൺവെന്റിനെക്കുറിച്ചുള്ള പരാമർശം ഇവിടെ തർക്കവിഷയമല്ല. അവിടെ സി.എം.ഐ വൈദികർ സഹായിച്ചോ ഇല്ലയോ എന്നത് 'സ്ഥാപക' എന്ന സ്ഥാനവുമായി ബന്ധമുള്ളതുമല്ല.
- സി.ലുസീന സി.റ്റി.സി സെന്റ്ഫിലോമിനാസ് ദേവാലയത്തിന്റെ സ്മരണികയിൽ ലേഖനമെഴുതിയപ്പോൾ ജോസ് ചിറയിൽ സി.എം.ഐ യുടെ ബുക്കിൽ നിന്നു ചേർത്ത ഒരു വാക്യമാണ് പന്തപ്ലാക്കലച്ചൻ ഉദ്ധരിച്ചിരിക്കുന്നത്. ചരിത്രരേഖകളുടെ പിൻബലമൊന്നുമില്ലാതെ, എഴുതിയ ഒരു ലേഖനത്തിന്റെ മൂല്യം മാത്രമേ ഇതിനുള്ളൂ. സഭയുടെ ആദ്യം മുതൽ മദർ ഏലീശ്വയെത്തന്നെയാണ് സ്ഥാപകയായി സമകാലികരെല്ലാം കണ്ടിരുന്നത്. 'സ്ഥാപക

59 സി.എം.ഐ. ചാവറയച്ചന്റെ സമ്പൂർണകൃതികൾ, വാല്യം 1, മാന്നാനം 1981, പേജ്.136



പിതാക്കന്മാരിൽ ഒരുവൻ' എന്ന വാക്യത്തിന്റെ അർത്ഥതലങ്ങളെക്കുറിച്ചു ചിന്തിക്കാതെ എഴുതിയതാണ് എന്ന് സിസ്റ്റർ അഭിപ്രായപ്പെടുന്നു. 1913-ലെ നാളാഗമം വ്യക്തമായി ഏലീശ്വാമ്മയാണ് സ്ഥാപകയെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

"... കടശിയായി ഈ തിരുനാമം തന്നെ എപ്പോഴും വിളിച്ചുകൊണ്ടു 1913 ജൂലൈ 18 വെള്ളിയാഴ്ച രാത്രി ഒമ്പതര മണിക്ക് തന്റെ 82-ാം വയസ്സിൽ മലയാളത്തിലെ ആദ്യ കന്യാസ്ത്രീയും സന്ന്യാസസഭയെ ഉരുപ്പെടുത്തിയവരുമായ ക.ദി.മൂ.സ.ശുദ്ധ. മറിയത്തിന്റെ ഏലീശ്വയെന്ന ഈ വന്ദ്യ സഹോദരി കർത്താവിൽ ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു. ഈ ഭാഗ്യപ്പെട്ട സഹോദരിവഴിയായിട്ടു ഇപ്പോൾ മലയാളത്തിൽ വളരെ കന്യാസ്ത്രീകളും ഇരുപതിൽ (20) കൂടുതലായി കന്യകാശ്രമങ്ങളും ഉണ്ടായിട്ടുണ്ടു. ഇങ്ങനെയുള്ള സ്ഥാപനങ്ങളും വർദ്ധനയും കൊണ്ടു ടി. വന്ദ്യ സഹോദരിയുടെ ഓർമ്മയെന്നും നിലനിന്നുവരുന്നു"[60].

പ്രൊപ്പഗാന്ത തിരുസംഘത്തിൽ നിന്നുള്ള ഡിക്രിയിലും കോൺഗ്രിഗേഷന്റെ സ്ഥാപക മദർ ഏലീശ്വയാണെന്നും സഭ കാനോനികമായി അംഗീകരിച്ചത് അന്നത്തെ വികാരി അപ്പസ്തോലിക്കയായ ആർച്ച് ബിഷപ്പ് ബെർണർഡിൻ ബച്ചിനെല്ലിയാണെന്നും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് [61].

## 24. ഉപസംഹാരം

ഈ പുസ്തകം വഴി ഫാ. പന്തപ്ലാക്കൽ എടുത്തുകാണിച്ച എല്ലാ ചരിത്രരേഖകളും പറയുന്നത് വാഴ്ത്തപ്പെട്ട ചാവറയച്ചന് റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുമായുള്ള ബന്ധത്തെക്കുറിച്ചാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത് അദ്ദേഹം റ്റി.ഒ.സി.ഡി. സന്ന്യാസിനീസഭയുടെ ഉപകാരികളിൽ ഒരാളായിരുന്നു എന്നാണ്. അത് എന്റെ പുസ്തകത്തിലും വ്യകതമായി പറയുന്ന കാര്യം തന്നെയാണ്. എന്നാൽ അദ്ദേഹവുമായി ബന്ധപ്പെട്ട് വിവരിക്കുന്ന

60. ASJC; Nalagamam of TOCD, Vol. III, 1897-1924, p. 212
61. See the Decree in the appendix of SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC &CMC)*, p. 449

കാര്യങ്ങളൊന്നും സ്ഥാപകനോ സഹസ്ഥാപകനോ ആയി അദ്ദേഹത്തെ പ്രതിഷ്ഠിക്കാൻ ഉപയുക്തമല്ല എന്നതും വളരെ വ്യക്തമാണ്. സി.എം.സി, സി.എം.ഐ സഭകളുടേതായി നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളിലും ലേഖനങ്ങളിലുമെല്ലാം, ഇതിനു വിപരീതമായി പറഞ്ഞിട്ടുള്ളതൊന്നും ചരിത്രപരമായി ശരിയല്ല എന്ന് ആവർത്തിക്കുക മാത്രമല്ല, അതിലെ എല്ലാ തെറ്റായപ്രസ്താവനകൾക്കും തക്ക വിശദീകരണവും തെളിവുകളും എന്റെ ഡോക്ടറൽ പ്രബന്ധത്തിലുണ്ട്. അതിലെ ഏതാനും ചില വസ്തുതകൾ മാത്രമാണ് ഈ ചെറിയ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിരുന്നത്.

ദൈവികദാനമായി വിളിയും കാരിസവും ഏറ്റുവാങ്ങി വർഷങ്ങളോളം പ്രാർത്ഥനയിലും പരിത്യാഗത്തിലും നിശ്ശബ്ദതയിലും ജീവിച്ച്, ആ സിദ്ധിയാൽ ഗ്രസിക്കപ്പെട്ട്, ലെയോപ്പോൾഡച്ചനെ സമീപിക്കുന്ന വ്യക്തി മദർ ഏലീശ്വയാണ്. മദറിന്റെ ജീവിതശൈലിയിലേക്കാണ് അന്നയും ത്രേസ്യയും ആകർഷിക്കപ്പെട്ടത്. അങ്ങനെ സ്ഥാപകയും സഹസ്ഥാപകരും ഒരുമിച്ചുചേർന്ന് ഉടലെടുത്ത ഒരു സന്ന്യാസിനീ സഭയാണ് റ്റി.ഒ.സി.ഡി (സി.റ്റി.സി & സി.എം.സി). അതിൽ ഒത്തിരി വ്യക്തികൾ ഉപകാരികളായി, പലതരത്തിൽ ബന്ധപ്പെട്ടിട്ടുണ്ട്, ആർച്ച് ബിഷപ്പ് ബെർണർഡീൻ, ഫാ.ലെയോപ്പോൾഡ് ബെക്കാറൊ, ഫാ.ഫിലിപ്പ് ഒ.സി.ഡി, വാഴ്ത്തപ്പെട്ട കുര്യാക്കോസ് ചാവറയച്ചൻ, ഫാ.തോമസ് ഗുയോമാർ, ബിഷപ്പ് മർസ്സീൻ, ഫാ.ലൂയിസ ്വൈപ്പിശ്ശേരി, ആർച്ച് ബിഷപ്പ് മെല്ലാനോ, ഫാ. ജെരാർദ് ബെക്കാറൊ തുടങ്ങിയവർ. പക്ഷേ, മദർ ഏലീശ്വയുടേത് തനതായ സ്ഥാനമാണ്. സ്ഥാപക സിദ്ധിയുൾക്കൊണ്ടു ജീവിച്ച് റീത്തുഭേദങ്ങളില്ലാതെ അതുപകർന്നു കൊടുത്ത അനശ്വര വ്യക്തിത്വമാണ് മദർ ഏലീശ്വ. ആ സ്ഥാനം ആരുമായും വച്ചുമാറാവുന്നതല്ല. ഇതിൽ നിന്നു വ്യത്യസ്തമായി ചരിത്രം വളച്ചൊടിച്ചു നടത്തുന്ന രചനകൾ സ്വാർത്ഥതാത്പര്യങ്ങളുടെ സംരക്ഷണം മാത്രമല്ലേ ലക്ഷ്യമിടുന്നത്? പക്ഷേ, സത്യത്തെ എന്നന്നേക്കും തമസ്കരിക്കാൻ ആർക്കാണാവുക?

2011 ഓഗസ്റ്റ് 31-ലെ സത്യദീപത്തിൽ 'സി.എം.ഐ.സഭ മിഷൻ ജൂബിലയുടെ നിറവിൽ' എന്ന തലക്കെട്ടിൽ സി.എം.ഐ. സഭയുടെ



പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് എഴുതിയ ലേഖനത്തിൽ ഫാ. ജോർജ്ജ് താഞ്ചൻ സി.എം.ഐ ആവർത്തിച്ചിരിക്കുന്നത് ഇങ്ങനെയാണ്; "1866-ൽ വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ സ്ഥാപിച്ച ആദ്യത്തെ സഭയായ സി.എം.സി സഭയിൽ ആറായിരത്തി അഞ്ഞൂറിൽപ്പരം സന്ന്യാസിനികളുണ്ട്". ഈ പ്രസ്താവനയ്ക്കും ഇത്തരത്തിൽ പല പുസ്തകങ്ങളിലും വാരികകളിലും ഇടയ്ക്കിടയ്ക്ക് പ്രത്യക്ഷപ്പെടുന്ന ഈദൃശമായ പ്രസ്താവനകൾക്കും ചരിത്രപരമായി ഒരു അടിസ്ഥാനവുമില്ല. വിഭജനത്തിനു മുമ്പുള്ള റ്റി.ഒ.സി.ഡി സന്ന്യാസിനി സഭയ്ക്ക് ഒരു ചരിത്രവും ഒരു സ്ഥാപകയുമേയുള്ളൂ. ലത്തീൻ വിഭാഗത്തിൽ നിന്നു വ്യത്യസ്തമായ ഒരു ചരിത്രം സിറിയൻ വിഭാഗമായ സി.എം.സിക്ക് ഒരിക്കലും അവകാശപ്പെടാനാവില്ല.

## അനുബന്ധം - 1

പന്തപ്ലാക്കലച്ചൻ തന്റെ  പുസ്തകത്തിന്റെ 60-ാം പേജിൽ അനുബന്ധമായി ചേർത്തിരിക്കുന്ന റിപ്പോർട്ടിന്റെ, അതായത്, സി.എം.ഐ സഭയിൽനിന്നു റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി, ചരിത്ര വിഭാഗംതലവനും എന്റെ മോഡറേറ്ററുമായ പ്രൊഫ. നോർമൻ ടാനർ എസ്.ജെ യ്ക്ക് അയച്ച റിപ്പോർട്ടിനുള്ള മറുപടി.

Appendix (pp- 60-63) of Fr. Thomas Panthaplackal CMI)

(The part from the report of CMI is given in block letters, followed by my remarks)

**General Observations on the 'Extract'**

***We would like to invite your attention to a few erroneous judgments (indeed there are many) which should not have appeared in a doctoral dissertation defended at the illustrious and erudite Gregorian University.***

***He (Chavara) had no direct contact with the first members of the TOCD Congregation for women. Even in the absence of Fr. Leopold, Fr. Chavara had no authority and direct involvement with St. Teresa's Convent at Koonammau (p. 64)***

**My Remarks**

My statement is absolutely correct that Bl. Chavara had no authority over the congregation of TOCD. Fr. Leopold was appointed as the Delegate of the Vic. Apostolic for the convent and he was also the



Spiritual Director and Confessor of the sisters [62]. Bl. Chavara was a very close friend of Fr. Leopold and he accompanied Fr. Leopold not only in his visits to the convent, but also in other journeys and activities in the Vicariate. (SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, p. 238, Chapter III, Subtitle 6). Even in the absence of Fr. Leopold, Fr. Chavara was not appointed as the spiritual director or confessor. Fr. Philip OCD, an Italian missionary, was appointed as spiritual director. Fr. Gerard, brother of Fr. Leopold also helped Fr. Philip. The Chronicles testifies that Bl. Chavara accompanied Fr. Gerard just as he was accompanying Fr. Leopold. Bl. Chavara was one of the well wishers of the TOCD Congregation for Women (SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, p. 238). So there is nothing wrong in my statement. The criticism of CMI is baseless and they failed to point out mistakes specifically, instead they say 'a few erroneous judgments (indeed there are many)'.

**Concerning the assertion:**

***As the Chronicles of Koonammau convent (1866-1870) clearly states that both Fr. Leopold and Fr. Chavara together visited the convent more than 90 times. Also we see from the same text that they visited the sisters several times individually. The time (1868 Sept. 11- 1870 November 8), when Fr. Leopold was in Europe, Fr. Chavara's involvement in the affairs of the sisters was numerous, according to the said Chronicle*** *(Page 61 of the Book of Rev. Fr. Thomas Panthamplackal)*

**My Remarks**

Instead of counting the number of times which Fr.Chavara came to the convent, I have mentioned that he accompanied Fr. Leopold in his

62. Ambrosius A S. Tersia OCD, *Bio- Bibliographia Missionaria Ordinis Carmelitarum Discalceatorum* Romae, pp. 290-293.

visits to the convent. I have explained in the third chapter, the activities of Bl.Chavara in favour of the convent and by evaluating these helps, I acknowledged him as 'one of the well-wishers of TOCD for women'. It is to be remembered that at the time of presubmission, Rev. Prof. Norman Tanner SJ, Moderator of the thesis congratulated me when he read this part of the thesis where I have explained everything well about Bl. Chavara. (SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, p. 185 and p. 238).

***One should not also forget that pp. 1-17 of the Chronicle was written by Fr. Chavara, a fact which is confirmed by the experts of the manuscript studies. Among the 14 letters of Fr. Chavara written to the sisters, some are also seen copied in the Chronicle.***

**My Remarks**

This is mentioned in the thesis (SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, p. 185). About the copy of the letters of Bl.Chavara, See page 51 of this book.[63]

***In the obituary of Fr. Chavara, Fr. Leopold has explicitly written about the active involvement of the deceased in the foundation of the convent from the very beginning.***

The response to this argument is seen on pages 39-42,70-71 of this book.

***Fr. Chavara in his Chronicles has elaborately written down the history of the foundation and his untiring toil towards the starting of the convent.***

The response is seen on pages 64-71 of this book.

***Concerning the sources:***

***• The so called original source referred on p. 15 n. 4 of the extract (the MSS of Bro. Leopold TOCD, Book I, II, III, IV) does not give any reference to the date of its origin. Sr. Sucy has used this source more than 50 times as the valid proof to identify the founder and the foundational charism. In order to verify such documents we approached the CTC superior General, but she refused us the access by saying that they are 'reserved informations'. What we shall conclude? Has the CTC intend to hide something from the public? Has the candidate cheated her Moderator by misinterpreting the facts?***

63. SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, pp. 241-247.



My Remarks

It is very clear from my third chapter that all books published from CMC and CMI contain misinterpreted facts and many pages of the Chronicles of TOCD for women are manipulated by darkening many lines. (SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC*), See appendix, pp. 459-461). The non-historic aspects are inserted even in the Positio of Bl. Chavara and now they are the part of other documents in the S. Congregation of the Cause of Saints. The school which was built by Archbishop Mellano after the death of Bl. Chavara is mentioned in the positio as the contribution of Bl. Chavara. Some contributions of the Great Missionary, Bernardine Baccinelli (Retreat for the priests, *pidiyari*, schools, seminaries, etc) are attributed to Fr. Chavara. (SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC),* pp. 212 -215*)*. These examples reveals the injustice done by CMI to the history by attributing undue credit to Bl. Chavara; See also: p. 181 (Warning of Bro. Leopold), 182 (letter of the parishioners to Rome), 185 (Attempts to hide the facts), P. 380 (Letters of Fr. Leopold), p. 391 (Letter of the Ap. Delegate of India). See pages 55-59, of this book.

***In the Bibliography under the title Manuscripts Sr. Sucy has given Archives of Vimala Province CMC (AVP CMC) Nalagamam of TOCD (Koonammau Convent) Vol. I, Vol. II. But the ideas conveyed in the 'Extract' are not the same as seen in the original manuscripts kept in the Archives of Vimala Province, CMC.***

**My Remarks**

I can affirm that in my translation, no ideas are changed. My narration is true to the original. I have not included the number of times Fr. Chavara came to the convent with Fr. Leopold. But I have mentioned that he accompanied Fr. Leopold in his vsit to the convent. (SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC),* p. 238f). Fr. Panthaplackal did not specify the matter or ideas which are not the same as seen in the original manuscripts. We have the photocopy of the original manuscripts of the Chronicles Vol. I and II. We got it from CMC years back. When I visited, I have seen the original in their Provincialate. As I mentioned in the third chapter of the thesis, it is manipulated by someone, voluntarly (SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC),* p. 185, and also appendix pp. 459-461.

It is an injustice to the history and to the coming generations. This accusation of Fr. Panthaplackal is an attempt to raise merely an accusation instead of accepting the facts.

***We are almost certain that Sr. Sucy had not seen the Manuscripts MSS concerning the foundation of CMI Congregation. Otherwise she would not have made the wrong statement on p.65 which reads as: In all published sources, the foundation of the TOCD for Syrian priests is mentioned as 1831, but there is no historical background for this date. …The manuscript sources present only two fathers- Fr. Thomas Porukare and Fr. Thomas Palackal as founder fathers.***

***Her Bibliography (pp. 67-80) and Abbreviation (pp. 5-6) do not give any mention of the Archives of St. Joseph's Monastery, Mannanam, where the original manuscripts are kept. Then how can she say that 'the manuscripts sources present only two fathers? The Chronicle of Mannanam Monastery was written by Blessed Chavara himself in which he speaks about his involvements in all through events. Moreover her thesis is based on the period 1866-1913. What then is the need for entering into the affairs of another Congregation while she is denying its relationship with her own Congregation?***



***Sr. Sucy fail to give any importance to the contemporary writing of Blessed Chavara which she without citing any scholarly works reject as falsification or later additions.***

**My Remarks**

The Chronicles of Mannanam written by Bl.Chavara and manuscripts of contemporary ecclesiastical authorities mentioned only two Thomases as beginners.

See pages 61-64 of this book.

Fr. Thomas Panthaplackal himself (page 14) testifies that Sr. Sucy has seen the manuscripts of Mannanam monastery. See pages 49-52 of this book.

I am accused by Fr. Thomas Panthaplackal that while dealing with the period 1866-1913 of my doctoral thesis, I have mentioned about many things before and after of the concerned period. There is no other way for a historian to get relevant depth for his or her findings. This accusation is childish, just as that of the article in New Leader.

I have quoted many Manuscript sources, such as letters and Reports of Ecclesiastical authorites, Writings of Bl. Chavara, CWC I and IV volumes.

**Some other remarks**

***We are surprised to note that the author tries to make unnecessary distinction of the Rites of the members of the first community (pp. 37-38). The Rite conflicts did not play any part in the early history of the Congregation as it is verifiable from the original documents.***

**My Remarks**

The history of TOCD and its conflicting events are strictly connected to the Rite problems. All problems in Malabar originated from this concern of rites and its prejudices. See the comment of Bl.Chavara in CWC Vol.I, page 172f. He admits that the reason of all problems was the lack of openeness of Syro-Malabarians to the Latin Missionaries. On June 14, 1890, the Archbishop reported to the Propaganda Fidei that there was an unimaginable change in the attitude of the sisters of the Syrian Rite, with the access of some Tertiary Syrian Fathers to the Convent at Koonammau [64]. All false letters, accusations, wrong propagations, desputes and manipulation of the documents were done in the background of Rite division to add credit to the prior of the Syro-Malabar Rite. So I cannot explain this theme without entering into these delicate issues of rite problems. It is a part of explaining the real history and to remedy the damage happened to the Kerala Church History and injustice done to the contributions of great missionaries. Though these aspects are displeasing to some, it is essential to deal with these problems.

I have mentioned in the General Introduction: "...This is not an attempt to discredit or devalue the works of many authors, but it is necessary to correct the mistakes which have occurred in the inscription of the history of the first religious congregation for women in Kerala with its related themes. It was necessary to deal with the delicate issues of the problems of Rites to arrive at the actual history. Sometimes, a painful treatment is needed to cure a wound" (SUCY KINATTINGAL, *Servant of God Mother Eliswa, the Foundress of TOCD (CTC & CMC)*, p. 32).

***We are astounded at the author's detailed exposition of the humiliating last period of Fr. Leopold in Kerala (pp. 54-60). A reader***

64. AGOCD, *Plut. 78*, A letter dated June 1890, written by Archbishop Leonard Mellano to the Prefect of the Propaganda Fidei; ACCO, *Scri. Rif. nei Cong. Malabaresi*, 1890-1892, f. 1804. See Appendix, p. 302f.



***may get a negative picture of this zealous and affectionate Italian missionary. Sr. Sucy mainly depends upon the reports of Archbishop Mellano, to which the unbiased historians do not attribute much credibility.***

**My remarks:**

Fr. Leopold Beccaro OCD was a zealous missionary. Fr. Leopold was called back to Italy and was prohibited by the Propaganda Fidei to communicate with TOCD Syrians and to Malabar. In order to clarify these matters and to avoid other confusions regarding this, I added these accusations, they are not conclusions.

About Archbishop Leonardo Mellano and his importance, See pages 56-58 of this book.

***As we have explicitly stated earlier, we once more state our great esteem of Sr. Eliswa, whom we hold as the first member of our Congregation. However we cannot promote her, against the testimonies of the earlier period, to the Status of the founders. We challenge Sr. Sucy to prove her assertion from the contemporary documents of that time. We are ready to hold a debate, provided she maintains a scholarly decorum.***

**My Reamrks**

Fr. Panthplackal and his companions are experts to present 'founderess as first superior' and 'first superior as founder'. For eg., Mother Eliswa, the foundress of TOCD for women, was mentioned by them as 'First member'. After my defense, the intervention of CMI and CMC in the Gregorian University was for changing the title of the thesis from 'Foundress' to 'First Superior General' but the attempt was failed. In the history of CMI, they replaced the position of Blessed Chavara, the First Prior to the position of the Founder.

It is very clear that Mother Eliswa received the gift of charism and lived in prayer and detachment for more than 10 years and approached

Fr. Leopold for getting helps for this endeavour. The co-foundresses Anna and Thresia are attracted to the life of Mother Eliswa and a community was formed. They were not attracted to the life of Fr. Leopold or Fr. Chavara.

How can a person who heard about Mother Eliswa From Fr. Leopold (in 1865, after three years of the meeting with mother Eliswa and Fr.leopold) and helped in the construction of the convent become the founder of the congregation? There were many who helped Fr. Leopold in many ways. What is the influence of Bl. Chavara in the charism of Mother Eliswa? Every sensible person can understand, who founded the TOCD Congregation for women?

In their letter to Rome CMI is challenging me to debate with them, but they never approached me and they did not send this particular book to me, instead, they send it to other religious houses to discredit the author. During an International Seminar on History in Vasco De Gama Research Institute at Kochi, I presented the history of TOCD Congregation for Women and the contributions of Servant of God Mother Eliswa. The CMI historian, president of Dharmaram Vidyakshethram, Rev. Fr. Francis Thonipara also presented a paper on Bl. Elias Kuriakose Chavara. A brief summary of all papers presented there, was printed and distributed to the participants of the seminar. Even though Rev. Fr. Francis Thonipara CMI had written in his summary that Bl. Chavara was the founder of CMC, he skipped that very line when he presented. I clarified the historic role of Bl. Elias Kuriakose Chavara in the history of TOCD for women and stated him as 'one of the well-wishers of TOCD Congregation for women'. Fr. Thonipara and others had no objection regarding this.

This very event proves that they do not like open discussions on the theme regarding Bl.Chavara and the foundation of CMC.



**Conclusion**

History is not a subject which we can change according to the situation and persons, or to add tributes to the favoured persons. I am sure the readers would be prudent enough to understand this fraud. My thesis is a critical study and the issues are very serious and also delicate. I have presented enough proofs to support the historical facts which I explained in my book. My intention is not to discredit or to accuse others, but it is my humble effort to reveal the real history, which was misinterpreted and manipulated voluntarily by many for more than one century. During my research, I am convinced of the serious attempt of some to rewrite the history by making use of all means, even manipulation of the manuscripts. I am happy that I became an instrument in revealing the true sources of the patrimony of the Kerala Church to the future generations.

## അനുബന്ധം – 2

**Words of Rev. Dr. Augustine Mulloor, Definitor General of OCD, an eyewitness of the Defence at Gregorian University Rome**

SR. SUCY CTC AND THE DEFENCE OF HER DOCTORAL DISSERTATION AT THE FACULTY OF CHURCH HISTORY AT GREGORIAN UNIVERSITY ROME

The following is a response to some comments of the critics of Sr. Sucy CTC on the defence of her doctoral dissertation at the Faculty of Church History at Gregorian University, Rome.

Sr. Sucy CTC made a scientific research work on Mother Eliswa, the foundress of the first indigenous religious congregation for women in Kerala (TOCD: CTC, CMC) for obtaining doctorate in Church History, registering her name at the faculty, having fulfilled all the requirements, submitting herself to the directions and approval given by the Moderator of the thesis appointed by the faculty. Later having the whole thesis been approved by the moderator and by the Faculty Council, she was permitted by the same faculty to submit herself to public defence. When the defence was over she was given the written permission and approval by the authorities concerned to publish the thesis.

Now there are critics of the position taken by Sr. Sucy CTC regarding the process of foundation of the first indigenous religious



congregation for women in Kerala. It is constructive to have critical study of history and to express opinions from different perspectives. But the perspectives used for interpreting historical events should not be prejudices and vested interests but objective and open to be transformed by the truth. Otherwise it can be mere creation of controversies for destroying each other. The critics, as I see, do not have taken up the major tenets of the dissertation of Sr. Sucy. They are taking up issues which are marginal and are aiming at personal demoralization. It is really bizarre that these critics who are expected to have the necessary knowledge about the procedures in a Faculty (all the more in a prestigious university such as Gregorianum, Rome) for a student to obtain doctorate in a field can speak about manipulations by Sr. Sucy in her obtaining the degree. The remarks made by the critics concerning the defence of Sr. Sucy not only do not correspond to what really happened as I am an eye witness to the same but also are distortions originating in the biased minds. The second reader did his duty in his role and appreciated the thesis and made his observations and asked some clarifications and questions of which some appeared to be rather coming from a biased mind, himself being a member of the Syro-Malabar Church. The remarks made by the critics reveal their degrading moral level as they are not only prejudiced but are apparently used to pressurizing, threatening and manipulating methods in obtaining what they want. As explained above, Sr. Sucy has obtained her degree through the normal correct way as per the statutes of the faculty and the conventions of the University and with high quality. Sr. Sucy published the abstract of the thesis in the required format and according to the directions of the faculty and was issued the certificate. Later she is free to publish her work as she wants and so the publication of her book has nothing to do with any requirement of the faculty. It would have made an interesting discussion if the critics had taken the same scientific level of response instead of banal baseless accusations regarding the defence.

In fact, there are many questions that would have been rightly asked in connection with the defence such as the following: How a professor who is not specialized in Church History was assigned the role of the second reader for a thesis on Church History? How could the content of the thesis reach the interested persons before they were available to the public but only to the faculty? How could the authorities and the officials of the University and the faculty change the position suddenly after having approved the thesis for defence and after the successful defence for publication in written documents? It was just for respect for the honour and esteem of the faculty that these questions were suspended in our minds. Instead what was requested and was granted, only partially though, was mere justice.

Finally the truth regarding the origin of the TOCD for women has to be accepted and thereafter anyone could with their justifications and reasons take any interested positions for safeguarding their own honour and name, if their conscience allows it. If the truth is not accepted, we all will be doing injustice to ourselves.

**Fr. Augustine Mulloor OCD**
Definitor General of OCD Rome



## അനുബന്ധം - 3

**ഡിഫൻസിൻ സന്നിഹിതനായിരുന്ന റവ. ഡോ. ആന്റണി ജോർജ്ജ് പാട്ടപ്പറമ്പിലിന്റെ വാക്കുകൾ...**

ഡോ. സി.സൂസി കിണറ്റിങ്കൽ സി.റ്റി.സി.യുടെ ചരിത്രഗവേഷണ പ്രബന്ധം ചിലരിലെങ്കിലും അലോസരമുളവാക്കാൻ കാരണം, വാഴ്ത്തപ്പെട്ട ചാവറയച്ചനുമായി ബന്ധപ്പെട്ട ചരിത്രപരാമർശങ്ങളാണ്. പ്രസ്തുത പ്രബന്ധത്തിനെതിരേയുള്ള വിമർശനങ്ങളുടെ അക്ഷരക്കൂട്ടെന്നപോലെ ഫാ.തോമസ് പന്തപ്ലാക്കൽ സി.എം.ഐ പ്രസിദ്ധം ചെയ്ത "ചാവറയച്ചനും തദ്ദേശീയസന്ന്യാസസഭകളും" എന്ന തലക്കെട്ടോടെയുള്ള പുസ്തകം ഈ ദിശയിലെ വ്യക്തമായ സൂചന തന്നെ. വാഴ്ത്തപ്പെട്ട ചാവറയച്ചൻ സഹസ്ഥാപകനായ സി.എം.ഐ സഭയും ചാവറയച്ചൻ സ്ഥാപിച്ചു എന്നവകാശപ്പെടുന്ന സി.എം.സി സഭയും ചാവറയച്ചനെ സംബന്ധിച്ച് സി.സൂസി അവതരിപ്പിക്കുന്ന ചരിത്രവസ്തുതകളെ വിമർശിക്കുന്നത് സ്വാഭാവികം മാത്രം. സി.സൂസിയുടെ പ്രസ്തുത പ്രബന്ധം വായിക്കാനും ഡിഫൻസിൽ പങ്കെടുക്കാനും അവസരം ലഭിച്ച ഒരു വ്യക്തിയെന്ന നിലയിൽ ചില പ്രതികരണങ്ങൾ എഴുതാതിരുന്നാൽ അത് ധാർമ്മികതയ്ക്ക് എതിരാവുമെന്നതിനാലാണ് ഈ കുറിപ്പ്.

1. നിലവിലുള്ള ചരിത്രരേഖകളുടെ പിൻബലത്തിൽ ചരിത്രപരമായ വസ്തുതകൾക്കാണ് പ്രസ്തുത പ്രബന്ധം പ്രാധാന്യം നല്കിയിരിക്കുന്നത്. "നുണ പ്രസ്താവനകൾ" എന്ന് ആരോപിക്കുന്നവർ ചരിത്രരേഖകൾ ഉദ്ധരിച്ച് ശാസ്ത്രീയമായി അവ തെളിയിക്കണം; അല്ലെങ്കിൽ സി.സൂസി ആധാരമാക്കിയ രേഖകൾക്ക് ചരിത്രപരമായ സാധുതയില്ലെന്ന് തെളിയിക്കണം. ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ പ്രസ്തുത പ്രബന്ധം ഡിഫൻസ് നടത്താനും പ്രസിദ്ധം ചെയ്യാനും റോമിലെ ഗ്രിഗോറിയൻ സർവ്വ

കലാശാല അനുവദിച്ചതും സി.സൂസിക്ക് ഡോക്ടർ ബിരുദം കൊടുത്തതും ഈ ഗവേഷണത്തിലുടനീളം ചരിത്രവിശകലന ത്തിന് ശാസ്ത്രീയമാനദണ്ഡം സ്വീകരിച്ചു എന്നതിന്റെ തെളി വാണ്.

2. “ഡിഫൻസ് സമയത്ത് സി.സൂസി നിരവധി അവാസ്തവപ്രസ്താ വനകൾ നടത്തി, ലഭ്യമായിരുന്ന രേഖകളിലെ യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ട് പ്രബന്ധം ഗൈഡു ചെയ്തിരുന്നവരെ കബ ളിപ്പിച്ചു” എന്നിങ്ങനെയുള്ള ഫാ.പന്തപ്ലാക്കലിന്റെ പരാമർശം സി. എം.ഐ., സി.എം.സി സഭകളുടെ വ്യാഖ്യാനം മാത്രമാണ്, അത് സത്യവിരുദ്ധവുമാണ്. ഈ വാദത്തിന് എന്തെങ്കിലും കഴമ്പുണ്ടാ യിരുന്നെങ്കിൽ ഡിഫൻസ് സമയത്ത് അവാസ്തവപ്രസ്താവന കൾ നടത്തിയതും ഗൈഡിനെ തെറ്റിദ്ധരിപ്പിച്ചതും ഉൾപ്പടെ യുള്ള ഗുരുതരമായ വീഴ്ച ചൂണ്ടിക്കാണിച്ച് സർവകലാശാലയ്ക്ക് ബിരുദം കൊടുക്കാതിരിക്കാമായിരുന്നു. സി.സൂസിയുടെ മുഖ്യ ഗൈഡ്, പ്രഫസർ ഡോ. നോർമൻ റ്റാനറിനും ബഹുഭൂരിപക്ഷം ശ്രോതാക്കൾക്കും സി.സൂസി നടത്തിയ പ്രസ്താവനകളുടെ ചരി ത്രയാഥാർത്ഥ്യം നേരിട്ട് ബോധ്യപ്പെട്ടതാണ്.

3. നിരവധി കടമ്പകൾ കടന്നാണ് ഒരു ഡോക്ടറൽ പ്രബന്ധത്തിന്റെ വിഷയത്തിന് അംഗീകാരം ലഭിക്കുന്നത്. എഴുതിപൂർത്തിയാക്കിയ പ്രബന്ധം ഗൈഡിന്റെയും കോ-റിലേറ്ററിന്റെയും അംഗീകാര ത്തോടെ സർവകലാശാലയ്ക്ക് സമർപ്പിക്കുകയും പിന്നീട് സർവ കലാശാലയുടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഡിഫൻസ് നടത്തുകയും ഡോക്ടർ ബിരുദം, ഭാഗികമായെങ്കിലും പ്രസ്തുത പ്രബന്ധം പ്രസിദ്ധീകരിക്കണം എന്ന നിബന്ധന യോടെ, നല്കുകയും ചെയ്തതിനുശേഷം ബാഹ്യശക്തികളുടെ പ്രേരണയ്ക്കു വഴങ്ങി പ്രബന്ധത്തിന്റെ തലക്കെട്ടിൽ മാറ്റം വരു ത്താൻ ആവശ്യപ്പെടുന്ന, ഒരുപക്ഷേ, ലോകത്തിലെ തന്നെ ഏക സർവകലാശാല എന്ന പദവിയും ഇനി മുതൽ ഗ്രിഗോറിയൻ സർവകലാശാലയ്ക്കു സ്വന്തം!

4. ഒരു സർവകാലാശാലയുടെ പേരിൽ പ്രസിദ്ധം ചെയ്യുന്ന പ്രബ ന്ധത്തിന്റെയോ, extract- ന്റെയോ തലക്കെട്ട് നിശ്ചയിക്കാനുള്ള അധികാരം അതത് സർവകലാശാലകളിൽ നിക്ഷിപ്തമാണ്.



എന്നാൽ അതേ പ്രബന്ധത്തിൽ ഏതെങ്കിലും തരത്തിലുള്ള വ്യതിയാനങ്ങൾ വരുത്തി ഗ്രന്ഥകാരന് ഇഷ്ടമുള്ള തലക്കെട്ടിൽ പുസ്തകമായി പ്രസിദ്ധീകരിക്കാൻ ഒരു സർവകലാശാലയു ടെയും നിയമങ്ങൾ തടസ്സമാകുന്നില്ല. സിസ്റ്റർ സൂസിയുടെ പ്രബന്ധമാകട്ടെ, ‘Foundress of TOCD’ എന്ന ശീർഷക ത്തിൽ ത്തന്നെ പ്രസിദ്ധീകരിക്കാനായിരുന്നു യൂണിവേഴ്സിറ്റി യുടെ അന്തിമതീരുമാനം. കാര്യങ്ങൾ ഇങ്ങനെയായിരിക്കേ തന്റെ പല വർഷങ്ങളുടെ കഠിനാധ്വാനത്തിന്റെ ഫലം പുസ്തകമായി സി. സൂസി പ്രസിദ്ധം ചെയ്തപ്പോൾ അത് “ഗ്രിഗോറിയൻ യൂണിവേ ഴ്സിറ്റിക്കും സി.എം.സി സന്ന്യാസിനീസമൂഹത്തിനും എതിരായ പ്രവൃത്തിയാണ്, ഒരു സന്ന്യാസിനിക്ക് എങ്ങനെ ഇപ്രകാരം ചെയ്യാൻ സാധിക്കും?” എന്നാണ് ഫാ.പന്തപ്ലാക്കൽ ചോദിക്കു ന്നത്. തനിക്കു തോന്നിയ വസ്തുതകൾ ചരിത്രമാക്കാൻ ഇഷ്ട മുള്ള തലക്കെട്ടിൽ പുസ്തകമെഴുതാൻ ഫാ.പന്തപ്ലാക്കലിനുള്ള സ്വാതന്ത്ര്യം സന്ന്യാസിനിയായതുകൊണ്ടാണോ സി.സൂസിക്ക് അദ്ദേഹം നിഷേധിക്കുന്നത്? സ്ത്രീസ്വാതന്ത്ര്യം നിഷേധിച്ചിരു ന്നവരുടെ ഓർമ്മപോലും ഭാരതചരിത്രത്തിൽ എപ്പോഴേ വിസ്മൃ തിയിലാണ്ടു!

5. വാഴ്ത്തപ്പെട്ട ചാവറയച്ചൻ ചെയ്ത കാര്യങ്ങൾ എന്നും അംഗീ കരിക്കപ്പെടേണ്ടതുതന്നെയാണ്. എന്നാൽ അദ്ദേഹം ചെയ്യാത്ത കാര്യങ്ങൾ അദ്ദേഹത്തിന്റെ വിശുദ്ധി തെളിയിക്കുന്നതിനായി കെട്ടിയാരോപിക്കുന്നത് എന്തു വിലകൊടുത്തും തടയുക തന്നെ വേണം. കാരണം, വാഴ്ത്തപ്പെട്ടവരും വിശുദ്ധരുമൊക്കെ ആഗോള സഭയുടെ സ്വന്തമാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ സി.റ്റി.സി., സി.എം. സി സന്ന്യാസിനീസമൂഹങ്ങളുടെ ആദ്യകാലഘട്ടങ്ങളിൽ എടുത്തുപറയത്തക്ക ഒരു ഉപകാരിയായിരുന്നു എന്നത് തെളിവു സഹിതം വെളിവാകുന്ന ചരിത്രവസ്തുതയാണ്. അതിനപ്പുറം റ്റി.ഒ.സി.ഡി സന്ന്യാസിനീസഭയുടെ സ്ഥാപകൻ എന്ന പദവി പുണ്യസ്മരണാർഹനായ വാഴ്ത്തപ്പെട്ട ചാവറയച്ചനിൽ ആരോ പിക്കുന്നത് ചരിത്രത്തോടും വാഴ്ത്തപ്പെട്ട ചാവറയച്ചനോടുമുള്ള നീതിനിഷേധത്തിൽ കുറഞ്ഞൊന്നുമല്ല.

**ഫാ. ആന്റണി ജോർജ്ജ് പാട്ടപ്പറമ്പിൽ**

നാഷണൽ കോ-ഓഡിനേറ്റർ, കെ.ആർ.എൽ.സി.സി., ഇറ്റലി

## അനുബന്ധം - 4

### തിരുസഭാചരിത്രകാരനായ റവ. ഡോ. ഫ്രാൻസിസ് പേരേപ്പറമ്പിൽ ഒ.സി.ഡി യുടെ വാക്കുകൾ

### സത്യമേവ ജയതേ!

ഫാദർ തോമസ് പന്തപ്ലാക്കൽ സി.എം.ഐ. എഴുതിയ 'ചാവറയച്ചനും തദ്ദേശീയ സന്ന്യാസസഭകളും' എന്ന ചെറുഗ്രന്ഥം വായിക്കാനിടയായി. റവ. ഡോക്ടർ സൂസി സി.റ്റി.സി മദർ ഏലീശ്വയെക്കുറിച്ചും ആദ്യത്തെ ഏതദ്ദേശീയസന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപനത്തെക്കുറിച്ചും ശാസ്ത്രീയമായി പഠിച്ച് എഴുതിയ ഡോക്ടറൽ പ്രബന്ധം പ്രസിദ്ധീകരിച്ചപ്പോൾ, തങ്ങൾ ഇതുവരെ എഴുതിപ്പിടിപ്പിച്ച ചരിത്രമല്ലാത്ത വിവരണങ്ങളെല്ലാം ലോകത്തിനു വെളിപ്പെടുമല്ലോ എന്ന അങ്കലാപ്പിൽനിന്ന് ഉടലെടുത്തതാണ് പന്തപ്ലാക്കൽ അച്ചന്റെ ഈ ചെറുഗ്രന്ഥം എന്നതിൽ സംശയമില്ല.

ഫാദർ പന്തപ്ലാക്കൽ, ഗ്രിഗോറിയൻ സർവകലാശായിൽ വച്ച് സിസ്റ്റർ സൂസി നടത്തിയ പ്രബന്ധാവതാരണത്തിൽ പങ്കെടുത്തിട്ടില്ല. പിന്നെ, അദ്ദേഹത്തിന് ഇതിനെക്കുറിച്ച് എങ്ങനെ അറിവു കിട്ടി? അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ നിന്നു മനസ്സിലാക്കാം, സി.സൂസിയുടെ പ്രബന്ധാവതാരണസമയത്ത് അവിടെ സന്നിഹിതരായിരുന്ന ചില സുറിയാനി സന്ന്യാസിനികളിൽ നിന്ന് പ്രബന്ധാവതാരണത്തിനുപയോഗിച്ച പേപ്പർ അദ്ദേഹത്തിനു ലഭിക്കുകയും അതിന്റെ പിൻബലത്തിലാണ് അദ്ദേഹം പ്രതികരിക്കുകയും ചെയ്യുന്നത്. ഇതിൽനിന്നു മനസ്സിലാക്കുന്നത് ഒരു ആസൂത്രിതനീക്കം സി.സൂസിക്കെതിരേ നടത്താൻ ഒരു ഉപജാപകസംഘം ഉടലെടുത്തു എന്നാണ്. സത്യവിരുദ്ധമായ ഒരുകാര്യം സ്ഥാപിക്കാൻവേണ്ടി മറ്റനേകം സത്യവിരുദ്ധ പ്രസ്താവനകൾ കൂട്ടിച്ചേർക്കുന്ന പ്രവണത ഇവരിൽ കാണാം. അതിനു വേണ്ടി ചരിത്രപരമല്ലാത്ത പല മുടന്തൻന്യായങ്ങളും ഇവർ കൊണ്ടുവരും. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കാം:



1. പന്തപ്ലാക്കൽ അച്ചന്റെ ചെറുപുസ്തകത്തിൽ പതിനെട്ടാം പേജിൽ സി.സൂസിയെ കുറ്റപ്പെടുത്താൻവേണ്ടി മാത്രം യാഥാർത്ഥ്യം വളച്ചൊടിച്ചു കാണിച്ചിരിക്കുന്നു. പതിനെട്ടാം പേജിൽ രണ്ടാം ഖണ്ഡികയിൽ ഫാ.പന്തപ്ലാക്കൽ എഴുതിയിരിക്കുന്നു: "...കൂടാതെ പതിമൂന്നിന് ചൊവ്വാഴ്ച അഞ്ചുമണി വെളുപ്പിന്" എന്നതിനു പകരം after Holy Mass in the Parish Church എന്നു തിരുത്തിയിരിക്കുന്നു. "ഇതിൽ ഒരു തിരുത്തുമില്ല. ഫാദർ പന്തപ്ലാക്കലാണ് തിരുത്തിയിരിക്കുന്നത്. സി.റ്റി.സി നാളാഗമം (1866-1890) ആറാം പേജിന്റെ അവസാന ഖണ്ഡിക തുടങ്ങുന്നതി പ്രകാരമാണ്: "പതിമൂന്നാം തീയതി ചൊവ്വാഴ്ച 5 മണി വെളുപ്പിനു തന്നെ ബഹുമാനപ്പെട്ട മൂപ്പച്ചനും പ്രിയോരച്ചനും കൂടി ഈ പനമ്പു മഠത്തിൽ വന്ന്..." മൂപ്പച്ചനും പ്രിയോരുമാണ് 5 മണിക്കു വന്നത് സന്ന്യാസികളല്ല. മൂപ്പച്ചനും മറ്റും വെളുപ്പിനു വന്നത് പനമ്പു മഠത്തിൽ ഓരോ മുറിയും മറ്റും സജ്ജീകരിക്കുന്നതിനു വേണ്ടിയാണ്. പ്രസ്തുത നാളാഗമത്തിൽ എട്ടാം പേജിൽ എഴുതിയിട്ടുണ്ട്: "... 9 മണി ആയപ്പോൾ ഇതൊക്കെയും ക്രമപ്പെടുത്തി ഞങ്ങൾക്ക് ആളയയ്ക്കുകയും ചെയ്തു". "ചാവറയച്ചന്റെ സമ്പൂർണ കൃതികൾ" വാല്യം ഒന്ന്, പേജ് 126-ൽ ഈ വിവരം തന്നെ കൊടുത്തിട്ടുണ്ട്: "... കുംഭം 13 ചൊവ്വാഴ്ച അഞ്ചുമണി വെളുത്ത ഉടൻ പ്രി.ദെല: മൂപ്പനും കൂടെ (പേജ് 76) വേണ്ടിയതൊക്കെയും തൽക്കാലമായിട്ട് നമ്മുടെ പുതു സന്യാസിനികളുടെ നൊവിസ്യാത്തിൽ... ഒക്കെയും ആസ്ഥമാക്കി കഴിഞ്ഞപ്പോൾ ശ്രെഷ്ഠത്തിയും രണ്ടു കന്യാസ്ത്രീകളും ഒന്ന സഹായക്കാരത്തിയും. ഇവരു പള്ളിയിൽ ശുദ്ധ: കുർബ്ബാനയും കൈക്കൊണ്ട ആസ്ഥമായി നില്ക്കയിൽ മുൻപറഞ്ഞിരുന്നവണ്ണം ആളയച്ചു". ഇതിൽ നിന്ന് ആരാണ് തിരുത്തിയിരിക്കുന്നതെന്നു മനസ്സിലാക്കാം.

മറ്റൊരുദാഹരണം: പന്തപ്ലാക്കലച്ചന്റെ പുസ്തകത്തിൽ പത്തൊമ്പതാം പേജിന്റെ അവസാനം സി.സൂസിയെ കുറ്റപ്പെടുത്തിക്കൊണ്ട് എഴുതുന്നത്: "ഡിഫൻസിന്റെ സമയത്ത് സഭയിൽ കൊടുത്ത 9 പേജടങ്ങുന്ന സമ്മറിയിൽത്തന്നെ 10 പ്രാവശ്യം ചരിത്രരേഖകളെക്കുറിച്ച് നുണപ്രസ്താവനകൾ എന്നു സി.സൂസി എഴുതിയിരിക്കുന്നു" എന്നാണ്. ഈ കുറ്റപ്പെടുത്തൽ ചരിത്രത്തെക്കുറിച്ചുള്ള അച്ചന്റെ അജ്ഞത കൊണ്ടാണ്. സഭാചരിത്രരേഖകളിൽ എത്രയോ നുണകൾ എഴുതിച്ചേർത്തിരിക്കുന്നു! ഉദാഹരണം: 'False Decretals' തന്നെ. ഇതിനെക്കുറിച്ച് പന്തപ്ലാക്കൽ അച്ചൻ കേട്ടിട്ടുണ്ടോ എന്നറിയില്ല. ഈ ചരിത്ര

ഗ്രന്ഥം ക്രിസ്തുവർഷം 850-ഓടെ പ്രസിദ്ധപ്പെടുത്തിയതാണ്. ഇതിലും നല്ല ഉദാഹരണം സി.എം.ഐ സഭ തന്നെ നടത്തിയ അബദ്ധപ്രസ്താവനയാണ്. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മരിച്ചതും അടക്കം ചെയ്യപ്പെട്ടതും മാന്നാനത്താണെന്ന് വിശ്വവിജ്ഞാനകോശത്തിൽ അടിച്ചു വച്ചിരിക്കുന്നത് മഹാനുണയല്ലേ? പിന്നീട് അതു തിരുത്തി മറ്റൊരു വാല്യം പ്രസിദ്ധപ്പെടുത്തിയതുകൊണ്ട് എന്തു ഫലം? നുണപ്രസ്താവനയുള്ള വാല്യം വായിക്കുന്ന ഒരു ചരിത്രവിദ്യാർത്ഥി അതൊരു ചരിത്ര രേഖയാണെന്നു തെറ്റിദ്ധരിക്കാനാണ് ഏറ്റവും കൂടുതൽ സാദ്ധ്യത. ഇങ്ങനെയാണ് പല നുണകളും ചരിത്രമായി മാറുന്നത്. ചരിത്രം പഠിച്ച ഒരു വ്യക്തിയുടെ ധാർമ്മിക ഉത്തരവാദിത്വമാണ് ചരിത്രം രേഖപ്പെടുത്തുന്നതിൽ സംഭവിച്ചിട്ടുള്ള തെറ്റുകൾ വെളിച്ചത്തുകൊണ്ടുവരുകയും ചരിത്രം അന്യൂനമായി വരുംതലമുറകൾക്ക് പകർന്നുകൊടുക്കുകയും ചെയ്യുകയെന്നത്. അതാണ് സി. സൂസി ചെയ്തത്.

മറ്റൊന്ന്, ഫാ. പന്തപ്ലാക്കലിന്റെ പുസ്തകം ഇരുപതാം പേജിൽ സി.സൂസിയെ കുറ്റപ്പെടുത്തുന്നത്: മദർ ഏലീശ്വയാണ് സ്ഥാപക എന്നു സ്ഥാപിക്കാൻ സി.സൂസി ഉപയോഗിച്ചിരിക്കുന്ന ഒന്നാമത്തെ രേഖ ബ്രദർ ലെയോപ്പോൾഡ് എഴുതിയത് എന്നു പറയപ്പെടുന്ന രേഖകളാണ്... അതിലൂടെ മദർ ഏലീശ്വയാണ് മഠത്തിന്റെ സ്ഥാപക എന്നു തെളിയിക്കുന്ന രേഖ എഴുതിയുണ്ടാക്കിയ ബ്രദർ ജനിക്കുന്നത് 1882-ലാണ്. സമകാലികനല്ലാത്ത ഒരാൾ എഴുതിയ രേഖകൾക്ക് അനുഭവസ്ഥർ എഴുതിയ രേഖകളെക്കാൾ എന്തു വിലകല്പിക്കുവാൻ സാധിക്കും...!"

അപ്പോൾ, ഫാദർ പന്തപ്ലാക്കൽ മനസ്സിലാക്കിയിരിക്കുന്നത് മദർ ജനിച്ച വർഷം തന്നെ ബ്രദർ ലെയൊപ്പോൾഡും ജനിച്ചാലേ സമകാലികനാവുകയുള്ളൂ എന്നാണോ?!! 1913 ജൂലൈ 18-ന് മദർ ഏലീശ്വ മരണമടയുമ്പോൾ ബ്രദർ ലിയൊപ്പോൾഡിന് 31 വയസ്സ് പ്രായവും സന്ന്യാസിയായി വ്രതവാഗ്ദാനം കഴിഞ്ഞിട്ട് 8 വർഷവും പൂർത്തിയായിരുന്നു. ഇദ്ദേഹത്തെ എങ്ങനെ മദറിന്റെ സമകാലികനല്ല എന്നു പറയാനാവും? മാത്രമല്ല, ഒരു ചരിത്രപണ്ഡിതനും രചയിതാവും ഏഴുവാല്യങ്ങളുള്ള അനന്ത നിക്ഷേപം പോലുള്ള പ്രസിദ്ധമായ ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ രചിച്ചയാളുമാണദ്ദേഹം. മദർ ഏലീശ്വയുടെ സഹോദരനും പണ്ഡിതനുമായ ബഹുമാനപ്പെട്ട ലൂയിസ് വൈപ്പിശ്ശേരിയച്ചന്റെ സന്തതസഹചാരിയും സഹപ്രവർത്തകനുമായിരുന്ന ബ്രദർ ലെയൊപ്പോൾഡിന് മദർ ഏലീശ്വയെ അറിയാമായിരുന്നത്രയും ചാവറയച്ചന് അറിയാമായിരുന്നോ എന്നു സംശയമാണ്. സത്യം വളച്ചൊടിച്ച് അസത്യങ്ങളാക്കാൻ ശ്രമിക്കുന്ന പന്തപ്ലാക്കൽ അച്ചന്റെ ഗൂഢോദ്ദേശ്യം ഇവിടെയും വെളിപ്പെടുന്നു.



1890-ൽ വരാപ്പുഴ മെത്രാപ്പോലീത്താ ലെയൊനാർഡ് മെല്ലാനൊ റോമിലേക്കയച്ച കത്തുകളും സുറിയാനി മെത്രാന്റെ (അഡോൾഫ് മെഡ്‌ലിക്കോട്ട് സുറിയാനി മെത്രാനല്ല; തൃശൂർ വികാർ അപ്പസ്തോലിക്കയായിരുന്ന ലത്തീൻകാരൻ) എതിർവാദങ്ങളും പഠിച്ചതിനുശേഷം ഇന്ത്യയുടെ അപ്പോസ്തോലിക് വിസിറ്റർ സമർപ്പിച്ച റിപ്പോർട്ടിൻപ്രകാരം സുറിയാനിക്കാർക്കനുകൂലമായി കൂനമ്മാവു മഠവും വസ്തുക്കളും വിട്ടുകൊടുക്കണമെന്ന തീരുമാനവും നടപടികളുമാണ് റോമിൽ നിന്നുണ്ടായത്. ഇതു തെളിയിക്കുന്നത് മെല്ലാനൊ മെത്രാപ്പൊലീത്തായുടെ കത്തുകൾക്ക് റോം വിലകല്പിച്ചില്ല എന്നതാണല്ലോ"- ഇതാണ് ഫാ.പന്തപ്ലാക്കലിന്റെ മറ്റൊരു കണ്ടുപിടിത്തം (പേജ് 20).

ഇതിന്റെ കാരണം മനസ്സിലാക്കണമെങ്കിൽ കുറച്ചു പിന്നിലേക്കു പോകണം. റോക്കോസ് ശീശ്മയുടെ കാലം മുതൽ, അതിനു മുൻപും, ധാരാളം കത്തുകളും നിവേദനങ്ങളും കേരളത്തിൽ നിന്നു സുറിയാനി പാത്രിയാർക്കീസുമാർക്ക് ലഭിക്കുമായിരുന്നു. തങ്ങളുടെ സ്ഥിതിയെക്കുറിച്ച് ഏറെ അതിശയോക്തിപരമായ കത്തുകളായിരുന്നു അവ. തങ്ങളുടെ കാര്യസാധ്യത്തിനുവേണ്ടി ഏതറ്റംവരെ പോകാനും പാത്രിയാർക്കീസുമാരെ വിശ്വസിപ്പിക്കുന്ന തരത്തിലുള്ള കള്ളക്കത്തുകൾ എഴുതാനും മാർപാപ്പായുടെ കത്താണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന, തരത്തിലുള്ള അധികാരരേഖകൾ ചമയ്ക്കാനും ഇവരിൽ ചിലർ വിരുതന്മാരായിരുന്നു. ഉദാഹരണത്തിന്, ആന്റണി കുടക്കച്ചിറയും ആന്റണി തോണ്ടനാട്ടും. കർമ്മലീത്താ മിഷണറിമാർക്കെതിരായി നടന്ന Home Rule Movement -ന്റെ കാലത്ത് പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ടു നല്കുന്നതിനുവേണ്ടി റോം ഒരു വിസിറ്ററെ അയയ്ക്കുന്നുണ്ട്, ബോംബെ വികാർ അപ്പോസ്തോലിക്കയായിരുന്ന ബിഷപ്പ് ലെയൊ മൗരിൻ എസ്.ജെ. അദ്ദേഹം കൊച്ചിയിൽ എത്തുന്നതിനു മുൻപു തന്നെ ഇവിടെ ചരടുവലികൾ നടത്തിയിരുന്നു. നിഷ്പക്ഷമായി പ്രശ്നങ്ങൾ പഠിക്കുന്നതിന് സ്വതന്ത്രനായിരിക്കേണ്ട ബിഷപ്പ് മൗരിനെ, മിഷണറിമാരുടെ എതിർപ്പുകൾ അവഗണിച്ചുകൊണ്ട് മാന്നാനത്തേക്കു കൊണ്ടുപോയി. കൊച്ചിയിൽ അദ്ദേഹം വന്നിറങ്ങിയ ഉടനേ അദ്ദേഹത്തെ സ്വീകരിക്കാൻ സുറിയാനിക്കാർ വലിയ സന്നാഹങ്ങൾ ഒരുക്കിയിരുന്നു. കെട്ടുവള്ള

ങ്ങളും ഓടിവള്ളങ്ങളുമൊക്കെ കൊടി-തോരണങ്ങൾ കൊണ്ടലങ്കരിച്ച്, വാദ്യമേളങ്ങളുടെ അകമ്പടിയോടെ മാന്നാനത്തേക്ക് ആനയിച്ചു. മാസങ്ങളോളം അദ്ദേഹം അവരോടൊപ്പം മാന്നാനത്തു താമസിച്ച് അവർക്കനുകൂലമായും മിഷണറിമാർക്കെതിരായും റിപ്പോർട്ടുകൾ റോമിലേക്കയച്ചുകൊണ്ടിരുന്നു. റോം സത്യം മനസ്സിലാക്കിയപ്പോൾ നിഷ്പക്ഷനായ മറ്റൊരു വിസിറ്ററെ കേരളത്തിലേക്കയയ്ക്കേണ്ട സ്ഥിതി വന്നു. ലെയൊ മൗരിനെ, പിൻവലിക്കാതെതന്നെ, ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭാംഗമായ ഫാദർ ഇഗ്നേഷ്യസ് പെർസീക്കൊയെ കേരളത്തിലേക്കയച്ചു. ഇദ്ദേഹത്തിന്റെ സത്യസന്ധമായ നിരീക്ഷണത്തിൽ നിന്നു ലഭിച്ച അറിവുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട് സ്വീകരിച്ചുകൊണ്ടാണ് റോം പിന്നീട് തീരുമാനങ്ങളെടുക്കുന്നത്.

ഇതിൽ നിന്നു മനസ്സിലാകുന്നത്, ലെയൊ മൗരിനെപ്പോലുള്ള, അന്ത്രയാ അയൂത്തിയെപ്പോലുള്ള യൂറോപ്യൻ അധികാരികളെ സ്വാധീനിക്കാനും തെറ്റിദ്ധരിപ്പിക്കാനും ഇവർ വിദഗ്ധരായിരുന്നു എന്നാണ്. അതിനുവേണ്ടി ഏതു മാർഗം സ്വീകരിക്കാനും ഇവർ വിരുതന്മാരായിരുന്നു. കൂനമ്മാവ് കൊവേന്ത സുറിയാനിക്കാർക്കു ലഭിക്കാതിരുന്ന സാഹചര്യത്തിൽ കൂനമ്മാവുമഠംകൂടി അവർക്കു നഷ്ടപ്പെട്ടാൽ പ്രത്യാഘാതം വലുതായിരിക്കുമെന്ന് അയൂത്തിയെക്കൊണ്ട് റിപ്പോർട്ടെഴുതിക്കാനുള്ള ഗൂഢതന്ത്രങ്ങൾ ഉപയോഗിച്ചിട്ടുണ്ടെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അവരെ പ്രീണിപ്പിക്കുന്നതിനും ശീശ്മയിൽപ്പെടാതെ പിടിച്ചുനിർത്തുന്നതിനും വേണ്ടിയാണ് കൂനമ്മാവുമഠം സുറിയാനി സിസ്റ്റേഴ്സിനു നല്കാൻ റോം തീരുമാനമെടുത്തത്.

ഈ മഠം, തെറ്റായ റിപ്പോർട്ടുകളയച്ചും അബദ്ധപ്രചാരണങ്ങളിലൂടെയും അയൂത്തിയെ സ്വാധീനിച്ചും തൃശൂർ വികാരിയാത്തിന്റെ കീഴിലാക്കിയതിന്റെ, സാമാന്യ മര്യാദയെപ്പോലും വെല്ലുവിളിക്കുന്ന അനീതിയെക്കുറിച്ച് സാധാരണജനങ്ങൾക്കുപോലും മനസ്സിലാകും.

ലത്തീൻസന്ന്യാസിനികളായ മദർ ഏലീശ്വയുടെയും അന്നയുടെയും ത്രേസ്യയുടെയും സമ്പത്തുപയോഗിച്ച് (മറ്റു ചിലരുടെ ചെറിയ സംഭാവനകൾ നിഷേധിക്കുന്നില്ല) സ്ഥാപിച്ച കൂനമ്മാവു മഠം എങ്ങനെ, ഇതാരംഭിക്കാൻ മുൻകൈയെടുത്ത വരാപ്പുഴ വികാർ അപ്പസ്തോലിക്കയുടെ ആസ്ഥാനമായ - കൂനമ്മാവിൽ നിന്നു കേവലം മൂന്നു കിലോമീറ്റർ തെക്കു സ്ഥിതിചെയ്യുന്ന - വരാപ്പുഴയുടെ അധീനതയിൽ നിന്ന്, ഏകദേശം 75 കിലോമീറ്റർ വടക്കു സ്ഥിതിചെയ്യുന്ന, കൂനമ്മാവു മഠ



സ്ഥാപനവുമായി ഒരു ബന്ധവുമില്ലാതിരുന്ന തൃശൂർ വികാരിയാത്തിന്റെ ഭാഗമാണെന്നു പറയുന്നതിന്റെ ഔചിത്യം മനസ്സിലാക്കാനാവും.

കൂനൻകുരിശുശപഥത്തിനുശേഷം വിഭജിക്കപ്പെട്ട കേരളസഭയെ അനുരഞ്ജനപ്പെടുത്തി ഒന്നിച്ചു കൊണ്ടുപോകാൻ പ്രാദേശിക സഭയും സാർവത്രികസഭയും ശ്രമിച്ചുവെന്നതു സത്യം. എന്നാൽ, ഈ ശ്രമങ്ങൾക്കിടയിൽ ലത്തീൻസഭയ്ക്ക് വേണ്ടത്ര പരിഗണന കിട്ടിയോ എന്നു സംശയം. കൂനൻകുരിശു ശപഥത്തിലൂടെ വലിയൊരു വിഭാഗം സുറിയാനിക്കാർ വേർപെട്ടുപോയെങ്കിൽ, വിശ്വസ്തതയിൽ നിലനിന്ന ലത്തീൻ വിഭാഗം കൂടെയുണ്ടല്ലോ എന്ന ചിന്തകൊണ്ടായിരിക്കാം അതിനു വേണ്ടത്ര ശ്രദ്ധകൊടുക്കാതിരുന്നതും. വിഘടിച്ചു പോയി, പിന്നീട് തിരിച്ചുവന്നവരെ പ്രീതിപ്പെടുത്താനുള്ള മനോഭാവം അന്നുമുതൽ ഇന്നുവരെ നിലനില്ക്കുന്നില്ലേയെന്ന് ചിന്തിച്ചു പോകുന്നു. ഒരിക്കൽ പിരിഞ്ഞുപോയി പിന്നീടു തിരിച്ചുവന്ന കല്ദായ സുറിയാനി വിഭാഗത്തോടു പ്രത്യേക വാത്സല്യം കാണിക്കുന്ന ഒരു പ്രവർത്തനശൈലി. അവർ വീണ്ടും പിരിഞ്ഞുപോകുമോ എന്ന ഭയമാണോ ഇതിന്റെ പിന്നിലെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഈ സുറിയാനിപ്രീണനതന്ത്രമല്ലേ അപ്പസ്തോലിക് ഡലഗേറ്റ് അന്ത്രയാ അയൂത്തി കൂനമ്മാവ് മഠത്തിന്റെ കാര്യത്തിൽ പ്രയോഗിച്ചത്? കൂനമ്മാവ് മഠവും സ്വത്തുക്കളും സുറിയാനിക്കാർക്കു നല്കാൻ ഒരു കാരണവുമില്ലെങ്കിലും ഏതുവിധേനയും അത് അവർക്കു നല്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. സുറിയാനി റീത്തിൽപ്പെട്ട ജനങ്ങളുടെ (സി.എം.ഐ., സി.എം.സി സന്ന്യാസികളുടെ എന്ന് എന്ന് തിരുത്തി വായിക്കുക) പ്രക്ഷോഭണം ശക്തമായിരിക്കുമെന്നും ലത്തീൻ വിഭാഗത്തിന്റെ എതിർപ്പ് (അവർ കത്തോലിക്കാ ചൈതന്യത്തിൽ ജീവിക്കുന്നവരായതു കൊണ്ട്!!) സാവധാനം അപ്രത്യക്ഷമായിക്കൊള്ളുമെന്നുമാണ് പ്രൊപ്പഗാന്താ ഫീദെയ്ക്ക് അയച്ച ഇറ്റാലിയൻ ഭാഷയിലുള്ള അയൂത്തിയുടെ കത്തിന്റെ ഉള്ളടക്കം.

വരാപ്പുഴ ഭരിച്ചിട്ടുള്ള മിക്കവാറും എല്ലാ വികാർ അപ്പസ്തോലിക്കമാരും ഈ സുറിയാനിപ്രീണനം നടത്തിയിട്ടുള്ളവരാണ്. ഇതിനൊരപവാദം ലെയൊനാർഡ് മെല്ലാനൊ മെത്രാപ്പോലീത്താ മാത്രം. അദ്ദേഹം തന്റെ താമസം മഞ്ഞുമ്മൽ ലത്തീൻ കർമ്മലീത്താ ആശ്രമത്തിലേക്കു മാറ്റിയതുകൊണ്ട് സുറിയാനിക്കാരുടെ ശത്രുത അദ്ദേഹത്തിനു നേരിടേണ്ടി വന്നു. ചെറുപ്പക്കാരായ ചില സി.എം.ഐ സന്ന്യാ

സികൾ, എല്ലാ സന്ന്യാസ ചൈതന്യവും ഉപേക്ഷിച്ചുകൊണ്ട് മെല്ലാനൊ മെത്രാപ്പോലീത്തയ്ക്കും കർമ്മലീത്താമിഷണറിമാർക്കും എതിരായി പ്രക്ഷോഭണം അഴിച്ചുവിട്ടു.

മാതാവിന്റെ ഹൃദയത്തിലൂടെ കടന്നുപോയ ഏഴുവ്യാകുലവാളു പോലെ, ലെയൊനാർഡ് മെത്രാപ്പോലീത്തയുടെ ഹൃദയം മുറിപ്പെടുത്തിയ ഏഴു വ്യാകുലങ്ങളായിരുന്നു അവർ. ചാവറ കുര്യാക്കോസ് അച്ചനുശേഷം പ്രിയോർ സ്ഥാനമേറ്റെടുത്ത ബഹു. സിറിയക് ഓഫ് സെന്റ് എലിസേവൂസും സഹോദരങ്ങളും കൂടി പ്രൊപ്പഗാന്തയ്ക്കെഴുതിയ ഒരു കത്തിൽ ഈ യുവസന്ന്യാസിമാരുടെ വിധ്വംസക പ്രവർത്തനങ്ങളെക്കുറിച്ചും സഭയിലെ അനൈക്യത്തിന് ഇവർ കാരണമാകുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട് (1875 ഡിസംബർ 16-ാം തീയതി, സിറിയൻ ഭാഷയിൽ എഴുതിയ കത്തും അതിന്റെ ലത്തീൻ പരിഭാഷയും ഇപ്പോഴും റോമിലെ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുണ്ട്).

സ്വന്തം ആശയങ്ങൾ സ്ഥിരീകരിച്ചെടുക്കുന്നതിനു വേണ്ടി സത്യം വളച്ചൊടിക്കാനും സത്യത്തിനും നീതിക്കും വിരുദ്ധമായി ഏതറ്റംവരെ പോകാനും ഒരുവിധ മനസ്സാക്ഷിക്കടിയും ഇല്ലാത്തവരാണ് ഇവരിൽ പലരും. ഉദാഹരണത്തിന്, ഒരു ചെറിയ സംഭവം ഓർക്കുന്നു. കോട്ടയത്ത്, അഃധകൃതരുടെ അപ്പസ്തോലനെന്നു വിളിക്കപ്പെടുന്ന, മഞ്ഞുമ്മൽ സഭാംഗമായ ബ്രദർ റോക്കി പാലക്കൽ, തന്റെ സന്ന്യാസ ജീവിതം ആരംഭിക്കുന്നത് സുറിയാനി സന്ന്യാസികൾക്കൊപ്പമാണ്. എന്നാൽ 1887-ലെ ലത്തീൻ സുറിയാനി വിഭജനത്തിനു ശേഷം അദ്ദേഹം മഞ്ഞുമ്മൽ ലത്തീൻ സഭാംഗമായി.

ബ്രദർ റോക്കി തന്റെ ചോരയും നീരും ഒഴുക്കി പാവങ്ങൾക്കു വേണ്ടി പണികഴിപ്പിച്ചതാണ് കോട്ടയം പള്ളിക്കുന്നു പള്ളിയും അതിനു ചുറ്റുമുള്ള സ്ഥലങ്ങളും. എന്നാൽ 1887-ലെ ലത്തീൻ-സുറിയാനി വിഭജനത്തിനു ശേഷം, പാവപ്പെട്ട ബ്രദർ റോക്കി ഭിക്ഷയാചിച്ചും മറ്റും സ്ഥലം കണ്ടെത്തി പണിതുയർത്തിയ ഈ ദേവാലയവും സ്ഥലങ്ങളും കൈയടക്കാൻ ചില ശ്രമങ്ങൾ നടക്കുകയുണ്ടായി. ഇതിനു പിന്നിൽ പ്രവർത്തിച്ചത് ചാണക്യതന്ത്രജ്ഞനും ധാർമ്മികബോധം തൊട്ടുതീണ്ടിയിട്ടില്ലാത്തയാളും കോട്ടയം വികാർ അപ്പസ്തോലിക്കയായിരുന്ന ചാൾസ് ലവീഞ്ഞു മെത്രാന്റെ വികാർ ജനറലുമായ സുറിയാനി വൈദികൻ നിധീരിക്കൽ മാണിക്കത്തനാർ ആയിരുന്നു. ഇതിനു വേണ്ടി ബ്രദർ റോക്കിയുടെ ദേവാലയത്തിൽ, ലവീഞ്ഞു മെത്രാനെക്കൊണ്ട് ഒരു



ഔദ്യോഗിക സന്ദർശനം മാണിക്കത്തനാർ ആസൂത്രണം ചെയ്തു. ഔദ്യോഗികസന്ദർശനമായിരുന്നെന്ന് അംഗീകരിക്കപ്പെട്ടാൽ അതു പിന്നെ ആ മെത്രാന്റെ കീഴിലാകുമല്ലോ. എന്നാൽ ബ്രദർ റോക്കിയെ സഹായിച്ചിരുന്ന പോസ്റ്റുമാസ്റ്റർ മി. ലീൻ ഈ ഗൂഢതന്ത്രത്തെക്കുറിച്ച് മനസ്സിലാക്കി ബ്രദറിനെ ഉപദേശിച്ചു. അതിനാൽ അന്ന് ഔദ്യോഗിക സന്ദർശനത്തിന് ആവശ്യമായിരുന്ന സർപ്ലീസ്, സ്റ്റോൾ, കുരിശുരൂപം, ഹന്നാൻ വെള്ളം എന്നിവയൊന്നും നല്കിയില്ല. അതുകൊണ്ട് മെത്രാൻ ദേവാലയത്തിൽക്കയറി മുട്ടുകുത്തി പ്രാർത്ഥിച്ചശേഷം ജനങ്ങളെ ആശീർവദിച്ച് തിരിച്ചുപോയി. ഇതുപോലുള്ള തന്ത്രങ്ങൾ ഇനിയും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ബ്രദർ റോക്കി 250 പുതുക്രിസ്ത്യാനികളുടെ പേരിൽ റോമിലേക്ക് ഒരു നിവേദനം അയയ്ക്കുകയും 1889 ജൂൺ മാസത്തിൽ വിശ്വാസപ്രചാരണതിരുസംഘം ചേർന്ന് ഈ പള്ളി ലത്തീൻ കാരുടേതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

എന്നാൽ മാണിക്കത്തനാരും മറ്റും വെറുതെയിരുന്നില്ല. ഇതിനു പ്രതികാരമായി ബ്രദർ റോക്കിയെ മാന്നാനം ആശ്രമത്തിൽ കൊണ്ടുപോയി ശിക്ഷിക്കാൻ തന്ത്രങ്ങൾ തയ്യാറാക്കിയിരുന്നു. ദൈവകൃപയാൽ മാത്രമാണ് ദെലെഗാദ് അപ്പസ്തോലിക്കയ്ക്കു ലഭിച്ച നിവേദനത്തിന്റെ ഫലമായി അദ്ദേഹം ബ്രദർ റോക്കിയെ മഞ്ഞുമ്മൽ സഭാംഗമായി നിശ്ചയിച്ചതും മാണിക്കത്തനാരുടെയും മറ്റും പ്രതികാരതന്ത്രങ്ങൾ അവ്വിധം പൊളിഞ്ഞതും.

## ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ

ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ വിശുദ്ധനായ ഒരു സന്ന്യാസി ആയിരുന്നെന്ന കാര്യത്തിൽ ഒരുവിധ സംശയവുമില്ല. പക്ഷേ, അദ്ദേഹത്തിന്റെ വിശുദ്ധിയെ അതിഭാവുകത്വം കൊണ്ട് നിറയ്ക്കാനും, കേരളത്തിലെ എല്ലാ ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെയും ഉപജ്ഞാതാവ് ചാവറയച്ചനാണെന്നു വരുത്തിത്തീർക്കാനും, ഈ സന്ന്യാസസഭക്കാർ ചെയ്യുന്ന തന്ത്രങ്ങളും വളച്ചൊടിച്ച ചരിത്രകഥകളും മറ്റും അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്കുയർത്തുന്നതിന് പ്രതികൂലമായി ഭവിക്കുന്നില്ലേ എന്നു സംശയിക്കുന്നു. പരിശുദ്ധാത്മാവിനെ കബളിപ്പിക്കാൻ മനുഷ്യകുലത്തിനാവില്ലല്ലോ!

ഒരേ വർഷം, ഒരേ ദിവസം ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവർ എന്ന പദവിയിലേക്ക് ഉയർത്തിയവരാണ് ചാവറ

കുര്യാക്കോസ് ഏലിയാസച്ചനും അൽഫോൻസാമ്മയും. താരുണ്യ ത്തിൽത്തന്നെ സഹനത്തിന്റെ തീച്ചൂളയിൽ സ്ഫുടം ചെയ്യപ്പെട്ട് വിശു ദ്ധിയുടെ സോപാനത്തിലേക്കുയരാൻ അൽഫോൻസാമ്മയ്ക്കു കഴി ഞ്ഞു. എന്നാൽ കേരളകത്തോലിക്കാസഭയിൽ ആദ്ധ്യാത്മിക - സാമൂ ഹിക പരിവർത്തനങ്ങളുടെ ഉപജ്ഞാതാവ് ചാവറയച്ചനാണെന്നു വരു ത്തിത്തീർക്കാൻ വേണ്ടി നടക്കുന്ന കള്ളക്കളികളും അബദ്ധപ്രചാരണ ങ്ങളുമാണ് അദ്ദെഹത്തെ വിശുദ്ധപദവിയിലേക്കുയർത്തുന്നതിൽ പ്രതി ബന്ധമായി നില്ക്കുന്നത് എന്നാണെന്റെ വിശ്വാസം.

ചാറവയച്ചൻ പോലും ചിന്തിക്കാത്ത കാര്യങ്ങളാണ് പല സുറി യാനിസഭാനേതാക്കന്മാരും സുറിയാനിചരിത്രകാരന്മാരും സി.എം.സി സന്ന്യാസസഭയിലെ നല്ലൊരു ശതമാനം പേരും അദ്ദേഹത്തിന്റെമേൽ കെട്ടിവച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ തോളിലേറ്റി വച്ചിരിക്കുന്ന ചില ഭാരങ്ങളും അവയുടെ നിജസ്ഥിതിയും വ്യക്തമാക്കാം.

1. **ചാവറ കുരിയാക്കോസ് അച്ചനാണോ സി.എം.ഐ. സഭയുടെ യഥാർത്ഥ സ്ഥാപകൻ?**

കേരളത്തിലെ ആദ്യത്തെ സന്ന്യാസസമൂഹം സ്ഥാപിക്കുന്ന തിന് മുൻകൈ എടുക്കുന്നത് തോമസ് പാലക്കൽ കത്തനാരും തോമസ് പോരൂക്കര കത്തനാരുമാണ്. സന്ന്യാസജീവിതം നയിക്കണമെന്ന ആഗ്രഹം മനസ്സിൽ താലോലിച്ചു നടന്ന്, അവസാനം മൗറേലിയൂസ് സ്തബിലീനി മെത്രാൻ ഒരു തപസുഭവനം പണിയാൻ അനുവാദം നല്കി യതിനുശേഷമാണ് ചാവറയച്ചനും മറ്റുള്ളവരും ഇവരോടൊപ്പം ചേരു ന്നത്. ചാവറയച്ചന്റെ സമ്പൂർണ കൃതികൾ എന്ന ഗ്രന്ഥം ഒന്നാം വാല്യം ഏഴു മുതലുള്ള പേജുകൾ വായിച്ചാൽ ഇതിന്റെ സ്ഥാപകർ ആരാ ണെന്നും സഹകരിച്ചവർ ആരൊക്കെയാണെന്നും മനസ്സിലാകും.

മാന്നാനത്ത് കൊവേന്തയ്ക്കു കല്ലിടുന്നത് തോമസ് പോരൂക്കര അച്ചനാണ്. ഈ കർമ്മങ്ങളിൽ പങ്കെടുത്തവരിൽ ചാവറയച്ചനും ഉണ്ടാ യിരുന്നു. കൂടാതെ, മാന്നാനത്ത് സന്ന്യാസജീവിതം ആരംഭിക്കുമ്പോൾ അർത്തുങ്കൽക്കാരനായ ഫാദർ പാസ്കൾ എന്നു പേരുള്ള ഒരു ലത്തീൻകാരനുമുണ്ടായിരുന്നു. ലത്തീൻകാരനായതുകൊണ്ടാകാം ചരി ത്രമെഴുതുന്ന പലരും ഈ പേര് വിസ്മരിക്കയാണു പതിവ്! ഈ സന്ന്യാ സസഭയെ ഔദ്യോഗികമായി അംഗീകരിച്ചപ്പോൾ മുതലാണ് ചാവറയ ച്ചൻ നേതൃത്വം ഏറ്റെടുക്കുന്നത്. കാരണം അപ്പോഴേക്കും പാലക്കൽ



അച്ചനും പോരൂക്കര അച്ചനും കാലയവനികയ്ക്കു പിന്നിൽ മറഞ്ഞു കഴിഞ്ഞിരുന്നു.

2. **കേരളത്തിൽ പള്ളികൾ തോറും പള്ളിക്കൂടങ്ങൾ പണിയാൻ മുൻകൈ എടുത്തത് ചാവറയച്ചനാണെന്ന അബദ്ധ പ്രചാരണം.**

ഒരു രൂപതയിലായാലും വികാരിയേറ്റിൽ ആയാലും പൊതു വായ ഒരു നിയമം, അല്ലെങ്കിൽ ഒരു നിർദ്ദേശം നടപ്പാക്കാൻ രൂപതാദ്ധ്യ ക്ഷനു മാത്രമേ അധികാരമുള്ളൂ. പള്ളികൾ തോറും പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്ന ആശയം കൊണ്ടുവരുകയും അതു പ്രാവർത്തിക മാക്കുന്നതിനുവേണ്ടി ഇടയലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തത് ആദ്യം ബെർണർഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്തായാ ണ്. പിന്നീട് ലെയൊനാർഡ് മെത്രാപ്പോലീത്തായാണ് തന്റെ മുൻഗാമി യെക്കാൾ ശക്തമായ വാക്കുകളിൽ ഇതിനുവേണ്ടി പല ഇടയലേഖന ങ്ങളും പ്രസിദ്ധപ്പെടുത്തിയത്. സുറിയാനിക്കാരുടെ വികാരി ജനറൽ എന്ന നിലയിൽ ഈ മെത്രാൻമാരുടെ നിർദ്ദേശങ്ങൾ സുറിയാനിക്കാ രുടെ പള്ളികളിൽ പ്രാവർത്തികമാക്കാൻ ചാവറയച്ചൻ മുൻകൈ എടുത്തു എന്നു മാത്രം.

3. **40 മണിക്കൂർ ആരാധന ആരംഭിച്ചത് ചാവറയച്ചനോ?**

യൂറോപ്പിൽ നൂറ്റാണ്ടുകൾക്കു മുൻപ് ആരംഭിച്ച '40 മണിക്കൂർ ആരാധന' എന്ന ഭക്തകൃത്യം, ചാറവയച്ചനാണ് കേരളത്തിൽ ആദ്യ മായി കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിൽ ആരംഭിച്ച തെന്ന അവകാശവാദം സത്യത്തിനു വിരുദ്ധമായ പ്രചാരണമാണ്. പാറ പ്പുറത്ത് വർക്കിയച്ചന്റെ ഡയറിയുടെ മൂന്നാം വാല്യം 155-ാം നമ്പർ മുതൽ വായിച്ചാൽ മനസ്സിലാകും, 40 മണിക്കൂർ ആരാധനയുടെ ആരംഭം എങ്ങനെയായിരുന്നെന്ന്. ചാവറ കുര്യാക്കോസ് ഏലിയാസച്ചനെക്കു റിച്ച് ഒരു വാക്കു പോലും അദ്ദേഹം എഴുതുന്നില്ല. കൂനമ്മാവ് കൊവേ ന്തയിലെ സന്ന്യാസികളുടെ ആദ്ധ്യാത്മികപിതാവായി നിയമിക്കപ്പെട്ട ബഹുമാനപ്പെട്ട ലെയോപ്പോൾഡ് മിഷണറിയാണ്, യൂറോപ്യൻ ദേവാ ലയങ്ങളിൽ നടത്തപ്പെട്ടിരുന്ന 40 മണി ആരാധനയെക്കുറിച്ച് വെളിപ്പെ ടുത്തുന്നതും അതു കൂനമ്മാവു ദേവാലയത്തിൽ ആരംഭിക്കുന്നതിന് മുൻകൈ എടുക്കുന്നതും. അദ്ദേഹം തന്നെയാണ് ഇതിനുവേണ്ട അനു വാദം വരാപ്പുഴ വികാർ അപ്പസ്തോലിക്ക ബെർണർഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്തായിൽ നിന്ന് ചോദിച്ചുവാങ്ങുന്നതും. യൂറോപ്പിൽ നട

ത്തുന്ന രീതിയിൽനിന്ന് ചില ഭേദഗതി വരുത്തുന്നതും സമയക്രമം നിശ്ച യിച്ചതും ബെർണർഡീൻ മെത്രാപ്പോലീത്ത തന്നെയാണ്.

കൂനമ്മാവിൽ ആരംഭിച്ച ആദ്യത്തെ ഏതദ്ദേശീയ സന്ന്യാസിനീ സഭയുടെ സ്ഥാപകൻ ചാവറ കുര്യാക്കോസ് അച്ചനാണെന്നു കാണി ക്കാനാണല്ലോ ഫാദർ പന്തപ്ലാക്കലും മറ്റും ഇത്രമാത്രം ബദ്ധപ്പെടുന്നത്. 'സത്യമേവ ജയതേ' എന്ന ആപ്തവാക്യം മറക്കാതിരിക്കുക. ആ പാവ പ്പെട്ട ലത്തീൻ സന്ന്യാസിനികളുടെ സ്വത്തിൽ പണികഴിപ്പിച്ച മഠം മാനു ഷികമായി ചിന്തിച്ചാൽ ഏറ്റവും ക്രൂരമായി അവരിൽ നിന്നു പിടിച്ചെടു ക്കുകയും അവരെ അവിടെ നിന്ന് ആട്ടിയോടിക്കുന്നതിന് മുൻകൈ എടുക്കുകയും ചെയ്ത തൃശൂർ വികാർ അപ്പസ്തോലിക്കയും അപ്പ സ്തോലിക് വിസിറ്റർ അന്ത്രയാ അയൂത്തിയും മാത്രമല്ല തെറ്റുകാർ. ഈ നാടിനെക്കുറിച്ചും നാട്ടുനടപ്പിനെക്കുറിച്ചും റീത്തുവ്യത്യാസങ്ങ ളെക്കുറിച്ചും അജ്ഞരായിരുന്ന അവരെ തെറ്റിദ്ധരിപ്പിച്ചും അതുവഴി റോമിനെ വഴിതെറ്റിച്ചും, സന്ന്യാസചൈതന്യത്തിന് അപവാദങ്ങളായ വരുടെ പ്രവൃത്തികളെ എങ്ങനെ വിശേഷിപ്പിക്കാനാവും? ഷേക്സ്പി യറിന്റെ വാക്കുകൾ കടമെടുത്തുകൊണ്ടു പറയാം: "It was the most unkindest cut of all!"

ഇപ്പോഴും ഞാൻ പറയുന്നു, സി.എം.സി., സി.എം.ഐ സന്ന്യാ സിനീസന്ന്യാസികൾക്ക് (എല്ലാവരുമല്ല; ഇവരിൽ സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന ധാരാളം പേരുണ്ട്.) അല്പമെങ്കിലും ധാർമ്മികബോധമുണ്ടെങ്കിൽ, സന്ന്യാസചൈതന്യത്തിന്റെ അല്പമെ ങ്കിലും തുടിപ്പുകൾ ഹൃദയത്തിൽ ബാക്കിയുണ്ടെങ്കിൽ, നിങ്ങൾ യാഥാർ ത്ഥ്യം മനസ്സിലാക്കി സത്യം തുറന്നുപറയാൻ സന്നദ്ധരാകുക. ഇതു തന്നെയാണ് ഫാദർ പന്തപ്ലാക്കലിനോടും എനിക്കു പറയാനുള്ളത്: സത്യം എത്ര വളച്ചൊടിച്ചാലും, ചരിത്രരേഖകൾ എത്ര manipulate ചെയ് താലും, ദൈവത്തിന്റെ നീതിപീഠത്തിനു മുൻപിൽ നാം ഒരു ദിവസം നില്ക്കേണ്ടി വരും; സത്യം.

**ഡോ. ഫ്രാൻസിസ് പേരേപ്പറമ്പിൽ ഒ.സി.ഡി.**
പ്രൊഫസർ, ചർച്ച് ഹിസ്റ്ററി